ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,

21. ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,24,74,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസ്ഫ് : സർ,

22. ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,24,74,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ : സർ,

23. ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,24,74,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

24. ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,24,74,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മത്തായി ചാക്കോ : സർ,

1. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച് കൃഷി വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നോട്ടീസുകൾ ലഭിച്ച കർഷകർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

2. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വരൾച്ച ബാധിത സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രസഹായം ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

3. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വരൾച്ച സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് യഥാസമയം കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കാത്തതിന്റെ ഫലമായി കർഷകർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന നഷ്ടത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

4. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വരൾച്ച ബാധിത സ്ഥലങ്ങളെ വരൾച്ച ബാധിതമായി പ്രഖ്യാപിക്കാൻ തയ്യാറാകാത്തതിനാൽ കേന്ദ്രസഹായം ലഭിക്കാതെ പോയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ : സർ,

5. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിലുള്ളതായി പറയപ്പെടുന്ന റവന്യൂ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

6. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൃഷിനാശംമൂലം ഉള്ളതെല്ലാം വിറ്റിട്ടും കടം വീട്ടാൻ കഴിയാതെ നൂറുകണക്കിന് കൃഷിക്കാർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

7. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കാലവർഷക്കെടുതികൾമൂലം നാശനഷ്ടങ്ങൾ ഉണ്ടായ കുടുംബങ്ങളെ സഹായിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ,

8. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ദുരിതാശ്വാസത്തിന്റെ പേരിൽ സമാഹരിച്ച തുകയുടെ വിനിയോഗത്തിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

9. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മുൻവർഷം കാലവർഷം ചതിച്ച കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കേന്ദ്രത്തിൽ യഥാസമയം സമ്മർദ്ദം ചെലുത്തുന്നതിലുണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ,

10. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും, ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരവും ലഭിച്ച തുക ചെലവാക്കുന്നതിനു വന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ : സർ,

11. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കടക്കെണിയിൽപ്പെട്ട് ദിനംപ്രതി ആളുകൾ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ,

12. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേന്ദ്രസർക്കാർ 2000 കോടിയോളം രൂപ വരൾച്ച ദുരിതാശ്വാസം പ്രഖ്യാപിച്ചതിൽ കേരളത്തിന് വിഹിതം ലഭിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

13. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശങ്ങൾ സംഭവിച്ചവർക്കും മതിയായ സാമ്പത്തിക സഹായം ലഭിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

14. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

15. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് യഥാസമയം സഹായങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. സി. കബീർ : സർ,

16. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,

17. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ് : സർ,

18. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

19. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

20. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ,

21. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

22. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

23. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,03,78,67,000 കോടിയിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരായൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ സംസ്ഥാന ഭരണത്തിൽ ധനമാനേജുമെന്റ് എന്നു പറയുന്നത് ഇല്ലെന്നുമാത്രമല്ല, അങ്ങേയറ്റം പിടിപ്പുകേടും ക്രമക്കേടുമാണ് നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം ഈ സഭയെ സ്തംഭിപ്പിച്ച കാര്യമാണ് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ പണം വകുപ്പുദ്യോഗസ്ഥന്മാർ മന്ത്രിയുടെ നിർദ്ദേശാനുസരണം സ്വന്തം കയ്യിൽ സൂക്ഷിച്ചു എന്നുള്ളത്. വലിയ നിലയിലുള്ള ക്രമക്കേടാണ് അന്ന് നടന്നതെങ്കിൽ അതാവർത്തിക്കാതിരിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി അന്നു പറഞ്ഞത്. ഇപ്പോൾ പുറത്തു വന്നിട്ടുള്ള കാര്യം റവന്യൂ വകുപ്പിന്റെ കീഴിലുള്ള 19 തഹസീൽദാർമാരടക്കമുള്ള ഉദ്യോഗസ്ഥന്മാർ 50 കോടിയിലധികം രൂപ സ്വന്തം കയ്യിൽ സൂക്ഷിച്ചതായിട്ടുള്ള വിവരങ്ങളാണ്. ടി.പി. അക്കൗണ്ട് നിർത്തലാക്കിയതിനുശേഷം ആവശ്യത്തിനുള്ള പണം നേരത്തേ ചെലവഴിച്ച് ബാക്കി തുക ട്രഷറിയിൽ അടയ്ക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. പക്ഷേ, ഇപ്പോൾ ഇതെല്ലാം അവഗണിച്ചുകൊണ്ടാണ് 50 കോടി 33 ലക്ഷം രൂപ ഇങ്ങനെ ക്രമരഹിതമായി 19 തഹസീൽദാർ അടക്കമുള്ള ഉദ്യോഗസ്ഥന്മാർ കൈവശം വച്ചിട്ടുള്ളത്. ഇങ്ങനെ ഗുരുതരമായ ക്രമക്കേടാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ധനമാനേജുമെന്റ് സംബന്ധിച്ചുള്ള വകുപ്പിന്റെ നിർദ്ദേശങ്ങളടക്കം കാറ്റിൽ പറത്തിക്കൊണ്ടാണ് റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരടക്കം പെരുമാറിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ തവണ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിൽ മന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് ഇത്തരം ക്രമക്കേട് നടന്നതെങ്കിൽ അങ്ങനെയുള്ള വിവിധ വകുപ്പുകളിൽ മന്ത്രിമാർ ഉദ്യോഗസ്ഥന്മാർക്ക് തന്നിഷ്ടംപോലെ ഗവൺമെന്റിന്റെ പണം ഉപയോഗിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. റവന്യൂ വകുപ്പിൽ ഇപ്പോൾ ലാൻഡ് റവന്യൂ പിരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിനുപരിയായി രാഷ്ട്രീയ ആവശ്യങ്ങൾക്കുവേണ്ടി ഫണ്ട് പിരിക്കാനടക്കം റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കേരള കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ജോസ് മാണിയുടെ കേരള യാത്രയ്ക്കുവേണ്ടി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ചുകൊണ്ടാണ് ഫണ്ട് പിരിച്ചത്. മാണിയും മണിയും തമ്മിലുള്ള വ്യത്യാസം ഒരു ദീർഘത്തിന്റേതുമാത്രമാണ്. Money collection for Kerala Congress അതാണ് റവന്യൂ വകുപ്പിന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുന്നത്. വില്ലേജ് ഉദ്യോഗസ്ഥരെ ഉപയോഗിച്ചുകൊണ്ട് തെക്കൻ മേഖലയിലെ വിവിധ ജില്ലകളിൽ നിന്നും ഫണ്ട് പിരിച്ചതായി വാർത്തകൾ വന്നിട്ടുണ്ട്. അപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്.ന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണത്തിൻകീഴിൽ ഈ തരത്തിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരെ ഉപയോഗിച്ചു കൊണ്ട് ഫണ്ട് പിരിവ് നടത്തുകയാണ്. ***റവന്യൂ വകുപ്പുദ്യോഗസ്ഥന്മാരെ ഉപയോഗിച്ചുകൊണ്ട് ഈ യാത്രയ്ക്കുവേണ്ടി ഫണ്ട് പിരിച്ചതായി. വിവരം പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്ത് ലാൻഡ് റവന്യൂ അനുസരിച്ചുള്ള പിരിവല്ല നടക്കുന്നത്, ഫണ്ട് പിരിവാണ് നടക്കുന്നത് .....(ബഹളം).....

മി. സ്പീക്കർ : ശ്രീ. പി. ജയരാജൻ, എന്തെങ്കിലും ആരോപണമുണ്ടെങ്കിൽ അത് നേരത്തേ എഴുതി തരണ്ടേ ? എഴുതി തരാതെയുള്ള ആരോപണങ്ങൾ അനുവദിക്കാറില്ല. ആരോപണമാണെങ്കിൽ അത് രേഖയിൽ കാണില്ല....(ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, I want to raise a point of order. ഇവിടെ നിയമസഭയിൽ ഒരംഗം ചർച്ചയിൽ പങ്കെടുക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന് എന്തും പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. നമ്മുടെ റൂൾസും കീഴ്വഴക്കങ്ങളും അനുസരിച്ച് ആ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതും ശരിയല്ല, ആരേയും നിയന്ത്രിക്കാറുമില്ല. പക്ഷേ, ഇവിടെ പൊടുന്നനവെ ഒരു ആക്ഷേപം ഉന്നയിക്കുമ്പോൾ നിശ്ചയമായും ബന്ധപ്പെട്ട മന്ത്രിക്ക് പറയാനുള്ള ചാൻസ് കൂടി കൊടുക്കണം....(ബഹളം)....

മി. സ്പീക്കർ : ഈ സഭയ്ക്കു പുറത്തുള്ള ആരെക്കുറിച്ചും ഇവിടെ പറയാം. അതിൽ വേറെ തരത്തിൽ ചിലത് പറഞ്ഞുകൂടാ എന്നുള്ളത് മാത്രമേയുള്ളൂ. അല്ലാതെ സഭയ്ക്കു പുറത്തുള്ള ആരെപ്പറ്റിയും പറഞ്ഞുകൂടാ എന്നു പറഞ്ഞാൽ ഇവിടെ എന്തെങ്കിലും ഡിസ്ക്കഷൻ .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ പോയിന്റ് അതല്ല, എന്റെ പോയിന്റ് ആരോപണമുന്നയിക്കുമ്പോൾ ആ ആരോപണത്തിന്റെ യഥാർത്ഥ വസ്തുത എഴുതിക്കൊടുത്ത് അതിന്റെ ഒരു കോപ്പി ബന്ധപ്പെട്ട വകുപ്പു മന്ത്രിക്കുകൂടി കൊടുക്കണം. അപ്പോൾ അവർക്ക് മറുപടി പറയാൻ സാവകാശമുണ്ടാകും. അതാണ് എന്റെ പോയിന്റ്.....(ബഹളം)....

മി. സ്പീക്കർ : അതുവേണം. ആരോപണം എന്തെങ്കിലുമുണ്ടെങ്കിൽ അത് എഴുതിത്തരണം. എഴുതിത്തരാതെ വന്നാൽ അതിവിടെ രേഖയിൽ കൊടുക്കാൻ പറ്റുകയില്ല.

ശ്രീ. പി. ജയരാജൻ : ജില്ലകളിലെ ചുമതലപ്പെട്ട ആളുകളെക്കുറിച്ചു ഞാൻ സൂചിപ്പിക്കുക മാത്രമാണ് ചെയ്തത്. പ്രകൃതിക്ഷോഭത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അവകാശപ്പെട്ടത് കേന്ദ്രത്തിന്റെ അടുക്കൽ നിന്നും, മതിയായ തുക വാങ്ങി എടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഒറ്റ നയാപൈസ പോലും കേന്ദ്രത്തിന്റെ അടുക്കൽ നിന്നും വാങ്ങി എടുക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തവണത്തെ കാലവർഷക്കെടുതിയുടെ ഫലമായി കണ്ണൂർ ജില്ലയിൽ ആറു ആളുകൾ മരിച്ചു. 120-ഓളം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. ഈ കഴിഞ്ഞ ദിവസം ജില്ലാ വികസന സമിതി ചേർന്നപ്പോൾ കളക്ടറേറ്റിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ പറഞ്ഞത് ട്രഷറി നിരോധനംമൂലം ഈ കാലവർഷക്കെടുതിയിൽ

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപയുടെ സഹായം പോലും നൽകാൻ കഴിയുന്നില്ല എന്നാണ്. കാലവർഷക്കെടുതികൾമൂലം പാവപ്പെട്ടവരുടെ വീടുകൾ തകർന്നാണ് ആളുകൾ മരിച്ചത്. കൂടുതലും പാവപ്പെട്ടവരാണ് മരിച്ചത്. അത്തരം പാവപ്പെട്ടവർക്കു നൽകുന്ന നഷ്ടപരിഹാരം വളരെ ചെറിയ തുകയാണെങ്കിലും ആ തുക നൽകാൻ പോലും ട്രഷറി നിരോധനംമൂലം കഴിയുന്നില്ല. അതുപോലും ബാനിനു വിധേയമാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ സർക്കാർ സ്വീകരിക്കുന്ന സമീപനം എന്താണ് ? നെല്ലിയാമ്പതിയിലെ 800 ഏക്കർ ഭൂമി എസ്റ്റേറ്റിനു പതിച്ചു കൊടുക്കാൻ വേണ്ടി താല്പര്യം എടുക്കുന്നതായി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. പാട്ടത്തിനു കൊടുക്കാൻ മന്ത്രി ശ്രമിക്കുന്നതായിട്ടാണ് പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുള്ളത്. പാട്ടത്തിനു കൊടുത്ത സർക്കാർ ഭൂമിയുടെ പാട്ട നിരക്ക് വർദ്ധിപ്പിക്കണം. ഇതു സംബന്ധിച്ച് ശക്തിയായ ആവശ്യം നേരത്തെ ഉന്നയിച്ചതാണ്. എങ്കിലും ഗവൺമെന്റ് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അതുപോലെ കാർഷിക കടാശ്വാസ നിയമം പ്രഖ്യാപിച്ചു. കഴിഞ്ഞ കൊല്ലം നിയമസഭയിൽ ഈ ഇനത്തിൽ ഗവൺമെന്റ് എത്ര തുക കൊടുത്തു എന്നു ചോദിച്ചു. ഇപ്പോൾ ഒന്നും കൊടുത്തിട്ടില്ല എന്നാണ് അതിനു പറഞ്ഞ ഉത്തരം. എത്ര തുകയാണ് ഇതിനകം ഈ കാർഷിക കടാശ്വാസ നിയമ പ്രകാരം പാവപ്പെട്ട കൃഷിക്കാർക്ക് കൊടുത്തിട്ടുള്ളത് എന്നു ഗവൺമെന്റ് വ്യക്തമാക്കണം. അതുപോലെ കണ്ണൂർ, പാലക്കാട് ജില്ലകളിലെ മലയോര കർഷകർക്ക് ഇപ്പോഴും പട്ടയം കൊടുക്കാൻ ബാക്കിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആളുകൾക്ക് പട്ടയം കൊടുത്തു? യഥാർതഥത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിലെ നൂറു കണക്കിനു മലയോര കർഷകർ പട്ടയത്തിന് അപേക്ഷ കൊടുത്തിട്ട് കാത്തിരിക്കുകയാണ്. യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവിടെ നൂറു കണക്കിനു കേസ്സുകളിൽ തീർപ്പു കൽപ്പിക്കാതെ കിടക്കുകയാണ്. റവന്യൂ വകുപ്പിന്റെ ഭരണ നിർവ്വഹണത്തിനുപോലും ആവശ്യമായ ഉദ്യോഗസ്ഥരില്ല. 2152 തസ്തികകൾ റവന്യൂ വകുപ്പിൽ ഒഴിഞ്ഞു കിടക്കുകയാണ്. സംസ്ഥാനത്തെ ഗവൺമെന്റ് തസ്തികകളിൽ ഏറ്റവും കൂടുതൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് റവന്യൂ വകുപ്പിലാണ്. ഈ ഭരണത്തിൻകീഴിൽ നമ്മുടെ സംസ്ഥാനത്ത് ഭവന പദ്ധതി നടപ്പാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ ആദ്യ ഗഡുക്കൾ യഥാസമയം വിനിയോഗിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്തിനു ആറു കോടി രൂപയാണ് നഷ്ടപ്പെട്ടത്. ഇതിന്റെ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ കൃത്യമായി കൊടുക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുപോലെ ഹൗസിംഗ് ബോർഡിൽ ആളുകളെ നോമിനേറ്റു ചെയ്തിട്ടുള്ളത് രാഷ്ട്രീയാടിസ്ഥാനത്തിലാണ്. ബി.ജെ. പി.-യുമായുള്ള കൂട്ടു കെട്ടിന്റെ ഫലമായി ഈ ഗവൺമെന്റ് നോമിനേറ്റു ചെയ്തതുപോലും ഒരു ബി. ജെ. പി.ക്കാരനെയാണ്. കണ്ണൂർ ജില്ലയിൽ എനിക്ക് അറിയാവുന്ന ഒരു കെ. സി. വേണുഗോപാലുണ്ട്, അയാൾ ഹൗസിംഗ് ബോർഡിലെ അംഗമാണ്. കറകളഞ്ഞ ആർ. എസ്. എസ്.കാരനാണ്. ഈ സംസ്ഥാനത്ത് മാറാട് അടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംഭവങ്ങൾ ആവർത്തിക്കുന്നതിൽ അത്ഭുതമില്ല. കാരണം ആർ. എസ്. എസ്. നെ പ്രോൽസാഹിപ്പിക്കുവാൻ വേണ്ടി ആർ. എസ്. എസ്. കാരനായ ഒരാളെയാണ് ആ സ്ഥാനത്തു തിരുകിക്കയറ്റി വച്ചിരിക്കുന്നത്. അതുപോലെ ഇവിടെ റിവർ മാനേജുമെന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 44 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടാണ് പത്തനംതിട്ട ജില്ലയിലെ നദികളുടെ തീരത്ത് വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ പിന്നിൽ വലിയ നിലയിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ട്. രസകരമായ മറ്റൊരു കാര്യം മകര മാസത്തിലെ ചൂടിലാണ് ഈ വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയത് എന്നുള്ളതാണ്. 44 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിയിൽ അഞ്ചു ലക്ഷം രൂപ പോലും ചെലവഴിച്ചിട്ടില്ല. ഒറ്റ ചെടി പോലും വളർന്നിട്ടില്ല. ഇതിനെ അടിസ്ഥാനപ്പെടുത്തി വലിയ വിമർശനം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ആറന്മുളയിൽ ഒരു പൊതുയോഗത്തിൽ വച്ചു ഇതു സംബന്ധിച്ച് അന്വേഷിക്കുമെന്നു പ്രഖ്യാപിച്ചു. പക്ഷേ, യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ***സ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ അഴിമതി വ്യാപകമായി തീർന്നിരിക്കുകയാണ്.***

മി. സ്പീക്കർ : എഴുതി തരാതെയാണ് ഇതെല്ലാം സംസാരിക്കുന്നത്. ഇതൊന്നും രേഖയിൽ കാണില്ല.

ശ്രീ. പി. ജയരാജൻ : അതുപോലെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും റീ സർവ്വേ പ്രവർത്തനം എത്രമാത്രം നടന്നു എന്നു വ്യക്തമാക്കേണ്ടതുണ്ട്. അതുപോലെ റവന്യൂ ഓഫീസുകളിൽ കംപ്യൂട്ടർവൽക്കരണം ഒരു വർഷത്തിനകം പൂർത്തീകരിക്കുമെന്നാണ് കഴിഞ്ഞ തവണ ഈ സഭയിൽ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. അതു എത്രമാത്രം പൂർത്തീകരിച്ചിട്ടുണ്ട് ? അതുപോലെ റീ സർവ്വേ പ്രവർത്തനങ്ങൾക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ചില ഉപകരണങ്ങൾ അവിടെ കെട്ടിക്കിടക്കുകയാണ്. ഏകദേശം ഒരു കോടി രൂപ വിലവരുന്ന രണ്ടു ജി. പി. എസ്. കളും ആറു ലക്ഷം രൂപ വീതം വില വരുന്ന 85 ടോട്ടൽ സ്റ്റേഷൻ മെഷീനുകളും ഇതിനാവശ്യമായ സോഫ്റ്റ് വെയറുകളും കംപ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്. ഇതുപയോഗിച്ച് നടത്തിയ റീ സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി എന്താണെന്നു വ്യക്തമാക്കണം. ആവശ്യമില്ലാത്ത ഉപകരണങ്ങൾ ആയ ജി. പി. എസ്. കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ഉപയോഗിക്കാൻ കഴിയാത്തതാണ്. ഇതുപയോഗിച്ച് യാതൊരു ജോലിയും ചെയ്യാതെ അതു പൂട്ടി വച്ചിരിക്കുകയാണ്. ഈ തരത്തിൽ കെടുകാര്യസ്ഥതയും ക്രമക്കേടും മാത്രമല്ല തെറ്റായ വഴിക്കുള്ള ട്രാൻസ്ഫറുകളും കാര്യങ്ങളുമാണ് ഈ വകുപ്പിനുള്ളിൽ നടന്നു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കേരള രാഷ്ട്രീയത്തിലെ സച്ചിൻ ടെൻഡുൽക്കറാണ് നമ്മുടെ മാണിസാർ. ക്രിക്കറ്റ് ഇതിഹാസമായ സച്ചിൻ ഉണ്ടാക്കുന്ന റിക്കാർഡുകൾ തിരുത്തുന്നു. മാണി സാറും ഇപ്പോൾ റിക്കാർഡുകൾ തിരുത്തുകയാണ്. അതുകൊണ്ടു തന്നെ ഞാൻ സന്തോഷപൂർവ്വം ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ശ്രീ. ജയരാജൻ അദ്ദേഹത്തിന്റെ പഴയ ഓർമ്മ കൊണ്ടായിരിക്കണം എഴുതി കൊടുക്കാതെ ഇവിടെ ആരോപണം ഉന്നയിച്ചത്. കൈരളി ചാനലിനും മറ്റും വേണ്ടി നിങ്ങൾ പിരിച്ചതിന്റെ കഥയൊക്കെ ഈ ചുവരുകൾക്കുള്ളിൽ തങ്ങി നിൽപ്പുണ്ട്. അതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു വകുപ്പ് എന്നുള്ള പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ഈ വകുപ്പിന്റെ പ്രവർത്തനം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത് എന്നതിൽ എനിക്കു സന്തോഷമുണ്ട്. അതോടൊപ്പം തന്നെ ഈ വകുപ്പ് നവീകരിക്കാനും ശ്രമിക്കുന്നുണ്ട്. എൽ.ഡി.എഫ്-ന്റെ ആദ്യത്തെ രണ്ടു വർഷം റവന്യൂ കുടിശ്ശിക പിരിച്ചെടുത്തത് 165.89 കോടി രൂപ മാത്രമാണ്. എന്നാൽ മാണി സാറിന്റെ ഭരണത്തിൻ കീഴിൽ 250 കോടിയിലധികം രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു വന്ന പിരിവ് എങ്ങനെയാണെന്നു നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടതാണല്ലോ. ഇത് ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു വകുപ്പ് എന്നുള്ള നിലയിൽ പലപ്പോഴും താഴെ തട്ടിൽ എന്തെങ്കിലും അഴിമതി ഉണ്ടാകുന്നത് കാലതാമസം കൊണ്ടു മാത്രമാണ്. നമ്മുടെ വില്ലേജ് ഓഫീസുകളിൽ ഉണ്ടാകുന്ന പ്രശ്നം കാലതാമസം കൊണ്ടു വരുന്നതാണ്. അതിന്റെ പേരിൽ ചില നടപടികളൊക്കെ അവിടെ നടക്കുന്നുണ്ട്. അതു ഒഴിവാക്കണമെങ്കിൽ ഈ ഓഫീസുകളൊക്കെ കംപ്യൂട്ടർവൽക്കരിക്കണം. നമ്മുടെ കളക്ടറേറ്റുകളും, താലൂക്ക് ഓഫീസുകളും, വില്ലേജ് ഓഫീസുകളും അടിയന്തിരമായി കംപ്യൂട്ടറൈസ് ചെയ്യുകയും അവിടെ കുറ്റമറ്റ സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകൈ എടുക്കുകയും ചെയ്യുന്നതിൽ എനിക്കു സന്തോഷമുണ്ട്.

കേരളത്തിൽ ഭൂമി ഇല്ലാത്ത നിരവധി ആൾക്കാരുണ്ട്. കുറെയധികം ആളുകൾക്ക് ഈ സർക്കാർ പട്ടയം കൊടുത്തു കഴിഞ്ഞു. ഇനിയും ഭൂരഹിതരുണ്ട്. കേരളത്തിൽ ഭൂപരിഷ്കരണ നിയമം വന്നിട്ട് നാല് പതിറ്റാണ്ടു കഴിഞ്ഞു.

11 A.M.] ശ്രീ. കെ.എം. മാണി സാറിന്റെ രാഷ്ട്രീയ ഗുരുവായ ശ്രീ. പി.ടി. ചാക്കോ ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നിട്ട് 40 വർഷം കഴിഞ്ഞിരിക്കുന്നു. 1970-ൽ കുടികിടപ്പുകാർക്ക് പത്ത് സെന്റ് ഭൂമി കൊടുക്കാനുള്ള സംവിധാനം ഉണ്ടായിരുന്നു. ഇപ്പോൾ നമ്മുടെ സ്ഥിതി എന്താണ് ? നേരത്തെ ഒരു വീട്ടിൽ ഒരാൾ വിവാഹം കഴിച്ചാൽ ആ ജന്മി അവർക്ക് താമസിക്കാൻ സ്ഥലം കൊടുക്കുമായിരുന്നു. പക്ഷേ, 1970-നുശേഷം ജന്മിത്വം അവസാനിപ്പിച്ചതോടുകൂടി ഈ പത്തുസെന്റിൽ താമസിക്കുന്നവർക്ക് വീട് വയ്ക്കാൻ സ്ഥലമില്ല. സർക്കാരുണ്ടാക്കുന്ന പദ്ധതിയിൽ ഗ്രാന്റായി പണം കൊടുത്താലും സ്ഥലമില്ലായെന്ന കാരണംകൊണ്ട് തീരപ്രദേശങ്ങളിൽ ഇന്ന് വീടുവയ്ക്കാൻ പറ്റുന്നില്ല. അതുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തിൽ കാലോചിതമായ മാറ്റമുൾക്കൊള്ളാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കടലാക്രമണംകൊണ്ട് ആയിരക്കണക്കിനേക്കർ ഭൂമി തീരപ്രദേശത്ത് പോയിട്ടുണ്ട്. അതുപോലെതന്നെ കാർഷിക ഭൂപരിഷ്ക്കരണ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു. ഭൂമിയുടെ ഉപയോഗത്തിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് മാറ്റമുണ്ടാകണം. അതുകൊണ്ട് ആ കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എന്റെ അപേക്ഷ. സർവേയർമാരുടെ കുറവ് നമ്മുടെ താലൂക്കാഫീസുകളെ ബാധിച്ചിരിക്കുകയാണ്. പല പദ്ധതികൾക്കു വേണ്ടി ഭൂമി അക്വയർ ചെയ്യുന്നതിനും, റോഡ് കയ്യേറ്റക്കാരിൽ നിന്നും അത് പിടിച്ചെടുക്കുന്നതിനും സർവേ നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. സർവേയർ ഇല്ലാത്ത കാരണംകൊണ്ട് പലപ്പോഴും വർക്കുകൾ നടക്കുന്നില്ല. അതുകൊണ്ട് സർവേ ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിന് സർവ്വേയർമാരെ നിയമിക്കാനുള്ള സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. മുഹമ്മദാലി : വളരെ പ്രധാനപ്പെട്ട പ്രോജക്ടുകൾക്ക്, സെൻട്രൽ ഗവൺമെന്റിന്റെ ക്ലിയറൻസ് കിട്ടിയിട്ടുള്ള ദേശീയപാത ഉൾപ്പെടെയുള്ള പല പ്രധാനപ്പെട്ട പ്രോജക്ടുകൾക്കും ഭൂമിയേറ്റെടുത്ത് കൊടുക്കുന്നതിലുള്ള കാലതാമസംമൂലം ഈ പ്രോജക്ടുകൾ ആരംഭിക്കാൻ കഴിയാത്ത കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ബഹുമാനപ്പെട്ട കെ. മുഹമ്മദാലി പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. എറണാകുളം ജില്ലയിൽ ഭൂമിയെടുക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസമുണ്ടാകുന്നതുകൊണ്ട് പല വികസന പ്രവർത്തനങ്ങൾക്കും കാലതാമസമുണ്ടാകുന്നുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. വി. ജയരാജൻ : ശ്രീ. കെ. മുഹമ്മദാലി പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മുഹമ്മദാലി പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ഇപ്പോൾ ലാന്റ് അക്വിസിഷൻ വിഭാഗമുണ്ടല്ലോ, അത് പല ജില്ലകളിലും നിർത്തലാക്കിയിരിക്കുകയാണ്. അത് നിർത്തലാക്കിയതോടുകൂടി ഭൂമിയേറ്റെടുക്കൽ പ്രക്രിയ കുറയുന്നതിനിടയാകുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അത് ഗവൺമെന്റ് പരിശോധിക്കേണ്ട കാര്യമാണ്. ഭവന നിർമ്മാണ രംഗത്ത് കഴിഞ്ഞ ഗവൺമെന്റ് ചെയ്തിട്ടുപോയ അക്രമം ഞാൻ പറയട്ടെ. മൈത്രീ ഭവന നിർമ്മാണ പദ്ധതിയിലൂടെ 80,000 പേർക്കാണ് വീട് പൊളിപ്പിച്ചിട്ട് പണം കൊടുക്കാതെ പോയത്. ഹഡ്കോയുമായുള്ള പാക്കേജിലൂടെ 53,000 പേർക്ക് മുടങ്ങിക്കിടന്ന ഒന്നാം ഗഡുവും രണ്ടാം ഗഡുവും കൊടുക്കാൻ നടപടിയെടുത്ത് മുന്നോട്ടുപോകുകയാണ് ബഹുമാനപ്പെട്ട കെ.എം. മാണി. നിങ്ങൾക്ക് ഇതിനെക്കുറിച്ച് എന്താണ് പറയുവാനുള്ളത് ? തലചായ്ക്കാൻ സ്ഥലമില്ലാതിരുന്നവർക്ക് വീടുകൊടുക്കാമെന്നു പറഞ്ഞ് വീടുപൊളിപ്പിച്ചിട്ട് പണംകൊടുക്കാതെ പോയവരാണ് നിങ്ങൾ. ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും നിരവധി നിർമ്മാണ പദ്ധതികൾ ഹഡ്കോയുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെയുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാലഹരണപ്പെട്ട നൂറുകണക്കിന് നിയമങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ട് ഒരു പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് അതിന് മാറ്റമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ : ഭവന നിർമ്മാണത്തിന് ത്രിതല പഞ്ചായത്തുകളും സഹകരണ സംഘങ്ങളും വഴി അനുമതി കിട്ടിയാലും പട്ടയമില്ലാത്തതുകൊണ്ട് അവർക്ക് വീടുവയ്ക്കാൻ കഴിയുന്നില്ലെന്ന് അങ്ങ് പറഞ്ഞു. അവരുടെ കൈവശമുള്ള, താല്ക്കാലിക വീടുള്ള ആ സ്ഥലത്തിന് വില്ലേജ് ആഫീസർ നൽകുന്ന ഒരു പൊസഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീടുവയ്ക്കാനുള്ള അനുമതി കൊടുക്കാൻ നടപടി സ്വീകരിക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : തീർച്ചയായും ഉണ്ട്. ബഹുമാനപ്പെട്ട കെ.എം. മാണി നല്ല നിർദ്ദേശങ്ങളെ എപ്പോഴും അംഗീകരിക്കുന്ന ആളാണല്ലോ. ഇപ്പോൾത്തന്നെ കൈവശക്കാർക്ക് രേഖ കൊടുക്കാനുള്ള നിരവധി സംവിധാനങ്ങളായിക്കഴിഞ്ഞിട്ടുണ്ട്. ലാന്റ് അസൈൻമെന്റ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. കോർപ്പറേഷനുകളിൽ പട്ടയം കൊടുക്കാനുള്ള ഒരു സംവിധാനമില്ല, അതുകൊണ്ട് കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റി അടിയന്തിരമായി ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ റവന്യൂ ഡിപ്പാർട്ടുമെന്റിനെ വിമർശിക്കുമ്പോൾ നമ്മൾ പലപ്പോഴും മറന്നു പോകുന്ന ചില കാര്യങ്ങളുണ്ട്. വെള്ളപ്പൊക്കമുണ്ടാകുമ്പോഴും, വരൾച്ചയുണ്ടാകുമ്പോഴും, പ്രകൃതിദുരന്തം ഉണ്ടാകുമ്പോഴും എല്ലാം ഓടിയെത്തുന്നത് അവരല്ലേ ? മൂന്നുമാസത്തിനു മുൻപ് തീർത്ഥാടനത്തിനു പോയ 17 പേർ വാഹനാപകടത്തിൽ മരിച്ചപ്പോൾ അവരുടെ മൃതദേഹം കൊണ്ടുവരുന്നതിന് രാപ്പകൽ ശ്രമിച്ചത് ജില്ലാ കളക്ടറേക്കാം, തഹസീൽദാരേക്കാമുള്ള വില്ലേജുദ്യോഗസ്ഥൻമാരാണ്. ഇങ്ങനെ രാപ്പകൽ പരിശ്രമിക്കുമ്പോൾ അവർക്ക് ഇൻസെന്റീവ് കൊടുക്കാനുള്ള ശ്രമം നടത്തണ്ടേ ? നമ്മുടെ നാട്ടിൽ വി.ഐ.പി.-കൾ വന്നാൽ ഒരു ഭാഗത്ത് പോലീസുണ്ടാകും മറു ഭാഗത്ത് കളക്ടറും തഹസീൽദാർമാരും ഉൾപ്പെടെയുള്ള ജീവനക്കാരുണ്ടാകും. അതുകൊണ്ട് അവരെ വിമർശിക്കുമ്പോഴും അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോഴും അവർ ചെയ്യുന്ന സേവനത്തെ പ്രകീർത്തിക്കാനും അവർക്ക് റിവാർഡ് നൽകാനുമുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ നിരവധി തീരുമാനങ്ങളെടുത്തുകൊണ്ട് ഈ വകുപ്പിനെ നവീകരിക്കാൻ മന്ത്രി നടത്തുന്ന ശ്രമങ്ങളെ ഞാൻ പ്രശംസിക്കുകയാണ്. നിയമവകുപ്പ് 900 നിയമങ്ങൾ പരിശോധിച്ചതിൽ 697 നിയമങ്ങൾ കാലഹരണപ്പെട്ടതായി കണ്ടു. പലപ്പോഴും നിയമസഭ കൂടാത്തതുകൊണ്ടും, കൂടിക്കഴിഞ്ഞാൽ അത് മുന്നോട്ടു പോകാത്തതുകൊണ്ടും പല ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടും അത് നിയമമാക്കി മാറ്റാൻ കഴിയുന്നില്ലയെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ നിയമ വകുപ്പിൽ ഒരു പ്രത്യേക വെബ്സൈറ്റ് ഏർപ്പെടുത്താൻ പോകുന്നുവെന്നറിയുന്നു. അതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. മോഡണൈസേഷനിലൂടെ മാത്രമേ നമുക്ക് അഴിമതി കുറയ്ക്കുവാൻ കഴിയുകയുള്ളു. ട്രാൻസ്പേരന്റ് ആയി കാര്യങ്ങൾ ചെയ്യുന്നുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടാൽ തീർച്ചയായിട്ടും അവിടെ അഴിമതി കുറയും. ഒരു സർട്ടിഫിക്കറ്റ് കിട്ടാൻ കാലതാമസമുണ്ടെങ്കിൽ വരുന്ന ആളുകൾ പറയും എനിക്ക് വേഗം കിട്ടണമെന്ന്. അവിടെ സ്വാധീനം വരുകയാണ്. അതുകൊണ്ട് കാലതാമസമൊഴിവാക്കാനുള്ള നടപടികൾക്ക് മുൻതൂക്കം കൊടുക്കാനുള്ള ശ്രമം വിജയിക്കട്ടെയെന്ന് പ്രത്യാശിക്കുകയാണ്. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുൻപ് ഒരു കാര്യംകൂടി പറയുവാനുള്ളത് സീസറിന്റെ ഭാര്യ സംശയത്തിനതീതമായിരിക്കണമെന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കിയ ആളല്ലേ ശ്രീ. കെ.എം. മാണി. മതികെട്ടാനിലെ പ്രശ്നം വന്നപ്പോൾ അദ്ദേഹം വകുപ്പിന്റെ ചുമതല വനംവകുപ്പിന് വിട്ടുകൊടുത്തു. വേറെയാരെങ്കിലും കാണിക്കുമോ ? അങ്ങനെ വളരെ മാതൃകാപരമായി ഈ വകുപ്പിനെ നയിക്കുകയും കേരളത്തിന്റെ സമഗ്രമായ പുരോഗതിയിൽ കാർഷിക പരിഷ്ക്കരണം, ഭവന നിർമ്മാണ രംഗത്തുൾപ്പെടെ പ്രഗൽഭമായി ഈ വകുപ്പിനെ നയിക്കുകയും ചെയ്യുന്ന അദ്ദേഹം അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒന്നുകൂടി സന്തോഷപൂർവം പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ജനങ്ങളുടെ നിത്യജീവിതവുമായി , റവന്യൂവകുപ്പുപോലെ ബന്ധപ്പെട്ട മറ്റൊരു വകുപ്പ് ഇല്ല, ചുക്കുചേരാത്ത കഷായം എന്നു പറഞ്ഞതുപോലെയാണ്. റവന്യു വകുപ്പിനെ ഒഴിച്ചു നിർത്തി ഒരു ഗവൺമെന്റിന് പ്രവർത്തിക്കാനോ ജനജീവിതം സുഗമമായി മുന്നോട്ടു കൊണ്ടുപോകാനോ സാദ്ധ്യമല്ല. ഓരോ ഫയലിന്റെ അടിയിലും ഒരു ജീവിതമുണ്ടെന്ന് നമുക്കറിയാം. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സമയം റവന്യു വകുപ്പുമന്ത്രിയായും, ധനകാര്യ വകുപ്പുമന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുള്ള, ഈ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുള്ള പരിണിതപ്രജ്ഞനായ ശ്രീ. കെ. എം. മാണി നവീകരിക്കുക അല്ലെങ്കിൽ നശിക്കുകയെന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ പരിപാടികളുമായി മുന്നോട്ടുപോകുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി റവന്യു വകുപ്പിൽ shift.com, എന്ന പേരിൽ കംപ്യൂട്ടർവൽക്കരണം നടന്നു വരികയാണ്. സാധാരണക്കാരന്റെ പ്രയാസങ്ങൾ ലഘൂകരിക്കാനും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും ഇതുകൊണ്ട് സാധിക്കും. 14 കളക്ടറേറ്റുകളിലും 63 താലൂക്കാഫീസുകളിലും കംപ്യൂട്ടർവൽക്കരണം പൂർത്തിയായിക്കഴിഞ്ഞു. കംപ്യൂട്ടറൈസ് സർട്ടിഫിക്കറ്റുകൾ നൽകാൻ തുടങ്ങിയിട്ടുണ്ട്. വില്ലേജ് ആഫീസുകളിലെ കംപ്യൂട്ടർവൽക്കരണം കൂടി അടിയന്തിരമായി പൂർത്തിയാക്കുകയും, ജില്ലാ, താലൂക്ക്,വില്ലേജാഫീസുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കംപ്യൂട്ടർ ശൃംഖലാനടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും വേണം. ഈ ഗവൺമെന്റ് അധികാരമേറ്റപ്പോൾ സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയായിരുന്നു. അത് കണക്കിലെടുത്തുകൊണ്ട്

നികുതി പിരിവ് ഊർജ്ജിതമാക്കാൻ നമുക്ക് സാധിച്ചു. റവന്യൂ പിരിവിന്റെ കാര്യത്തിൽ സർവ്വകാല വേഗത കൈവരിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞു. അതിന്റെ ഫലമായി റവന്യൂ റിക്കവറി 48 ശതമാനമായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ മലപ്പുറം ജില്ലയിൽ നൂറോളം എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകളുണ്ട്. എൽ.ഡി.സി.യായി പോസ്റ്റുചെയ്യേണ്ടവരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ആഗസ്റ്റിൽ അവസാനിക്കുകയാണ്. ഈ ഒഴിവുകൾ നികത്താൻ നടപടിയുണ്ടാകണം. വില്ലേജാഫീസർമാരുടെ തസ്തികകൾ ധാരാളം ഒഴിഞ്ഞുകിടക്കുകയാണ്. അത് നികത്തുന്നതിന് നടപടി സ്വീകരിക്കണം. സാധാരണക്കാരനുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ വില്ലേജുകളുടെ പുന:സംഘടന നടത്തേണ്ടതായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ എടരിക്കോട് വില്ലേജ് രൂപീകരണം സംബന്ധിച്ച പ്രൊപ്പോസൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗവൺമെന്റിലേയ്ക്ക് അയച്ചതാണ്. എടരിക്കോട് റവന്യൂ രൂപീകരണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. 1-4-1998-ൽ പാസ്സാക്കിയ പുതിയ നിയമമനുസരിച്ച് പഞ്ചായത്ത്/ മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിൽ സ്ഥലത്തിന്റെ വിസ്തൃതിക്ക് അനുസരിച്ചാണ് ഭൂനികുതി പിരിക്കുന്നത്. ഭൂനികുതി പിരിവിൽ ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകുന്നുണ്ട്. വിസ്തീർണ്ണത്തിന്റെ പരിധി വയ്ക്കാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയെ വ്യത്യസ്തമായി കണ്ടുകൊണ്ട് ഏകീകൃത നിരക്ക് നടപ്പിലാക്കുന്നുവെങ്കിൽ ഭൂനികുതി പിരിവ് എളുപ്പമാക്കാനും ഭൂമിയുടെ വിസ്തീർണ്ണത്തിന് അനുസരിച്ചുള്ള നികുതി ഈടാക്കാനും സാധിക്കും. ആ രൂപത്തിൽ നിയമത്തിൽ മാറ്റം വരുത്തണം. അതുപോലെതന്നെ 1999-ൽ പാസ്സാക്കിയ നിയമമനുസരിച്ച് 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾക്ക് വർഷംതോറും 2000 രൂപ റവന്യൂ വകുപ്പിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴുള്ള റവന്യൂ നികുതിയുടേയും വർഷാവർഷം അടയ്ക്കുന്ന പഞ്ചായത്ത് നികുതികളുടേയും പുറമേയാണ് ഈ നികുതി. ഇതും വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ട് 3000 സ്കയർ ഫീറ്റിൽ കൂടുതലുള്ള വീടുകളുടെ വൺ ടൈം ടാക്സ് ഫിക്സ് ചെയ്യുമ്പോൾ തന്നെ അതിന്റെ നിരക്ക്കൂടി ഒറ്റ സമയത്ത് ഈടാക്കുന്ന തരത്തിൽ മാറ്റം വരുത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ലാൻഡ് അസൈൻമെന്റ് കമ്മിറ്റികളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കാത്തതുകൊണ്ട് വളരെയധികം പ്രയാസം ഉണ്ടാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടില്ല. കൈവശ ഭൂമിക്കും പുറമ്പോക്ക് ഭൂമിക്കും മറ്റ് സർക്കാർ ഭൂമികൾക്കുമൊക്കെ പട്ടയം നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ ഇത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ താനൂരിൽ നൂറിലധികം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടുതന്നെ താലൂക്കുതല ഭൂമി പതിവു കമ്മിറ്റി അടിയന്തിരമായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കണം. ഭവന നിർമ്മാണ ബോർഡിന്റെ അവസ്ഥയെക്കുറിച്ച് ഇവിടെ ശ്രീ.ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ വകമാറി ചെലവാക്കലും അടയ്ക്കേണ്ട തുക അടയ്ക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മൈത്രി ഭവന പദ്ധതിയിൽ നിർമ്മാണം ആരംഭിച്ച ഒരുപാട് കെട്ടിടങ്ങൾക്ക് പണം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഈ ഗവൺമെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം ഹഡ്കോയുടെ വായ്പ പുനരാരംഭിക്കുവാനും അതോടൊപ്പം താഴെ ഭൂമിയും മേലേ ആകാശവുമായി നിന്നിരുന്ന പാവപ്പെട്ട ജനങ്ങൾക്ക് വീടു നിർമ്മാണം പുനരാരംഭിക്കുവാനും സാധിച്ചു. ഇവിടെ പറഞ്ഞതുപോലെ 55,000 വീടുകളിൽ 25,000 വീടുകൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുമേഖലാ ബാങ്കുകളും സഹകാര്യ ബാങ്കുകളും ഭവന നിർമ്മാണ വായ്പയുടെ പലിശ കുറയ്ക്കുകയാണ്. ഭവന നിർമ്മാണ ബോർഡിന്റെ വായ്പാ നയവും നിബന്ധനകളും പലിശ നിരക്കും കൂടുതൽ ഉദാരമാക്കണം. ഭവന നിർമ്മാണ രംഗത്തെ വെല്ലുവിളികൾ നേരിടാൻ ഇപ്പോഴത്തെ രീതി ആകെ പൊളിച്ചെഴുതേണ്ടതായിട്ടുണ്ട്. പട്ടയ വിതരണ രംഗത്ത് ശ്ലാഘനീയമായ നേട്ടങ്ങളാണ് ഗവൺമെന്റിന് കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 12,000 മലയോര കുടുംബങ്ങൾക്ക് പട്ടയം നൽകാൻ സാധിച്ചു. പക്ഷേ, അതിനുശേഷം വന്ന ഇടതുപക്ഷ സർക്കാർ പട്ടയവിതരണം മുന്നോട്ടു കൊണ്ടുപോയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ വീണ്ടും പട്ടയ വിതരണവുമായി മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ രണ്ടു വർഷംകൊണ്ട് 7229 കുടുംബങ്ങൾക്ക് 5083 ഏക്കർ ഭൂമിക്ക് പട്ടയം നൽകാൻ കഴിഞ്ഞു. റവന്യൂ പുറമ്പോക്കിൽപ്പെട്ട 262.17 ഏക്കർ ഭൂമിക്ക് 3742 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങൾകൊണ്ട് 1190 ആദിവാസി കുടുംബങ്ങൾക്ക് 1830 ഏക്കർ ഭൂമി വിതരണം ചെയ്യാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാൻ നടപടി എടുക്കണം. വളരെ വർഷങ്ങളായി മാറിമാറി വരുന്ന സർക്കാരുകൾ ഈ കാര്യത്തിൽ അലംഭാവം തുടരുകയാണ്. ഇത് അവസാനിപ്പിച്ച് കൈവശഭൂമിക്ക് പട്ടയം നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. തീരപ്രദേശങ്ങളിലെ കടലാക്രമണം തടയാൻ പുതിയ സംവിധാനത്തെക്കുറിച്ച് ചിന്തിക്കണം. പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകാനുള്ള നടപടികൾ ഉണ്ടാകണം. അതുപോലെ വഞ്ചി, വല മുതലായവ നഷ്ടപ്പെടുമ്പോൾ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് പണം അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്രം കാണിക്കുന്ന അവഗണനയ്ക്കെതിരെ ശക്തമായ സമ്മർദ്ദം ചെലുത്തിയേതീരൂ. പ്രകൃതിക്ഷോഭത്തിൽ വീട് പൂർണ്ണമായി നശിച്ചവർക്കുള്ള സാമ്പത്തിക സഹായം 15,000 രൂപയിൽനിന്നും 25,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. അതുപോലെ വീട് ഭാഗീകമായി തകർന്നവർക്ക് ഇപ്പോൾ നൽകുന്നത് 5,000 രൂപയാണ്. അത് 10,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. പ്രകൃതിക്ഷോഭത്തിൽ മരണമടയുന്ന മുതിർന്നവരുടെ ആശ്രിതർക്ക് 50,000 രൂപയാണ് സഹായം നൽകുന്നത്. എന്നാൽ പ്രായപൂർത്തിയാകാത്ത 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ആശ്രിതർക്ക് വെറും 15,000 രൂപയാണ് കൊടുക്കുന്നത്. ഇത് 25,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് വാഹനാപകടം അതുപോലെ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അപകടങ്ങൾ സംഭവിക്കുന്നവർക്ക് 500 രൂപ സഹായം നൽകാനാണ് ഇപ്പോൾ ജില്ലാ കളക്ടർക്ക് അധികാരമുള്ളത്. അത് 5,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. ഇത്തരം സാമ്പത്തിക സഹായങ്ങൾക്കുള്ള ചെക്കുകളും ബില്ലുകളും ട്രഷറി നിയന്ത്രണത്തിൽനിന്ന് പൂർണ്ണമായി ഒഴിവാക്കിയാലേ ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കുകയുള്ളൂ. മണൽ വാരൽ നിയമം പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ റിവർ മാനേജുമെന്റ് ഫണ്ടിലേയ്ക്ക് നൽകുന്ന തുകയും അനധികൃത മണൽ വാരലിന് ജില്ലാ കളക്ടർ ചുമത്തുന്ന പിഴത്തുകയും കളക്ടറേറ്റിൽ ചെലവഴിക്കാതെ കിടക്കുകയാണ്. മലപ്പുറം ജില്ലയിൽതന്നെ ആറു കോടിയോളം രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് ഈ തുക വിതരണം ചെയ്യാനുള്ള പ്രൊപ്പോസൽ കളക്ടർ ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടും ഇതുവരെ തീരുമാനം ഉണ്ടായിട്ടില്ല. നിയമ പരിപാലനം, ക്രമസമാധാന പാലനം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നീ അടിയന്തിര പ്രാധാന്യമുള്ള ജോലികൾ നിർവ്വഹിക്കേണ്ട ജില്ലാ കളക്ടർ മുതൽ താഴോട്ടുള്ള റവന്യൂ ഉദ്യോഗസ്ഥൻമാർക്കുവരെ അത്യാവശ്യമായ വാഹനങ്ങൾ നൽകണം. വളരെ പഴക്കമുള്ള, 20 വർഷം വരെ പഴക്കമുള്ള വാഹനങ്ങളാണ് അവർ ഉപയോഗിക്കുന്നത്. തിരൂരങ്ങാടിയിൽ റവന്യൂ ടവർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജില്ലാ ഭരണകൂടം അടിയന്തിര സാഹചര്യങ്ങളിൽ അവസരത്തിനൊത്ത് ഉയർന്ന് ശക്തമായ തീരുമാനമെടുക്കുകയും ഇത്തരം തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ തയ്യാറാകുകയും വേണം. എടുത്ത തീരുമാനങ്ങളിൽനിന്ന് പുറകോട്ടു പോകുന്നത് ജില്ലാ ഭരണകൂടത്തിന്റേയും അതുവഴി സർക്കാരിന്റേയും സൽപ്പേരിന് കളങ്കം ചാർത്താൻ കാരണമാകും. മാറാട്ടെ പുതിയ സംഭവ വികാസങ്ങൾ നമുക്ക് പാഠമാകണം. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങളിലെല്ലാം പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. മുരളി</u> : സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. തൊട്ടതെല്ലാം പൊന്നാക്കിയ, ദീർഘകാലം മന്ത്രിയായിരുന്നപ്പോൾ തന്റെ മാന്ത്രിക സ്പർശംകൊണ്ട് ഭരണരംഗത്തെ നവീകരിക്കാൻ നേതൃത്വം കൊടുക്കുന്ന ആളാണ് മാണി സാർ എ. കെ. ആന്റണി ഗവൺമെന്റ് നടപ്പിലാക്കുന്ന, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മോഡണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കാൻ ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടത്, റി-സ്ട്രക്ച്ചർ നടപ്പിലാക്കേണ്ടത് റവന്യൂ ഡിപ്പാർട്ടുമെന്റിലാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന് അങ്ങ് ആരംഭിച്ചിരിക്കുന്ന പരിശ്രമങ്ങൾക്ക് ഭരണ പ്രതിപക്ഷ ഭേദമില്ലാതെ ഈ സഭയുടെ പൂർണ്ണമായ പിന്തുണയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് ബ്രിട്ടീഷ് ഭരണത്തിന്റെ സന്തതിയാണെങ്കിൽ ബ്രിട്ടീഷ് ഇൻഡ്യയുടെ കാലത്ത് ആവിഷ്ക്കരിച്ച റവന്യൂ നടപടിക്രമങ്ങൾക്ക്, നിയമത്തിലുള്ള മാറ്റങ്ങൾ മാത്രമല്ല മാനവത്തിലുള്ള മാറ്റങ്ങൾക്കും മാത്രമല്ല റവന്യൂ നടപടിക്രമങ്ങൾക്കുതന്നെയും സമഗ്രമായ പരിഷ്ക്കാരം ഏർപ്പെടുത്താനുള്ള പരിശ്രമങ്ങളുടേതായി ഈ വർഷം മാറണമെന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥനവേളയിൽ എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. റവന്യു ഭരണ രംഗത്തെ രണ്ട് പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോക്കുവരവു നടത്തി പേരിൽക്കൂട്ടി കൊടുക്കുന്ന പ്രക്രിയ, ട്രാൻസ്ഫർ ഓഫ് രജിസ്ട്രി, ആ രംഗത്ത് നടമാടുന്ന അഴിമതിയും ക്രമക്കേടുകളും സാധാരണ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അങ്ങയെപ്പോലുള്ള ആളിന് മനസ്സിലാകുന്ന കാര്യമാണ്. ഞങ്ങൾ ജനപ്രതിനിധികളാകട്ടെ, പൊതുപ്രവർത്തകരാകട്ടെ, ഓരോ ദിവസവും അനുഭവിക്കുന്ന പ്രശ്നങ്ങളാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വില്ലേജ് ആഫീസുകളും താലൂക്ക് ആഫീസുകളും ബാലികേറാമലകളായി മാറുന്നു. അവർ ഈ ആഫീസുകളെ ഭയപ്പെടുന്നുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം ട്രാൻസ്ഫർ ഓഫ് രജിസ്ട്രിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും തന്നെയാണ്. ഇത് നിയമപരമായിട്ടുള്ള അവകാശമല്ല. ഭൂമിയുടെ കൈവശക്കാരന്റെ പേരുമാറ്റം മാത്രമാണ് സത്യത്തിൽ പോക്കുവരവിലൂടെ നടപ്പിലാക്കുന്നതെങ്കിൽ, പേരിൽക്കൂട്ടിക്കൊടുക്കുന്നതെങ്കിൽ, ഒരുപക്ഷേ, കോടതി എൻഫോഴ്സ് ചെയ്യുന്ന അവകാശം ഇല്ലായെങ്കിൽ ടാക്സ് കളക്ട് ചെയ്യാൻ മാത്രം പേരിൽക്കൂട്ടിക്കൊടുക്കുന്ന പ്രക്രിയയ്ക്ക് മറ്റൊരർത്ഥവും ഇല്ലെങ്കിലും സാധാരണ ജനങ്ങൾ ഈ പ്രക്രിയയെ ഭയപ്പെടുകയാണ്. റവന്യു അധികാരികൾ ഈ പ്രക്രിയയിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. അങ്ങ് ഇതിനെക്കുറിച്ച് കൂലങ്കഷമായി ചിന്തിച്ചുകൊണ്ട് ട്രാൻസ്ഫർ ഓഫ് രജിസ്ട്രി, പേരിൽക്കൂട്ടി കൊടുക്കൽ പ്രക്രിയ സുതാര്യമാക്കാനും സുഗമമാക്കാനും ലളിതമാക്കാനുമുള്ള നടപടിക്രമങ്ങൾക്കുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇത് യഥാർത്ഥത്തിൽ ഒരു ടൈറ്റിലല്ല. ടൈറ്റിലല്ല എന്നുള്ള യാഥാർത്ഥ്യം സാധാരണ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് പോക്കുവരവ് ലളിതവത്കരിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കണം. കൊല്ലവർഷം 1074-ലാണ് തിരുവിതാംകൂറിൽ പോക്കുവരവ് ആരംഭിച്ചത്. 1074-ൽ ആരംഭിച്ചത് 1078-ൽ തീർന്നു. 1968-ലാണ് കേരളത്തിൽ ഇപ്പോഴത്തെ റീ സർവ്വേ ആരംഭിച്ചത്. ആ റീ സർവ്വേ പ്രക്രിയ ആരംഭിച്ചിട്ട് ഇന്ന് 36 വർഷം ആകുകയാണ്. 40 വർഷത്തിലൊരിക്കൽ റീ സർവേ റിക്കോർഡുകൾ പുതുക്കണമെങ്കിൽ അഞ്ചുവർഷം കൂടി കഴിയുമ്പോൾ അടുത്ത ഊഴം വരികയാണ്. ഈ 35 വർഷമായിട്ടും റീ സർവ്വേ പ്രക്രിയ പൂർത്തീകരിച്ചു കൊണ്ട് സെറ്റിൽമെന്റ് നടത്താൻ കഴിഞ്ഞിട്ടില്ല. പണ്ട് ഇത് കണ്ടെഴുത്തായിരുന്നു ഒരു നൂറ്റാണ്ട് മുൻപ് തിരുവിതാംകൂറിന്റെ കാലഘട്ടത്തിൽ വിജയകരമായി പൂർത്തീകരിച്ചുവെങ്കിൽ ഈ 35 വർഷക്കാലത്തെ റീ സർവ്വേ പ്രക്രിയയിലൂടെ കണ്ടെഴുത്തിനു പകരം കേട്ടെഴുത്ത് നടത്തി സെറ്റിൽമെന്റ് നടത്താതെ വസ്തുക്കളുടെ അതിർത്തി നിർണ്ണയം നടത്താനോ പേരുവിവരം നിർണ്ണയിക്കാനോ കഴിയാതെ ഇതിനകം ദുരൂഹത നിറഞ്ഞ, അഴിച്ചാൽ അഴിക്കാൻ കഴിയാത്ത കുരുക്കുകളായി വിവിധ വ്യവഹാരങ്ങളിലേയ്ക്ക് അവസരം ഉണ്ടാക്കുന്ന നിലയിലേയ്ക്ക് റീ സർവ്വേ ഇന്ന് മുന്നോട്ട് പോകുന്നു. ഈ സർവ്വേയുടെ ദുരന്തഫലങ്ങൾ കേരളത്തിലെ സാധാരണ ജനങ്ങൾ, പാവപ്പെട്ട ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തെ സർവ്വേ അഞ്ചു വർഷം കൊണ്ട് പൂർത്തീകരിക്കണം. അങ്ങ് കഴിഞ്ഞ പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായിരുന്നപ്പോൾ എത്രയോ അദാലത്തുകൾ നടത്തി. ആ പ്രക്രിയ കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്തും ഈ ഗവൺമെൻറിന്റെ കാലത്തും തുടരുകയാണ്. പക്ഷേ, അദാലത്തുകളിലൂടെ കുറേ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ പുതിയ പ്രശ്നങ്ങൾ ആവിർഭവിക്കുകയാണ്. അത് അന്തമില്ലാത്ത നിലയിൽ മുന്നോട്ട് പോകുന്നു. സെറ്റിൽമെന്റ് ആക്കാൻ കഴിയാത്തതു തന്നെയാണ് ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ട് ഈ സർവ്വേ സെറ്റിൽമെന്റ് ഉണ്ടാക്കാൻ വരുന്ന ഒരു വർഷക്കാലം ഒരു ട്രൈബൽ വേണം. റീ സർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും അദാലത്തുകൾ പൂർത്തീകരിക്കാനും സർവ്വേ സെറ്റിൽമെന്റ് ഉണ്ടാക്കാനും ഡിപ്പാർട്ടുമെന്റിന്റെ എല്ലാ ഫോക്കസ് കോൺസൻട്രേഷനും സ്ട്രെസ്സും കൊടുക്കാനുള്ള നടപടി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ വിനീതമായിട്ടുള്ള അഭ്യർത്ഥന. ഞാൻ ഏതാനും ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കുത്തകപ്പാട്ടഭൂമി എടുത്തിട്ടുള്ള സ്വകാര്യ വ്യക്തികൾ, ധർമ്മ സ്ഥാപനങ്ങൾ, സ്കൂളുകൾ, മറ്റ് ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ എന്നിവയുടെ കാര്യം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയോടെ കുത്തക പാട്ട ഭൂമിക്കുള്ള പാട്ടപ്പണം അന്യായമായി ഇപ്പോൾ ഈടാക്കാനുള്ള നടപടിയായി. ഈ പണം കിട്ടുന്നുമില്ല. ഉള്ള പാട്ടക്കാശ് പോലും ഇല്ലാതായി. കാരണം ഹൈക്കോടതി തന്നെ പലതും സ്റ്റേ ചെയ്തിരിക്കുകയാണ്. അത് റാഷണലൈസ് ചെയ്യണം. കുത്തകപ്പാട്ട പണം ഹൈക്കോടതി പറഞ്ഞിരിക്കുന്ന വിധി മറി കടക്കണമെന്നല്ല ഞാൻ പറഞ്ഞത്. പക്ഷേ, റാഷണലൈസ് ചെയ്തുകൊണ്ട് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുകയോ വേണ്ടി വന്നാൽ വേറെ നിയമം ഉണ്ടാക്കിക്കൊണ്ടോ യാഥാർത്ഥ്യബോധത്തോടെയുള്ള പാട്ടപ്പണം ഈടാക്കാനുള്ള നടപടി സ്വീകരിക്കണം. നമ്മുടെ ഈ പോക്കുവരവ് കാരണം, റീ സർവ്വേ പ്രശ്നങ്ങൾ കാരണം, ഒരർത്ഥത്തിൽ സാധാരണ ജനങ്ങൾ ഭയപ്പെടുന്ന അഴിമതിയുടെ കേളീരംഗമായി റവന്യൂ ഡിപ്പാർട്ടുമെന്റ് മാറിയിരിക്കുന്നു. വില്ലേജ് ഓഫീസ് മുതൽ മുകളിലോട്ടുള്ള ഓരോ തലത്തിലും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം സുതാര്യമാക്കാനും അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് അറപ്പുണ്ടാക്കാനും ഒഫിഷ്യൽസും നോൺ ഒഫിഷ്യൽസും ഉള്ള ഒരു റവന്യൂ സർവേലൻസ് യൂണിറ്റ്, അത് വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും രൂപീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. അങ്ങ് തന്നെ പ്രഖ്യാപിച്ച ഗുഡ് ഗവേണൻസ്. അതിന്റെ ഭാഗമായിട്ട് ഇത്തരം റവന്യൂ സർവ്വേലൻസ് യൂണിറ്റുകൾ, അത് സ്റ്റാറ്റ്യൂട്ടറി അധികാരം കൂടെയുള്ള സർവേലൻസ് യൂണിറ്റുകളാക്കി രൂപീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇ-ഗവേണൻസിന്റെ ഭാഗമായിട്ട് അങ്ങ് കംപ്യൂട്ടറിലേയ്ക്ക് കടക്കുകയാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ, ഈ കംപ്യൂട്ടറുകൾ വില്ലേജ് ഓഫീസുകളിൽ മാത്രം വച്ചിട്ട് കാര്യമില്ല. താലൂക്ക് ഓഫീസുകളിൽ മാത്രമാക്കിയിട്ട് കാര്യമില്ല. കളക്ടറേറ്റ് ഉൾപ്പെടെയുള്ള ഒരു ജില്ല മുഴുവൻ എങ്കിലും ലിങ്ക് ചെയ്യാൻ കംപ്യൂട്ടർ സംവിധാനത്തിന് കഴിയുന്നില്ലായെങ്കിൽ യാതൊരു പ്രയോജനവുമില്ല. കേന്ദ്ര ഗവൺമെൻറ് സഹായധനം നൽകുന്നുണ്ട്. ആ സഹായധനം പൂർണ്ണമായി പ്രയോജനപ്പെടുത്തി കൊണ്ട് , റവന്യൂ രേഖകൾ കംപ്യൂട്ടറൈസ് ചെയ്തുകൊണ്ട് ഏറ്റവും കുറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ജില്ലയിലെങ്കിലും ലിങ്ക് ചെയ്യാൻ കഴിഞ്ഞെങ്കിൽ മാത്രമേ കംപ്യൂട്ടറിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ഉണ്ടാവുകയുള്ളൂ. കംപ്യൂട്ടറൈസ് ചെയ്യുമ്പോൾ വൈറസിന്റെ പ്രശ്നം ഉൾപ്പെടെ ഉള്ളതുകൊണ്ട് ഞാൻ പറയുകയാണ്. പഴയ റിക്കോർഡുകൾ നശിപ്പിച്ചു കളയരുത്. മാനിപ്പുലേഷൻസ് ഉണ്ടാകും. ജീവിത രേഖകളാണ് ഈ റവന്യൂ റിക്കോർഡുകൾ. ഈ രേഖകൾ നശിച്ചു പോയാൽ, അത് സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ, കംപ്യൂട്ടറൈസേഷൻ നാളെ അനന്തമായ വ്യവഹാരങ്ങൾക്ക് കാരണമാകുമെന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ സാധാരണ ജനങ്ങൾ സർട്ടിഫിക്കറ്റുകൾ വാങ്ങാൻ വില്ലേജ് ആഫീസുകളിൽ പോകുന്നു. അങ്ങ് കഴിഞ്ഞ പ്രാവശ്യം റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചപ്പോൾ വില്ലേജ് ഓഫീസർമാർക്ക് അതിന്റെ ഒട്ടുമുക്കാൽ അധികാരങ്ങളും നൽകി. പക്ഷേ, ജൂൺ, ജൂലായ് മാസങ്ങൾ വിദ്യാർത്ഥികളുടെ പ്രവേശനത്തിനുൾപ്പെടെ ഈ സർട്ടിഫിക്കറ്റുകൾക്കുവേണ്ടി നെട്ടോട്ടം ഓടുന്ന നാളുകളാണ്. അവർ അത്രയും ജനങ്ങളെ പിഴിയുന്നു. പാവപ്പെട്ട ജനങ്ങളെ പിഴിയാൻ ഈ രംഗത്തുള്ളവർക്ക് താൽപ്പര്യമാണ്. അവസരം തേടി നടക്കുന്ന കാലഘട്ടവുമാണ്. അവിടെയാണ് റവന്യൂ സർവേലൻസ് യൂണിറ്റുകൾ, സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള നോൺ ഒഫിഷ്യൽസ് ഉൾപ്പെടെയുള്ള യൂണിറ്റുകൾ ജാഗ്രത കാണിക്കേണ്ടത്. മോഡണൈസിംഗ് ഗവൺമെൻറ് പ്രോഗ്രാമിന്റെ ഭാഗമായിട്ട് ഇത്തരം കാര്യങ്ങൾ ചെറിയ ജനകീയ പങ്കാളിത്തത്തോടുകൂടി ചെയ്താൽ ഈ സർട്ടിഫിക്കറ്റിന്റെ കാര്യത്തിലുള്ള ബുദ്ധിമുട്ടുകളും അഴിമതിയും രക്ഷകർത്താക്കൾക്കുള്ള പ്രയാസങ്ങളും അവസാനിക്കും. ഈ ജൂൺ, ജൂലായ് മാസങ്ങളിൽ ഒരു പ്രത്യേകം സെൽ ഉണ്ടാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം, മണൽ വാരൽ നിയന്ത്രണ നിയമം ഇവിടെ കൊണ്ടു വന്നു. അത് പരാജയമായിപ്പോയി. കടവുകമ്മിറ്റികൾ കേരളത്തിൽ എവിടെയെങ്കിലും കൂടിയിട്ടുണ്ടോ ? മണലിനെ സ്പിരിറ്റിനെപ്പോലെയോ മദ്യത്തെ പോലെയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കള്ളക്കടത്ത് സാധനങ്ങൾ പോലെയോ ജനങ്ങളുടെ മുൻപിൽ ഭയപ്പെടുത്തി ചിത്രീകരിക്കേണ്ട കാര്യമില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ വേണം. അത് നിയമപരമായി നമ്മുടെ പാലങ്ങൾക്ക് നാശം ഉണ്ടാകാതെ വാരാനുള്ള അവസരം കൊടുക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം. പക്ഷേ, പരാജയപ്പെട്ടുപോയ നിയമത്തിന്റെ മുന്നിൽ നിയമത്തിൽ വിഭാവന ചെയ്ത കടവു കമ്മിറ്റികൾ ഒരിക്കൽ പോലും കൂടാത്ത നമ്മുടെ സംസ്ഥാനത്ത് പോലീസും നമ്മുടെ റവന്യൂ ഉദ്യോഗസ്ഥൻമാരും വേണമെങ്കിൽ രാഷ്ട്രീയക്കാരും എന്ന് പറയാം, ഒരു വിഷമവൃത്തം സൃഷ്ടിച്ചുകൊണ്ട് അഴിമതിക്കുള്ള മറ്റൊരു രംഗമായി അതിനെ മാറ്റിയിരിക്കുന്നു. കേരളം ജനസാന്ദ്രതയുള്ള സംസ്ഥാനമാണ്. നമുക്ക് ഒരു ലാന്റ് മാനേജുമെന്റ് പോളിസി ഉണ്ടാകണം. മോഡണൈസിംഗ് ഗവൺമെൻറ് പ്രോഗ്രാമിലേയ്ക്ക് നമ്മൾ കടക്കുമ്പോൾ നമ്മുടെ ഭൂമിയെ പരമാവധി പ്രയോജനപ്പെടുത്താനും ദുർവിനിയോഗം ചെയ്യാതിരിക്കാനും ട്രാൻസ്പേരൻസിയുള്ള ഒരു ലാന്റ് പോളിസി ഉണ്ടാക്കാൻ ഈ വർഷം നമ്മുടെ ഗവൺമെൻറിന് കഴിയണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്ക് അങ്ങ് വിജയകരമായി കഴിഞ്ഞ രണ്ടു വർഷക്കാലം നേതൃത്വം കൊടുത്തു. പക്ഷേ, കളക്ടർമാർ, അവർക്ക് അലോട്ട് ചെയ്ത പണം തിരിച്ചു കൊടുത്തു. അവർ ആ പണം തിരിച്ചു കൊടുത്തത് പ്രകൃതിക്ഷോഭം ഉണ്ടാകാത്തതുകൊണ്ടാണോ ? അപേക്ഷകർ ഇല്ലാഞ്ഞിട്ടാണോ ? പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനു ധനസഹായം കൊടുക്കുമ്പോൾ പലപ്പോഴും ലീക്കേജ് ഉണ്ടാകുകയാണ്. പിൽഫറിംഗ് ഉണ്ടാകുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ വിതരണത്തിൽ പോലും പിൽഫറിംഗ് നടക്കുന്നു. പാവപ്പെട്ടവർക്ക് ഒരാഴ്ചത്തെ ചികിത്സയ്ക്കുള്ള പണം കൊടുക്കുന്നതിൽ പോലും ചോർച്ച നടക്കുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളോ ധനസഹായങ്ങളോ കൊടുക്കുന്നതിലോ ഒരാഴ്ചത്തെ ചികിത്സയ്ക്കുള്ള പണം കൊടുക്കുന്നതിൽ പോലും പിൽഫറിംഗ് ഉണ്ടാകുന്നുവെങ്കിൽ അത് കർശനമായി തടയാനുള്ള നടപടി നിശ്ചയമായിട്ടും അങ്ങയുടെ ഗവൺമെൻറ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. അഡ്വക്കേറ്റ് ജനറൽ ഓഫീസ് കാര്യക്ഷമമാക്കണം. ഗവൺമെൻറിനുവേണ്ടി വാദിക്കേണ്ട അഭിഭാഷകർ ഗവൺമെൻറിനുവേണ്ടി വാദിക്കണം. സർക്കാരിന്റെ താൽപ്പര്യം സംരക്ഷിക്കേണ്ടവരാകണം. സുപ്രീം കോടതിയിൽ സ്റ്റാന്റിംഗ് കോൺസൽസിനുവേണ്ടി ഒരു ഭീമമായ തുകയാണ് പ്രതിഫലമായി കൊടുക്കുന്നത്. കേരളത്തിന്റെ താൽപ്പര്യം സുപ്രീം കോടതിയിൽ, ഗവൺമെൻറിന്റെ താൽപ്പര്യം സുപ്രീം കോടതിയിൽ, സമൂഹത്തിന്റെ താൽപ്പര്യം സുപ്രീം കോടതിയിൽ വാദിച്ച് വിജയം കൈവരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ഉറപ്പു വരുത്താൻ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പാവപ്പെട്ടവർക്ക് നിയമസഹായം എന്നത് അങ്ങ് നേരത്തെ മന്ത്രിയായിരുന്നപ്പോൾ മുന്നോട്ടുവച്ച ആശയമാണ്. ഒരുപക്ഷേ, അഭിഭാഷകർ അവരുടെ ജീവിതത്തിനുവേണ്ടി പാവപ്പെട്ടവരെ ഒരു പരിധിവരെ ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്നുവെങ്കിൽ പാവപ്പെട്ടവരുടെ നിയമസഹായം, അത് വ്യാപകമാക്കാനും സ്ഥിരം അദാലത്തുകൾ, നമ്മുടെ എല്ലാ കോടതികളിലും ദൈനംദിന അദാലത്തുകൾ ഉണ്ടാക്കാനും ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്വീകരിച്ചിരിക്കുന്ന നടപടികൾക്ക് സ്റ്റേറ്റ് ഗവൺമെന്റ് പൂർണ്ണമായ പിൻതുണ നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഹൗസിംഗിനെക്കുറിച്ച് ഒരു വാക്ക്, തകർന്നുപോയ ഹൗസിംഗ്ബോർഡിന്റെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞു. മൈത്രീ പദ്ധതി തകർന്നുപോയി. 56,000-ത്തോളം പേർക്ക് പൊളിച്ചിട്ട വീടുകൾ പുതുക്കിപ്പണിയാൻ കഴിയാതെപോയി, ഹഡ്കോയുടെ കടക്കെണിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അകപ്പെട്ടുപോയ ഹൗസിംഗ് ബോർഡിനെ രക്ഷിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞു. ഞാൻ അങ്ങയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു, അങ്ങ് സ്വീകരിച്ച നടപടികളെ ഞാൻ ശ്ലാഘിക്കുന്നു. പക്ഷേ, ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ, രാജ്യത്തെ ബാങ്കുകളെല്ലാം, ധനകാര്യ ഏജൻസികളെല്ലാം വീട് ഉണ്ടാക്കാൻ സ്ഥിരവരുമാനക്കാർക്കും, അതിനുമുകളിലുള്ളവർക്കും പണം കൊടുക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ ഭാവിയിൽ അഗതികൾക്കു മാത്രമായി, പാവങ്ങൾക്കു മാത്രമായി ഈ ബാങ്കുകളോ, ധനകാര്യ സ്ഥാപനങ്ങളോ ലോൺ കൊടുക്കാൻ മടിക്കുന്നവർക്കു മാത്രമായി പരിമിതപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് മോഡേണൈസിംഗ് പ്രോഗ്രാമിന് അനുഗുണമായി അങ്ങയുടെ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മാറ്റാൻ ഈ വരുന്ന വർഷം ഒരു ഡ്രൈവ് ഉണ്ടാകട്ടെ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു.

ശ്രീ. കെ. കെ. നായർ : സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റവന്യൂ എന്നുപറഞ്ഞാൽ നികുതി സംഭരണം മാത്രമല്ല, സംഭരിക്കുന്ന നികുതി പൊതുജന നന്മയ്ക്കുവേണ്ടി വിനിയോഗിക്കുക കൂടി വേണമെന്ന അഭിപ്രായം എനിക്കുണ്ട്. നിഘണ്ടുവിലെ റവന്യൂവിന്റെ meaning, 'the income of a Government from taxation and other sources appropriated for public expenses' എന്നാണ് കൊടുത്തിരിക്കുന്നത്. നികുതി സംഭരണം മാത്രമല്ല, അതിന്റെ വിനിയോഗവും കൂടി റവന്യൂ എന്ന വകുപ്പിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്ന് നമ്മൾ മനസ്സിലാക്കണം. നമ്മൾ സംഭരിക്കുന്ന നികുതി എങ്ങനെ ചെലവഴിക്കുന്നു എന്നുള്ളത് കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഗവൺമെന്റിന്റെ നിലനിൽപ്പിനുവേണ്ടിയും, അഡ്മിനിസ്ട്രേഷനു വേണ്ടിയുമുള്ള ചെലവ് കൂടിക്കൂടി വരുന്ന ഒരു സ്ഥിതിയാണ് കണ്ടുവരുന്നത്. ഉദ്യോഗസ്ഥർക്കും അനുദ്യോഗസ്ഥർക്കും ശമ്പളം കൊടുക്കുവാനും അവർക്ക് ഡി.എ. വർദ്ധിപ്പിക്കുവാനും, ഡി.എ. കൊടുക്കാനുമൊക്കെ നമ്മൾ താൽപ്പര്യം കാണിക്കുന്നുണ്ട്. രണ്ടു ദിവസങ്ങളിലായി പത്രങ്ങളിൽ വന്ന ഒരു വാർത്തയുണ്ട്. 50 കോടിയിലധികം രൂപ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാർ അനധികൃതമായിട്ട് കൈകാര്യംചെയ്ത് ലാഭമുണ്ടാക്കുന്നു എന്ന വാർത്തയാണ് നമ്മൾ കണ്ടത്. ഈ രാജ്യത്ത് വർക്ക് ചെയ്യുന്ന കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്തതിനുശേഷം ചെക്ക് മാറാൻ നടക്കുന്ന കാലഘട്ടത്തിൽ ട്രഷറി ബാൻ ആണെന്നുപറഞ്ഞ് ഒഴിയുന്ന അവസരത്തിലാണ് ഈ 50 കോടി രൂപയുടെ ചരിത്രം നമ്മൾ പത്രത്തിൽ കണ്ടത്. ഈ 50 കോടി രൂപ ഉദ്യോഗസ്ഥൻമാർ ട്രഷറിയിൽ നിന്ന് അഡ്വാൻസായി വാങ്ങിവച്ച് പലിശയ്ക്ക് കൊടുക്കുന്നു എന്ന വാർത്തയാണു നമ്മൾ കണ്ടത്. അപ്പോൾ ഈ രീതിയിലുള്ള അനധികൃതമായ നടപടികൾ ധാരാളം നടക്കുന്നുണ്ട്. അതുപോലെതന്നെ ഉദ്യോഗസ്ഥൻമാരുടെ റീ-ഇംബേഴ്സ്മെന്റ്. അയലത്തെ ആളിന് സുഖക്കേട് ആണെങ്കിലും അത് സ്വന്തമാണെന്ന് വരുത്തി ബിൽ വാങ്ങിച്ച് റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്ന ചരിത്രവും നമ്മുടെ നാട്ടിലുണ്ട്. അതുപോലെ തന്നെ ചെയ്യാത്ത ജോലിക്ക് ലീവ് സറണ്ടർ ചെയ്ത് പണം വാങ്ങുന്ന സമ്പ്രദായവും നമുക്കുണ്ട്. ഇതുപറയുമ്പോൾ ഒരു കാര്യം എനിക്കോർമ്മ വരുന്നു. നമ്മുടെ നഗരത്തിലെ സംഘടിത തൊഴിലാളി വർഗ്ഗം, ലോഡ് വന്നുകഴിഞ്ഞാൽ അവർ വലിയ താൽപ്പര്യമൊന്നും കാണിക്കില്ല, ആരെങ്കിലും ഇറക്കിക്കോട്ടെ എന്നുവിചാരിക്കും. ഇറക്കിക്കഴിയുമ്പോൾ അവർ കൂലി വാങ്ങിക്കുകയും ചെയ്യും. അതിനെ അവർ നോക്കുകൂലി എന്നാണ് പറയുന്നത്. അപ്പോൾ കായികാദ്ധ്വാനം ചെയ്യുന്ന ആളുകൾ നോക്കുകൂലി

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയാൽ അത് വളരെ അതിക്രമമാണ്, കൊള്ളരുതായ്മയാണ് എന്നൊക്കെ നമ്മൾ പറയും. പക്ഷേ, നമ്മുടെ സർക്കാർ സർവ്വീസിലും അതുപോലുള്ള രംഗങ്ങളിലും ഫാനിന്റെ കീഴിൽ സുഖമായി കഴിയുന്ന ഉദ്യോഗസ്ഥർ എന്തനീതി കാണിച്ചാലും അതിനെക്കുറിച്ച് നമുക്ക് പരാതിയില്ല, അത് മൗനസമ്മതത്തോടു കൂടി നമ്മൾ അംഗീകരിക്കും. ഈ വ്യവസ്ഥിതിക്ക് ഒരു മാറ്റം വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. വരുമാനം ഉണ്ടാക്കണം, അത് പൊതുജനനന്മയ്ക്കു വേണ്ടി ഉപയോഗിക്കുകയും ചെയ്യണം. നമ്മുടെ നാട്ടിൽ മഴ നനഞ്ഞ് തണുത്തുവിറച്ച് ലക്ഷംവീടുകളിൽ ജീവിക്കുന്ന പാവപ്പെട്ടവരെക്കുറിച്ച് നമ്മൾ പലപ്പോഴും ചിന്തിക്കാറില്ല. സ്വന്തം കിടപ്പാടമില്ലാതെ കടത്തിണ്ണയിൽ കിടന്നുറങ്ങുന്നവരുടെ താമസസൗകര്യത്തെക്കുറിച്ചും പലപ്പോഴും നമ്മുടെ ശ്രദ്ധയിൽപ്പെടുകയില്ല. പക്ഷേ, ഇതിനൊക്കെ പരിഹാരം കാണാൻ നമ്മൾ പരിശ്രമിക്കണം. നാടിന്റെ വരുമാനം ജോലിചെയ്താലും ഇല്ലെങ്കിലും കുറേ ബുദ്ധിജീവികൾക്ക് മാത്രം മാറ്റിവയ്ക്കുന്ന ഏർപ്പാട് നമ്മൾ അവസാനിപ്പിക്കണം. കായികാദ്ധ്വാനം ചെയ്ത് ജീവിക്കുന്നവർക്കു കൂടി അതനുഭവിക്കാനുള്ള അംഗീകാരം നമ്മൾ നൽകണം. റവന്യൂ വരുമാനം പ്രത്യുൽപ്പാദനപരമായ മേഖലകളിലേയ്ക്ക് ചെലവഴിച്ച് കൂടുതൽ വരുമാനമുണ്ടാക്കണം. ഈ വരുമാനം ലക്ഷംവീടുകൾ നന്നാക്കാനും, വീടില്ലാതെ കടത്തിണ്ണയിൽ കഴിയുന്നവർക്ക് വീടുണ്ടാക്കാനും നമ്മൾ ഉപയോഗിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് നമ്മുടെ കാർഷികരംഗം വളരെ പ്രതിസന്ധിയിലാണ്. അതിന് പരിഹാരം കാണാൻ പല പ്രഖ്യാപനങ്ങളും നമ്മൾ നടത്തുമെങ്കിലും പ്രായോഗികമായി ഒന്നും വിജയിക്കുന്നില്ല. ഇന്ന് കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ ബുദ്ധിമുട്ട് രണ്ടു കാര്യങ്ങളിലാണ്. ഒന്ന് യഥാസമയം തൊഴിലാളികളെ കിട്ടില്ല, അഥവാ കിട്ടിയാൽത്തന്നെ അവന് വഹിക്കാൻ കഴിയാത്തവിധത്തിലുള്ള കൂലിവർദ്ധനവാണ്. അതുപോലെതന്നെ തൊഴിലാളിക്കും ജീവിക്കാനാവശ്യമായിട്ടുള്ള വരുമാനം കിട്ടാത്ത ഒരു അവസ്ഥയും നമുക്ക് കാണാൻ കഴിയും. കാർഷികരംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിച്ച് നികുതി വർദ്ധിപ്പിക്കണമെങ്കിൽ എനിക്ക് ഒരു മാർഗ്ഗം നിർദ്ദേശിക്കാനുള്ളത് കൃഷിക്കാരും കർഷകത്തൊഴിലാളികളും പൊരുത്തപ്പെട്ട് ജീവിക്കണമെന്നുള്ളതാണ്. കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അവർക്ക് വഹിക്കാവുന്ന രീതിയിലുള്ള വേജസ് നിശ്ചയിക്കാൻ ഗവൺമെന്റ് തയ്യാറാകണം. തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവർക്ക് സാമാന്യമായ ജീവിതനിലവാരം പുലർത്താൻ ആവശ്യമായ വേതനം കൊടുക്കാനും തയ്യാറാകണം. ഇത് രണ്ടുംകൂടി പൊരുത്തപ്പെടില്ല. ഇത് രണ്ടുംതമ്മിലുള്ള വ്യത്യാസം സർക്കാർ വഹിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. കൊടുക്കാവുന്നത്ര കൂലികൊടുക്കാൻ കൃഷിക്കാരന് അവസരം കൊടുക്കുകയും, ജീവിക്കാനാവശ്യമായ വരുമാനം ഉണ്ടാക്കാനുള്ള അവസരം തൊഴിലാളിക്ക് കൊടുക്കുകയും വേണം. ഈ സാമ്പത്തികഭാരം താങ്ങാൻ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ വന്നാൽ സംഘടിതമായ ഒരു തൊഴിലാളിവർഗ്ഗത്തെ നമ്മൾ ഉണ്ടാക്കിക്കഴിഞ്ഞാൽ അവർക്ക് പ്രതിമാസവരുമാനം തിട്ടപ്പെടുത്തിക്കൊടുക്കാൻ നമുക്ക് കഴിയണം. അങ്ങനെ ഈ രാജ്യത്തെ കാർഷിക ഉൽപ്പാദനം ഇന്നുള്ളതിന്റെ നാലോ, അഞ്ചോ ഇരട്ടി വർദ്ധിപ്പിച്ച് നമുക്ക് റവന്യൂ വർദ്ധിപ്പിക്കാൻ കഴിയണമെന്നുള്ളതാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. അതുപോലെ ഭൂനികുതി സെന്റിന് ഒരു രൂപ ക്രമത്തിലെങ്കിലും വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് വർദ്ധിപ്പിക്കണം എന്ന് ഞാൻ പറയുമ്പോൾ ഓരോ കൃഷിക്കാരന്റെയും കൈവശഭൂമിയുടെ ആധാരം അല്ലെങ്കിൽ വിസ്തീർണ്ണം തിട്ടപ്പെടുത്തണം. 15 സെന്റ് ആധാരത്തിലുള്ള ഒരാളുടെ കൈവശം 5 സെന്റേ ഇപ്പോൾ കാണൂ. കാരണം ചുറ്റുപാടും ഉണ്ടാകുന്ന റോഡുകളും വഴികളുമൊക്കെയായിട്ട് അവരുടെ സ്ഥലം നഷ്ടപ്പെടും, പക്ഷേ, ആ വഴിക്കുള്ള നികുതിയും അയാൾ കൊടുക്കേണ്ടിവരും. അതുകൊണ്ട് ഓരോരുത്തരുടെയും കൈവശമുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിക്കാൻ നമുക്ക് കഴിയണം. അതിനുവേണ്ടിയാണ് നമ്മൾ റീ-സർവ്വേ നടത്തുന്നത്. പക്ഷേ, ഇവിടെ പറഞ്ഞതുപോലെ 10, 35 കൊല്ലമായിട്ടും റീ-സർവ്വേ പരിഷ്ക്കരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എന്നുതന്നെയുമല്ല, റീ-സർവ്വേയിൽ വളരെ വലിയ ഒരു ഏടാകൂടം തന്നെ നടക്കുന്നുണ്ട്. വസ്തുവിന്റെ ഉടമ അയാൾ പേർഷ്യയിലാണെങ്കിൽ അയാളുടെ വസ്തുവിന്റെ നടുക്കുകൂടെ പുതിയ റോഡ് ഉണ്ടാക്കിയെന്നുവരും. അതുപോലെതന്നെ അര ഏക്കറോ, ഒരേക്കറോ നഷ്ടപ്പെട്ടെന്നും വരാം. ഇതിന് പരിഹാരം കാണുന്നതിനു വേണ്ടി ഓടിയെത്തിയാൽ പന്തീരായിരം ഉണ്ടെങ്കിൽ നമുക്ക് പരിഹരിക്കാം എന്നുള്ള മറുപടിയാണ് കേൾക്കാൻ കഴിയുക. ഇത്തരത്തിലുള്ള കൊള്ളയും, കൊള്ളിവയ്പ്പും വാസ്തവത്തിൽ ഈ രംഗത്തുനിന്നും തുടച്ചുനീക്കേണ്ടതാണ്. ഭൂനികുതി പിരിക്കുന്നതിൽ ഇന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് വലിയ താൽപ്പര്യമില്ല. ചെറിയ സംഖ്യകൾ നടന്ന് പിരിക്കാൻ അവർക്ക് ബുദ്ധിമുട്ടാണ്. അതിനൊരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. വസ്തു ഉടമകളുടെ പേരും ഓരോരുത്തരുടേയും പേരിലുള്ള വസ്തുവിന്റെ വിസ്തീർണ്ണവും കമ്പ്യൂട്ടറൈസ് ചെയ്ത് ലിസ്റ്റ് ഉണ്ടാക്കണം. ആ ലിസ്റ്റ് ഉണ്ടാക്കിക്കഴിഞ്ഞ് ബിൽ കമ്പ്യൂട്ടറിൽത്തന്നെ തയ്യാറാക്കി അത് പിരിച്ചെടുക്കുന്നതിനുള്ള അവകാശം കോൺട്രാക്ട് കൊടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. പത്തോ, നൂറോ, അഞ്ഞൂറോ, ആളുകളുടെ നികുതി പിരിച്ചുകൊണ്ടുവരുന്നവർക്ക് ഇത്ര രൂപ കമ്മീഷൻ എന്നുപറഞ്ഞാൽ ഈ രാജ്യത്തെ ചുറുചുറുക്കുള്ള ചെറുപ്പക്കാർക്ക് വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗമാകും. സർക്കാരിന് ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കേണ്ട ഭാരം വളരെ കുറയ്ക്കാനും കഴിയും എന്നാണ് എനിക്ക് തോന്നുന്നത്. ഈ രീതിയിൽ ചില സംസ്ഥാനങ്ങളിൽ ഇത് നടത്തുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ആ രീതിയിൽ നമ്മൾ പരിഹാരം കാണാൻ ശ്രമിക്കണം. നമ്മുടെ വെള്ളപ്പൊക്കക്കെടുതികളിൽ നമ്മൾ പരിഹാരം കാണുമ്പോൾ ശാശ്വതമായ പരിഹാരം കാണാനുള്ള നടപടിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ അടുത്ത സമയത്ത് ഒരു മാടക്കടക്കാരൻ ഒരാളെ പിടിച്ചുനിർത്തി അയാൾക്ക് കിട്ടാനുള്ള കടത്തെപ്പറ്റി ചോദിച്ചു. ആ മനുഷ്യൻ ഒരു ആറ്റിന്റെ തീരത്തു താമസിക്കുന്ന ആളാണ്. അയാൾ പറഞ്ഞു, കർക്കിടക മാസം ഒന്ന് വന്നോട്ടെ ഞാൻ നിങ്ങൾക്ക് തരാനുള്ള കാശ് തന്നേക്കാം. അപ്പോൾ ചോദിച്ചു, കർക്കടക മാസം വരുമ്പോൾ നിനക്ക് എങ്ങനെയാണ് കാശ് കിട്ടുന്നത് എന്ന്. അയാൾ പറഞ്ഞു, അടുത്ത മഴയത്ത് വെള്ളപ്പൊക്കം വരുമ്പോൾ എന്റെ വീട് താഴെപ്പോകും, താഴെപ്പോയിക്കഴിഞ്ഞാൽ അതിനുള്ള നഷ്ടപരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുമ്പോൾ തരാമെന്നാണ് പറയുന്നത്. ഇങ്ങനെ അഞ്ചും പത്തും കൊല്ലക്കാലം സ്ഥിരമായി വെള്ളപ്പൊക്കക്കെടുതിയുടെ ആനുകൂല്യം വാങ്ങിക്കുന്ന ഒരു വിഭാഗം ആളുകൾ നമ്മുടെ രാജ്യത്തുണ്ട്. അതിന് ഒരു പരിഹാരം കാണണം. ശാശ്വതമായ പരിഹാരം കാണാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. മറ്റൊരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് അതൽപ്പം രാഷ്ട്രീയമാണ്. നമ്മുടെ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ആരുതന്നെ ആയിരുന്നാലും ശരി, ആ വകുപ്പ് സ്വന്തം പാർട്ടിയുടെ വളർച്ചയ്ക്ക് സമ്മേളനങ്ങൾ വിജയിപ്പിക്കാൻ വേണ്ടി ഉപയോഗിക്കരുത് എന്ന ഒരു അഭ്യർത്ഥന ഉണ്ട്. അത് ഇന്ന് രാജ്യത്ത് വ്യാപകമായി ഉണ്ടായി കൊണ്ടിരിക്കുകയാണ്. അതിൽനിന്ന് ഉദ്യോഗസ്ഥൻമാരെ മോചിപ്പിക്കണം. അതിനുവേണ്ടി പണം കണ്ടെത്താനുള്ള സമ്മർദ്ദം വന്നുകഴിഞ്ഞാൽ അത് ബാധിക്കുന്നത് സാധാരണ ജനങ്ങളെയാണ്. അതുകൊണ്ട് അത്തരം ഏർപ്പാടുകളിൽ നിന്ന് നമ്മൾ മാറിനിൽക്കണം. ഈ നിർദ്ദേശങ്ങൾ അംഗീകരിക്കും എന്ന പ്രതീക്ഷയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഭൂനികുതി, ജില്ലാഭരണവും പലവകയും, ഭവനനിർമ്മാണം, പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്നീ വകുപ്പുകളിലേയ്ക്ക് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായി പിൻതുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷക്കാലമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ റവന്യൂ വകുപ്പിനെ ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമായ വകുപ്പാക്കി മാറ്റാൻ കഴിഞ്ഞു എന്നുള്ള കാര്യത്തിൽ പ്രതിപക്ഷത്തുള്ളവർക്ക് പോലും സംശയമില്ലായെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ ഇവിടെ വളരെയധികം പണം ചെലവുചെയ്ത് റവന്യൂ കാർഡ് എന്നൊരു സംവിധാനം ഉണ്ടാക്കുകയുണ്ടായി. അതിനു മുമ്പത്തെ ഗവൺമെന്റിൽ ഇന്നത്തെ റവന്യൂ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മാണിസാർ തന്നെയായിരുന്നു റവന്യൂ കാർഡ് എന്ന സംവിധാനം ആദ്യമായി ഇവിടെ ഇൻട്രോഡ്യൂസ് ചെയ്തത്. കഴിഞ്ഞ ഗവൺമെന്റ് ഈ നിയമം പാസാക്കിയെങ്കിൽപോലും റവന്യൂ കാർഡിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്ത് എന്നറിയുവാൻ എല്ലാപേർക്കും കൗതുകമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അതിന്റെ സ്ഥിതിയെന്തെന്ന് വിശദീകരിക്കുമെന്ന് ഞാൻ കരുതുകയാണ്. അതുപോലെ വളരെക്കാലം മുമ്പു തന്നെ നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരായ ജനങ്ങൾ ഏറ്റവും കൂടുതൽ കടന്നുവരുന്ന ഓഫീസുകളെന്ന നിലയിൽ വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി താലൂക്ക്സഭകൾ രൂപീകരിച്ച കാര്യം ഞങ്ങൾ ഓർക്കുകയാണ്. 1991-ലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച ഈ താലൂക്ക് സഭകൾ വളരെ ഫലപ്രദമായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിവന്നിരുന്നു എന്നുള്ളകാര്യം ഞാൻ ഓർക്കുകയാണ്. അന്ന് വളരെ കാര്യക്ഷമമായി അത്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചിരുന്നു. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. പിന്നീട് വന്ന ഗവൺമെന്റ് ശ്രീ. രാജേന്ദ്രന്റെ കക്ഷി റവന്യു വകുപ്പ് കൈകാര്യം ചെയ്തിരുന്ന, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, അവരുടെ നയത്തിന്റെ ഭാഗമാണോ എന്ന് എനിക്ക് അറിയില്ല താലൂക്ക് സഭകളെ വന്ധീകരിച്ചു, അതിന്റെ പ്രവർത്തനം ഇല്ലാതാക്കി. ജനങ്ങൾ അങ്ങോട്ട് വരാതെയായി. എനിക്ക് ബഹുമാന്യനായ റവന്യു വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ താലൂക്ക് സഭകൾ നമ്മുടെ പാവപ്പെട്ട ആളുകളുടെ അഭയകേന്ദ്രങ്ങളായി മാറണം. നിയമത്തിന്റെ കുരുക്കുകൾ ഒഴിവാക്കി ജനങ്ങൾക്ക് പ്രയോജനം ലഭിക്കാൻ, അവരുടെ വിഷമം പെട്ടെന്ന് പരിഹരിക്കാൻ ഉതകുന്ന ഒരു കേന്ദ്രമെന്നുള്ള നിലയിൽ താലൂക്ക് സഭകളെ മാറ്റിയെടുക്കാൻ താലൂക്ക് സഭകൾക്ക് കൂടുതൽ അധികാരം കൊടുക്കണം. സ്റ്റാറ്റ്യൂട്ടറി അധികാരത്തെപ്പറ്റി കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞപ്പോൾ, താലൂക്ക് സഭകൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം കൊടുക്കുമെന്ന് അങ്ങ് പറഞ്ഞത് ഞാൻ ഓർക്കുന്നു. ഇനിയെങ്കിലും വൈകാതെ താലൂക്ക് സഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്റ്റാറ്റ്യൂട്ടറി അധികാരം താലൂക്ക് സഭകൾക്കും ഗ്രാമസഭകൾക്കും കൊടുക്കാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്ന് ഇത്തരുണത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം നമ്മുടെ ഗവൺമെന്റിന്റെ പ്രവർത്തനം ആരംഭിച്ച കാലം മുതൽ അതിന്റെ പല ഘട്ടങ്ങളിലും നിയമസഭയിൽ വില്ലേജുകൾ വിപുലീകരിക്കുന്ന കാര്യവും താലൂക്കുകൾ വിഭജിക്കുന്ന കാര്യവും ഒക്കെ ചർച്ചയ്ക്ക് വരികയുണ്ടായി. ഞാൻ ഇപ്പുറത്ത് ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ എനിക്ക് തോന്നുന്നു, ഒരുകാലത്ത് താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരത്തിന് നേതൃത്വം കൊടുത്ത ആളുകൾ പോലും ഇന്ന് മന്ത്രിസഭയിൽ ഉണ്ട്. സാമ്പത്തിക പ്രതിസന്ധിയാണ് താലൂക്ക് വിഭജനത്തിനു ഒരു തടസ്സമെങ്കിൽ ഇപ്പോൾ സാമ്പത്തികസ്ഥിതി അൽപ്പം മെച്ചപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ബഹുമാന്യനായ റവന്യു വകുപ്പുമന്ത്രി വലിയ താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം ഗൗരവമായിട്ടൊന്ന് പരിഗണിക്കണം. ഇപ്പോൾത്തന്നെ കൂത്താട്ടുകുളം താലൂക്ക് വളരെക്കാലമായി ജനങ്ങൾ ആഗ്രഹിക്കുന്ന, ആവശ്യപ്പെടുന്ന ഒരു താലൂക്കെന്നുള്ള നിലയിൽ കൂത്താട്ടുകുളം കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കുന്ന കാര്യം ബഹുമാന്യനായ മന്ത്രിയൊന്ന് പരിഗണിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും ഇതിനു മുമ്പത്തെ ഗവൺമെന്റും ഒക്കെ കാലാകാലങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടി നിരവധി കമ്മിഷനുകളെ ഏർപ്പെടുത്തിയിട്ടുണ്ട്, മൂർത്തി കമ്മിഷനുണ്ട്, ബാബുപോൾ കമ്മിഷനുണ്ട്, ഈ കമ്മിഷനുകളുടെയെല്ലാം ഏകകണ്ഠമായ ശുപാർശ ഞാൻ ഓർക്കുന്നു. മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു പുതിയ ജില്ല രൂപീകരിക്കണംഎന്ന ആവശ്യം ബഹുമാന്യനായ റവന്യു മന്ത്രി പരിഗണിക്കണം.എല്ലാക്കാലത്തും മൂവാറ്റുപുഴയോട് പ്രത്യേകമായ താൽപ്പര്യം കാണിക്കുന്നആളാണ് മാണിസാർ, ഇപ്പോഴും മൂവാറ്റുപുഴയോട് വലിയ താൽപ്പര്യം കാണിക്കുന്ന ആളാണ്. അത് എനിക്ക് നല്ല ബോദ്ധ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശം, മൂവാറ്റുപുഴ, കോതമംഗലം, പിറവം, അതുപോലെ കോലഞ്ചേരി പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലുള്ള ജനങ്ങൾ വലിയ ബുദ്ധിമുട്ടിലാണ്. ഞാൻ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം കൂടി കൊണ്ടുവരട്ടെ. എറണാകുളം ജില്ലക്കാർ അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ട്, പ്രത്യേകിച്ച് കിഴക്കൻ പ്രദേശങ്ങളിലുള്ള പാവപ്പെട്ട ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് വലുതാണ്. ഞങ്ങളുടെ ജില്ലാആസ്ഥാനമായ കാക്കനാട് കളക്ടറേറ്റിൽ പലപ്പോഴും ഈ പ്രദേശങ്ങളിൽ നിന്ന് ചെല്ലുന്ന ആളുകൾക്ക് കളക്ടറെ കാണാൻ കഴിയുകയില്ല. അദ്ദേഹത്തിന്റെ കുറ്റമല്ല. വലിയ ജോലിത്തിരക്കാണ്. എറണാകുളം നെടുമ്പാശ്ശേരി വിമാനത്താവളം ഉള്ളതുകൊണ്ട് ധാരാളം വി.ഐ.പികളും, വി.വി.ഐ.പി.കളും വന്നുപോകുന്ന സ്ഥലമാണ്. അവരൊക്കെ വന്നുകഴിഞ്ഞാൽ ജില്ലാകളക്ടർ അവരെയൊക്കെ സ്വീകരിക്കാൻ പോകണം. ഇതൊന്ന് പരിശോധിക്കണ്ടേ ? പാവപ്പെട്ട ആളുകൾ കളക്ടറേറ്റിൽ വന്നാൽ കളക്ടറെ കാണാൻ കഴിയുകയില്ല. കളക്ടർക്ക് അദ്ദേഹത്തിന്റെ മറ്റ് ജോലികൾക്ക് പോകേണ്ടിവരും. അതുകൊണ്ട് എറണാകുളം പോലുള്ള മർമ്മപ്രധാനമായ കേന്ദ്രങ്ങളിലെങ്കിലും വി.ഐ.പി.മാരെ സ്വീകരിക്കാൻ പുതിയ ഓഫീസറേയോ, ഐ.എ.എസ്.കാരനേയോ അല്ലെങ്കിൽ അഡീഷണൽ കളക്ടറെയോ നിയമിക്കണം. ജില്ലാകളക്ടർ ഓഫീസിൽ ഇരുന്നുകൊണ്ട്, സാധാരണക്കാരായ ആളുകൾ വരുമ്പോൾ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടെയുണ്ടാകണമെന്നുള്ള നിർദ്ദേശം കൊടുക്കാൻ ഭാവനാസമ്പന്നനായ ബഹുമാന്യനായ മാണിസാറിന് കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ തന്നെ ഇവിടെ ഒരു കാര്യം വളരെ അഭിമാനത്തോടുകൂടി പറയട്ടെ! റവന്യൂ വകുപ്പിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ചാണത്, 63 താലൂക്കുകളിൽ കമ്പ്യൂട്ടറൈസ്ഡ് സർട്ടിഫിക്കറ്റുകൾ കൊടുക്കാനുള്ള ക്രമീകരണമുണ്ടായി. നല്ല കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. മന്ത്രിയോ, ഗവൺമെന്റോ എത്ര ഭാവനാസമ്പന്നമായി കാര്യങ്ങൾ കൈകാര്യം ചെയ്താലും താഴെ ഇംപ്ലിമെന്റ് ചെയ്യുന്ന ചുരുക്കം ചില ഉദ്യോഗസ്ഥൻമാരെങ്കിലും അതിന് തടസ്സമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട് എന്ന് വളരെ ഉത്തരവാദിത്വത്തോടുകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. പാവപ്പെട്ട ആളുകൾ, പ്രത്യേകിച്ച് സ്കൂൾ-കോളേജുകൾ തുറക്കുന്ന സന്ദർഭത്തിൽ ഒരു വരുമാന സർട്ടിഫിക്കറ്റിനോ, ജാതി സർട്ടിഫിക്കറ്റിനോ ചെന്നാൽ അവർ ബുദ്ധിമുട്ടുന്ന കാഴ്ച ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ കാണേണ്ടിവരുന്നുണ്ട്. അനാവശ്യമായ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് വില്ലേജിലേയും, റവന്യൂ വകുപ്പിലേയും തഹൽസീൽദാർമാർ ഉൾപ്പെടെയുള്ളവർ പാവപ്പെട്ട ആളുകളെ കഷ്ടപ്പെടുത്തുന്ന സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണം. ഒരു ഉദാഹരണം പറയട്ടെ, പട്ടിക വിഭാഗത്തിൽപ്പെട്ട ഒരാൾ ജാതി സർട്ടിഫിക്കറ്റിനുവേണ്ടി ചെന്നാൽ അദ്ദേഹത്തിന്റെ മൂന്നു തലമുറകൾ, മുമ്പുള്ള കാരണവൻമാർ ജീവിച്ചിരുന്ന പ്രദേശം ഏതെന്നുനോക്കി അവിടെയുള്ള സർട്ടിഫിക്കറ്റുകൾ കൊണ്ടുവരണം. കഴിഞ്ഞകൊല്ലം കൊടുത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തംമക്കന്റെ ജാതി തെളിയിക്കുന്ന സർട്ടഫിക്കറ്റിനുവേണ്ടി വില്ലേജിൽ നിന്ന് കഴിഞ്ഞ പ്രവശ്യം സർട്ടിഫിക്കറ്റ് കൊടുത്ത ആൾ തന്നെ ഇപ്രാവശ്യം ചെല്ലുമ്പോൾ പറയുന്നത് അയാളുടെ മുത്തച്ഛൻ താമസിച്ചിരുന്ന തമിഴ്നാട്ടിൽപോയി അവടെനിന്ന് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൊണ്ടുവരണം എന്ന്. എത്രയോ ആളുകൾ ഇങ്ങനെ കഷ്ടപ്പെടുകയാണ്. ബഹുമാന്യനായ മാണിസാർ ഈ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും കൊടുക്കുന്ന കാര്യത്തിൽ അനാവശ്യ തടസ്സവാദങ്ങൾ ഉന്നയിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടികൾ എടുക്കാൻ തയ്യാറാകണം. പാവപ്പെട്ട ആളുകൾക്ക് സർട്ടിഫിക്കറ്റ് യഥേഷ്ടം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിനെക്കുറിച്ചാണ്. ഈ വർഷം വരൾച്ചാദുരിതാശ്വാസ ഫണ്ടിലേയ്ക്ക് 1057 കോടി രൂപ വേണമെന്ന് പറഞ്ഞ് നമ്മുടെ ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടു, ഒറ്റ പൈസപോലും തന്നില്ല, ഞാൻ ചോദിക്കട്ടെ, പ്രതിപക്ഷത്തുള്ള സ്നേഹിതൻമാർ ഇക്കാര്യത്തിലെങ്കിലും ഒരുമിച്ചുനിന്ന് കേന്ദ്രത്തോട് ശബ്ദിക്കാൻ തയ്യാറാകണം. എന്തുകൊണ്ട് പ്രതിപക്ഷം അതിന് തയ്യാറാകുന്നില്ല ? എനിക്ക് ചോദിക്കാനുള്ളത് അതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ എറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ട് വരൾച്ചാ കാര്യങ്ങളും, വരൾച്ചാ കാലഘട്ടവും, പ്രകൃതി ക്ഷോഭവും വരുമ്പോൾ കേരളം തകരുകയാണ്. ഇതിനെ രക്ഷിക്കണമെങ്കിൽ തീർച്ചയായും കേന്ദ്രത്തിൽ നിന്ന് നമുക്ക് അർഹതപ്പെട്ട സഹായം തരുന്നില്ലായെങ്കിൽ അതിനെതിരെ ശബ്ദിക്കാൻ ഭരണപക്ഷം മാത്രം മതിയോ ? പ്രതിപക്ഷം തയ്യാറാകണ്ടേ, നമ്മുടെ എം.പി.മാർ തയ്യാറാകണ്ടേ, എല്ലാപേരും ഒറ്റക്കെട്ടായി നിന്ന് പോരാടണം. ബഹുമാന്യനായ റവന്യൂ മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതിന് നേതൃത്വം കൊടുക്കാൻ കേരളത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ രാഷ്ട്രീയ കക്ഷികളേയും ഒരുമിച്ച് വിളിച്ചുകൂട്ടി കേന്ദ്രത്തിനെതിരായി ശക്തമായ സമരപരിപാടികൾക്ക് രൂപം കൊടുക്കണമെന്നാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,പ്രതിപക്ഷത്തിന്റെ സഹകരണം ഇക്കാര്യത്തിൽ അങ്ങ് ചോദിച്ചു. ഞങ്ങൾ ഇവിടെ രണ്ടുമൂന്നു പ്രാവശ്യമെങ്കിലും ഉന്നയിച്ചതാണ്. ഈ വിഷയം കേന്ദ്രഗവൺമെന്റിന് മുമ്പിൽ, ഈ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം അതുപോലുള്ള കലാമിറ്റീസ് വരുമ്പോൾ കേരളത്തിന് അർഹമായി കിട്ടേണ്ട സഹായം കേന്ദ്രത്തിൽ നിന്ന് കിട്ടുന്നില്ല. 150 കോടി രൂപയുടെ ആവശ്യം ഉന്നയിച്ചു, ഒരു പൈസപോലും കിട്ടിയില്ല എന്ന് രേഖാമൂലം മന്ത്രിയും പറഞ്ഞു. കേന്ദ്രഗവൺമെന്റിനുവേണ്ടി പാർലമെന്റിൽ പറഞ്ഞത് കേരളത്തിൽ നിന്ന് കൃത്യമായി കണക്കുകൾ യഥാസമയം കേന്ദ്രത്തിന് മുൻപാകെ കൊടുത്തില്ല എന്നാണ്. അതു കൊടുത്തിട്ടുണ്ടെങ്കിൽ കുറച്ചു തുക കിട്ടുമായിരുന്നു. അത് നേടിയെടുക്കാൻ ഞങ്ങളുടെ സഹായമെന്തിനാണ് ? അത് ഗവൺമെന്റിന്റെ വീഴ്ചയല്ലേ, ഇവിടത്തെ കണക്ക് കൊടുക്കണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം" എന്നു പറയുന്നതുപോലെയാണ് രാജേന്ദ്രൻ പറയുന്നത്. ഞാൻ കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട കാര്യം ചോദിച്ചു വാങ്ങണമെന്നാണ് ആവശ്യപ്പെട്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതുതന്നെയാണ് നടന്നത്, ഇപ്പോഴല്ല അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമുക്ക് ഒറ്റക്കെട്ടായി ഒരുമിച്ച് നിന്ന് ഈ കാര്യങ്ങൾക്ക് പോകണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥന, പ്രകൃതിക്ഷോഭംമൂലമുള്ള കാര്യങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കാൻ വേണ്ട തുക അനുവദിക്കും. തുക അനുവദിച്ച് കഴിയുമ്പോൾ ഈ നിർമ്മാണ വേലകൾക്ക് നേതൃത്വം കൊടുക്കുന്നത് ബ്ലോക്ക് ഓഫീസുകൾ വഴിയാണ്. വലിയൊരു ബുദ്ധിമുട്ട് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രകൃതിക്ഷോഭ ആശ്വാസ ഫണ്ട് നിർവ്വഹിക്കാൻ ബി.ഡി.ഒ.യെ ചുമതലപ്പെടുത്തുന്നു. പല സ്ഥലങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്കാരും അവരുടെ അനുവാദം കൂടാതെ ഒരു ബ്ലോക്ക് തല ഉദ്യോഗസ്ഥനും ഈ ജോലികൾക്ക് പോകരുതെന്ന് കർശനമായി നിർദ്ദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അധികാര വികേന്ദ്രീകരണം നടക്കുന്നു, സർവ്വീസിൽ ഡിപ്ലോയ്മെന്റ് നടക്കുന്നു. എല്ലാ പഞ്ചായത്തുകളിലും എൻജിനീയർമാരുണ്ട്. ഈ വെള്ളപ്പൊക്ക ദുരിതാശ്വാസം, വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ നമ്മുടെ പഞ്ചായത്തുകളെ ഏൽപ്പിച്ച് അവിടത്തെ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കാനുള്ള നിർദ്ദേശം അങ്ങ് കൊടുക്കണമെന്നാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇവിടെ മണൽവാരലിന്റെ പ്രശ്നം പറഞ്ഞല്ലോ..... ശ്രീ. ബാബുവിന് വഴങ്ങുകയാണ്, ഞങ്ങൾ ഒരേ ജില്ലക്കാരാണ്.

മി. ഡെപ്യൂട്ടി. സ്പീക്കർ : അങ്ങയുടെ സമയം പോവുകയാണ്.

ശ്രീ. കെ. ബാബു : സർ,ഇന്നത്തെ പ്രാസംഗികരുടെ ലിസ്റ്റിൽ ബഹുമാനപ്പെട്ട ജോണി നെല്ലൂരുണ്ട്, ഡോ.കെ.സി. ജോസഫുണ്ട്, ശ്രീ. പി.സി. ജോർജുണ്ട്, ശ്രീ. ജോസഫ് എം. പുതുശ്ശേരിയുണ്ട്, ശ്രീ. മാമ്മൻ മത്തായിയുമുണ്ട്. എല്ലാ കേരളാകോൺഗ്രസുകാരുമിന്ന് അണിനിരന്നിട്ടുണ്ട്. ഇത് എന്തെങ്കിലും പുതിയ രാഷ്ട്രീയ സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണോ ?

ശ്രീ. ജോണി നെല്ലൂർ : സർ, ശ്രീ. ബാബു ഒരു കാര്യം മനസ്സിലാക്കണം. കേരളാ കോൺഗ്രസിന്റെ സംസ്ക്കാരം എന്നുപറഞ്ഞാൽ അതാണ്. ഞങ്ങൾ ഒന്നാകാൻ പോകുന്നുവെന്ന ധാരണ തോന്നുമ്പോൾ അങ്കലാപ്പ് അപ്പുറത്തുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. ഞാൻ അവസാനിപ്പിക്കാം. ഞാൻ ഒരു വാക്ക് കൂടി പറയട്ടെ. നമ്മുടെ സംസ്ഥാനത്തെ മണൽ വാരൽ, മണൽ മാഫിയയുടെ പ്രവർത്തനം വളരെയധികം രൂക്ഷമാണ്. ഈ നാട്ടിലെ മണൽ മാഫിയയുടെ പ്രവർത്തനം ഇന്ന് കേരളത്തിലാകെ ചർച്ചാവിഷയമാണ്. എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഈ മണൽ വാരലിന്റെ ചുമതല പഞ്ചായത്തുകളെ ഏൽപ്പിക്കണം. പഞ്ചായത്തുകളെ ഏൽപ്പിച്ചുകൊണ്ട്

കുറേക്കൂടി കാര്യക്ഷമമായി ഇക്കാര്യത്തിൽ പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കി അതുവഴി മണൽ മാഫിയയുടെ പ്രവർത്തനം ഇല്ലായ്മ ചെയ്യാനും അങ്ങ് കർശനമായ നടപടി സ്വീകരിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ സജീവമായി അങ്ങ് പരിഗണിക്കുമെന്നുള്ള ഉത്തമബോധത്തോടുകൂടി ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ സന്തോഷപൂർവ്വം പിന്താങ്ങുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾ ദൈനംദിനം ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടി വരുന്ന ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. കഴിഞ്ഞ രണ്ട് വർഷക്കാലത്തെ യു.ഡി.എഫ്. ഭരണത്തിൽ പരിചയസമ്പന്നനായ ഒരു മന്ത്രി ഇതിന് നേതൃത്വം കൊടുത്തിട്ടും ഈ വകുപ്പ് ഇന്ന് അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ഒരു വകുപ്പായി മാറിയിരിക്കുകയാണ്. കേരളത്തിൽ വനഭൂമി ഒഴികെയുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയുടെ സംരക്ഷണ ചുമതല വഹിക്കേണ്ട ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. കഴിഞ്ഞ രണ്ട് വർഷക്കാലം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഭൂമി കയ്യേറ്റം നടന്നു. ഇവിടെ എത്ര സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ സഭ എത്ര പ്രാവശ്യം ചർച്ച ചെയ്തതാണ്. മതികെട്ടാനിൽ 2000 ഏക്കർ ഭൂമിയാണ് കയ്യേറ്റം ചെയ്തത്. ഇപ്പോൾ ബഹുമാന്യനായ ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതാണ് ബഹുമാന്യനായ റവന്യൂ മന്ത്രി, ഇത്രയേറെ മഹാമനസ്കതയുള്ള ഒരാൾ, അത് വനം വകുപ്പിന് വിട്ടുകൊടുത്തുവെന്ന്. റവന്യൂ വകുപ്പുമന്ത്രി വലിയ ബുദ്ധിമാനാണ്. ഇവിടെ അങ്ങനെയൊരു ആരോപണം ഉയർന്നുവന്നപ്പോൾ കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള രണ്ട് ഉന്നത ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ, സാജൻ പീറ്റർ അതുപോലെതന്നെ ഇന്നത്തെ ചീഫ് സെക്രട്ടറി, ഇവർ രണ്ടു പേരും അതിനെ സംബന്ധിച്ച് അന്വേഷിച്ച് ഏതാണ്ട് 2000 ഏക്കറോളം ഭൂമിയിൽ കയ്യേറ്റം നടന്നതായി അന്ന് സർക്കാരിനെ അറിയിച്ചു. മാണി സാർ ഉടൻ നടപടിയെടുത്തു. എന്താണ്? ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഒരു സംഘം ഉദ്യോഗസ്ഥൻമാരെ സസ്പെന്റു ചെയ്തു. അതുമാത്രമല്ല അന്ന് ആ സംഭവമുണ്ടായപ്പോൾ ഇവിടെ പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ചപ്പോൾ ആ മുഴുവൻ ഭൂമിയും സർക്കാർ ഏറ്റെടുക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. എന്നിട്ട് എന്തുണ്ടായി ? ഇപ്പോൾ ബഹുമാന്യനായ മന്ത്രി മറുപടി പറയണം. എത്ര ഏക്കർ ഭൂമിയാണ് മതികെട്ടാനിൽ സർക്കാർ ഏറ്റെടുത്തത് ? ഏറ്റെടുത്തില്ല എന്നുമാത്രമല്ല സസ്പെന്റു ചെയ്യപ്പെട്ട ആ ഉദ്യോഗസ്ഥൻമാരെ തിരിച്ചെടുത്ത് അവർക്കെല്ലാം ആകർഷകമായ തസ്തികകളിൽ ഇപ്പോൾ നിയമനം നൽകിയിരിക്കുകയാണ്. ഇവിടെ നടന്നത് എന്താണ് ? ഇവിടെ ശ്രീ. ജയരാജൻ സൂചിപ്പിച്ചു, നെല്ലിയാമ്പതിയുടെ കാര്യം. പത്രത്തിൽ വാർത്ത വന്നു. ഉടൻ തന്നെ റവന്യൂ വകുപ്പുമന്ത്രി പ്രതികരിച്ചു. എന്താണ് പ്രതികരിച്ചത് ? റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. സുധാകരനെ സ്ഥലം മാറ്റി. എന്നിട്ട് എന്തുചെയ്തു ? അവിടെ ലാൻഡ് ബോർഡിന്റെ കയ്യിലുണ്ടായിരുന്ന ഈ ഫയൽ റവന്യൂ സെക്രട്ടറി നേരിട്ട് വാങ്ങിച്ചു. അതുകഴിഞ്ഞ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശശിധരനെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം മാറ്റി. അപ്പോൾ എല്ലാവരും പ്രതീക്ഷിച്ചു. ബഹുമാന്യനായ മന്ത്രി വളരെ സത്വരമായ നടപടി സ്വീകരിക്കാൻ പോകുന്നുവെന്ന്. ഞാൻ ചോദിക്കുന്നു, എന്ത് ചെയ്തു ? എന്തെങ്കിലും നടപടിയുണ്ടായോ ? നെല്ലിയാമ്പതിയിലെ ഭൂമിയുടെ സ്ഥിതിയെന്താണ് ? അതിൽ ഏതെങ്കിലും ഭൂമി സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞോ ? ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ഇത്തരം ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ സ്ഥലംമാറ്റ നാടകം നടത്തി അതിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനുള്ള നടപടികൾ മാത്രമാണ് റവന്യൂ വകുപ്പുമന്ത്രിയിൽ നിന്നുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ യുദ്ധകാലടിസ്ഥാനത്തിൽ നടക്കുന്നതെന്താണ് ? ഭരണകക്ഷി അംഗങ്ങൾ സൂചിപ്പിച്ചു. എന്താണ് ? നിലം നികത്തൽ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുകയാണ്. നമുക്ക് ഇന്ന് പാടങ്ങളൊന്നുമില്ല. ഏതെങ്കിലും സ്ഥലത്ത് റോഡിൽ കൂടി സഞ്ചരിച്ചാൽ പല തരത്തിലുള്ള ഇപ്പോഴത്തെ വാഹനങ്ങൾ ഉപയോഗിച്ച് നിലം നികത്തി കൊണ്ടിരിക്കുന്നത് കാണാം. മാണിസാർ പോകുന്നതിന് മുൻപ് നിലം നികത്തി തീർക്കണമെന്നാണ് അവരൊക്കെ ഇപ്പോൾ കരുതി വച്ചിരിക്കുന്നത്. അതുപോലെതന്നെ ഇവിടെ ശ്രീ. ജോണി നെല്ലൂർ പറഞ്ഞു, പാറപൊട്ടിക്കൽ, മണലൂറ്റ്. എന്താണ് മണലൂറ്റ് ? ഇവിടെ വ്യക്തമായ നിയമം പറയുന്നു. കടവ് നിശ്ചയിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, നിലം നികത്തലിനെക്കുറിച്ച് ഒരു അഭിപ്രായം പറഞ്ഞല്ലോ? ബഹുമാനപ്പെട്ട മാണിസാർ പ്രതിപക്ഷത്തിരിക്കുമ്പോൾ നിലം നികത്തലിനെതിരെ സമരം നടന്ന അവസരത്തിൽ മാണിസാർ പറഞ്ഞ ഒരു അഭിപ്രായം ഓർമ്മയുണ്ടോ ? കുട്ടനാട് നെൽവയൽ നികത്തി ത്രീ സ്റ്റാർ ഹോട്ടൽ പണിയുമെന്ന് അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് പ്രസംഗിച്ച മാണിസാറിന്റെ പ്രസംഗം ഓർക്കുന്നുണ്ടോ ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, മാണിസാർ അങ്ങനെ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതൊന്നും നടപ്പിലായിട്ടില്ലായെന്നേയുള്ളു. ഇവിടെ ശ്രീ. ജോണി നെല്ലൂർ പറഞ്ഞത് ശരിയാണ്. മണലൂറ്റുമായി ബന്ധപ്പെട്ട് മാഫിയ സംഘങ്ങൾ ഉണ്ടായിരുന്നു. ആരാണ് അവരെ സഹായിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിക്കാരാണ്. അതുസംബന്ധിച്ച് ശ്രീ. കെ. കെ. നായർ ഇവിടെ സൂചിപ്പിച്ചല്ലോ. അവിടെ എന്താണ് നടക്കുന്നത് ? അഴിമതിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ അപ്പുറത്തുള്ള ഭരണകക്ഷിയംഗങ്ങൾ ഒരുപാട് ബഹളം വച്ചു. കേരളത്തിലെ റവന്യൂ വകുപ്പിൽ തന്നെയുള്ള ഒരു സംഘടന ഒരാഴ്ചയ്ക്കുള്ളിൽ പുറത്തിറക്കിയ ഒരു നോട്ടീസിൽ പറഞ്ഞിരിക്കുന്ന ചില വാചകങ്ങൾ ഞാൻ വായിക്കാം. റവന്യൂ വകുപ്പിൽ നിയമനത്തിന്റേയും സ്ഥലം മാറ്റത്തിന്റേയും പേരിൽ വൻ അഴിമതി നടക്കുന്നു. വില്ലേജ് ഓഫീസർമാരുടെ സ്ഥലംമാറ്റ നിയമനത്തിന് 20,000 രൂപ മുതൽ 40,000 രൂപ വരെയും തഹസീൽദാർ നിയമനത്തിന് 50,000 രൂപ മുതൽ 1,00,000 രൂപയുമാണ് റേറ്റ്. ഇതുസംബന്ധിച്ച് തലസ്ഥാനമായ തിരുവനന്തപുരത്ത് ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് റവന്യൂ വകുപ്പിലെ ഒരു സംഘടന തന്നെ ആക്ഷേപം ഉന്നയിച്ചിരുന്നു. സംഘടനക്കാർ നോട്ടീസിറക്കിയിട്ട് വെറുതെയിരുന്നില്ല. കേരളത്തിലെ അഴിമതിക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ നടപടികളും സ്വീകരിക്കുമെന്ന് പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംഘടനാ നേതാക്കൾ കണ്ടു. ഭരണകക്ഷിയംഗങ്ങൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഉത്തരവിട്ടിരിക്കുന്നത്, റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുന്നത്, 15 ദിവസത്തിനുള്ളിൽ ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാനാണ്. ഇവിടത്തെ ഭരണകക്ഷിയിലെ മാണി കോൺഗ്രസിലെ അംഗമായ റോഷി അഗസ്റ്റിനൊന്നും ഇതൊന്നും അറിഞ്ഞുകാണില്ല. മുഖ്യമന്ത്രി ഉത്തരവിട്ടിരിക്കുകയാണ്.

ശ്രീ. പി. ജയരാജൻ : സർ, താങ്കൾ പറഞ്ഞിട്ടുള്ള ആ റാക്കറ്റ് മന്ത്രിയുടെ ഓഫീസിൽ തന്നെ ഒരു സെല്ലായി പ്രവർത്തിക്കുന്നുവെന്ന് ഒരു പരാതി വന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, തീർച്ചയായും ഉണ്ട്. മന്ത്രിയുടെ ഓഫീസിലെ ഒരു റാക്കറ്റാണ് ഇതിന്റെ കേന്ദ്രം. അതുപോലെത്തന്നെ അഴിമതിയെ സംബന്ധിച്ച് പറഞ്ഞു. ഇവിടെ സത്യസന്ധരായ ഉദ്യോഗസ്ഥന്മാർക്ക് റവന്യൂ വകുപ്പിൽ യാതൊരു സംരക്ഷണവുമില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഴിമതിയില്ലാതാക്കുന്നതിനുവേണ്ടി ശ്രീ. കെ. ഇ. ഇസ്മയിൽ മന്ത്രിയായിരുന്നപ്പോൾ ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറെ നിയോഗിച്ചിരുന്നു. ബഹുമാനപ്പെട്ട കെ.എം.മാണി മന്ത്രിയായതിനുശേഷം ആ കസേരയിൽ ആളെയില്ല. ഇവിടെ എന്താണ് നടക്കുന്നത് ? ഇവിടെ അഴിമതിക്ക് എല്ലാ പ്രോൽസാഹനവും നൽകുകയാണ്. ഇവിടെ പറഞ്ഞല്ലോ ശ്രീ. ജോസ് കെ. മാണിയുടെ വികസന സന്ദേശ യാത്ര, എന്തിനാണ് ഭരണകക്ഷി അംഗങ്ങൾ രോഷാകുലരാകുന്നത് ? കേരളത്തിലെ എല്ലാപത്രമാധ്യമങ്ങളും എഴുതിയതല്ലെ, ശ്രീ. ജോസ് കെ. മാണിയുടെ യാത്രയുടെ പേരിൽ ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടന്നുവെന്ന്. എന്തുകൊണ്ട് അങ്ങ് പ്രതികരിച്ചില്ല? ശ്രീ. ഉണ്ണിയാടൻ പ്രതികരിച്ചില്ല ? എല്ലാവരും എഴുതിയതല്ലേ ? ശ്രീ. ജോസ് കെ. മാണിയുടെ വികസന സന്ദേശ യാത്രയുടെ പേരിൽ ലക്ഷക്കണക്കിന് രൂപ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് പിരിക്കുകയാണ്. യഥാർത്ഥത്തിൽ വികസന സന്ദേശ യാത്രയല്ല. അത് അഴിമതി വികസന യാത്രയെന്നതായിരുന്നു ജനങ്ങളുടെ അനുഭവം. കേരളത്തിൽ റവന്യൂ വകുപ്പിൽ എന്താണ് സ്ഥിതി ? ഇവിടെ ഭരണ പരിഷ്ക്കരണത്തിന് നേതൃത്വം നൽകുന്ന ആളാണല്ലോ ബഹുമാനപ്പെട്ട മാണിസാർ. ഇപ്പോൾ റവന്യൂ വകുപ്പിൽ എന്താണ് സ്ഥിതി ? 2228 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. 250 വില്ലേജ് ആഫീസുകളിൽ വില്ലേജ് അസിസ്റ്റന്റുമാരില്ല. നിയമനം നിരോധിച്ചുകൊണ്ട് റവന്യൂവകുപ്പു ഫെബ്രുവരി 16-ന് ഒരു ഉത്തരവ് ഇറക്കിയിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരാളിനെപ്പോലും നിയമിക്കാത്ത വകുപ്പ് എന്നുള്ള ഖ്യാതി ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ശ്രീ. കെ. എം. മാണിക്കാണ്. അദ്ദേഹത്തിന്റെ വകുപ്പിൽ ഒരാളെപ്പോലും നിയമിച്ചിട്ടില്ല. റവന്യൂവകുപ്പ് അടിമുടി അഴിമതിയിൽ മുങ്ങുകയാണ്. സാധാരണ ജനങ്ങൾക്ക് ആഫീസിൽ പോയാൽ അവിടെ ആറും ഏഴും ദിവസം കയറിയിറങ്ങിയാൽപ്പോലും ഒരു കാര്യവും നടക്കുന്നില്ല. അതുകൊണ്ട് ഈ നടപടികളുമായി മുന്നോട്ടുപോകുന്ന ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് നിർത്തുകയാണ്.

12 NOON]

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ് : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സാധാരണക്കാരായ ജനങ്ങൾക്ക് നിത്യേനയെന്നവണ്ണം ആശ്രയിക്കേണ്ടിവരുന്ന ഭരണ വകുപ്പാണ് റവന്യൂവകുപ്പ്. സാധാരണക്കാർക്ക് ആശ്വാസം നൽകാൻ അവരുടെ പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ ഈ കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ കഴിഞ്ഞിട്ടില്ലെന്നുള്ളത് തികച്ചും ഖേദകരമായ കാര്യമാണ്. ഇവിടെ ഈ വകുപ്പിനെ അനുകൂലിച്ചുകൊണ്ട് സംസാരിച്ച ചില മെമ്പർമാർ വകുപ്പിലെ ചില ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിനെ സംബന്ധിച്ച് പറയുകയുണ്ടായി. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയതുകൊണ്ടോ ഏതാനും സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടറിൽ അച്ചടിച്ചതു കൊണ്ടോ ഭരണം പരിഷ്ക്കരിക്കപ്പെടുന്നില്ല. ഭരണപരിഷ്ക്കാരത്തിന്റെ ഫലം സാധാരണക്കാരിൽ എത്തണമെങ്കിൽ ചടുലമായ പ്രവർത്തനങ്ങൾ വഴി പ്രശ്നപരിഹാരം അതിവേഗത്തിൽ നടപ്പിലാക്കുകയെന്നുള്ളതാണ് അതിന്റെ ലക്ഷ്യമായി കരുതേണ്ടത് ; എന്നാൽ റവന്യൂ വകുപ്പിന്റെ വില്ലേജ് ആഫീസ് മുതൽ മുകൾ തലംവരെയുള്ള സ്ഥലങ്ങൾ ഒരു സ്റ്റാറ്റസ്കോ ഭരണമായി നിലനിൽക്കുന്നു. ചടുലതയില്ലായെന്നുമാത്രമല്ല, വളരെ നിർവികാരതയോടുകൂടി സാധാരണക്കാരന്റെ പ്രശ്നങ്ങളെ സമീപിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാതെ സമയം പോക്കിക്കഴിയുന്ന ഒരു വകുപ്പായി റവന്യൂവകുപ്പ് അധഃപതിച്ചിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നതിൽ എനിക്ക് ഖേദമുണ്ട്. സാധാരണക്കാരന് ഭൂമിയിൻമേലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ചൊക്കെ ഇവിടെ പറഞ്ഞു. വീണ്ടും ആവർത്തന വിരസതയുണ്ടാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പല പ്രവർത്തനങ്ങളും ജില്ലാതലത്തിൽ വ്യത്യസ്തവകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് ജില്ലാ ഭരണം നടത്തിക്കൊണ്ട് പോകുന്നതിന്റെ ഉത്തരവാദിത്വം റവന്യൂവകുപ്പിനാണ്. വികസന പ്രവർത്തനങ്ങൾക്ക് ഗൗരവതരമായ പങ്ക് വഹിക്കേണ്ടതും റവന്യൂവകുപ്പിന്റെ ചുമതലയാണ്. ഇന്ന് പല ഡിപ്പാർട്ടുമെന്റുകളുടേയും വികസനപ്രവർത്തനങ്ങൾ അതിന്റെ അടിസ്ഥാനത്തിൽ.....

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട അങ്ങയുടെ നേതാവായ ശ്രീ. പി. ജെ. ജോസഫ് കേരളത്തിൽ ഹൗസിംഗ് ബോർഡിന്റെ ചാർജ് വഹിച്ചിരുന്ന അവസരത്തിൽ ഏകദേശം 420 കോടിയോളം രൂപ , ഹഡ്ക്കോയിൽ നിന്നുകിട്ടിയ വായ്പയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുകയുമടക്കം വകമാറ്റി ചെലവഴിച്ചുകൊണ്ട് പതിനായിരക്കണക്കിന് പാവപ്പെട്ടവർക്ക് വീടുവയ്ക്കാൻ.....

ഡോ: കെ. സി. ജോസഫ് : സർ, ഹൗസിംഗിലേയ്ക്ക് വരുമ്പോൾ പറയാം. ഈ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം കൊടുക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നത് റവന്യൂ വകുപ്പുതന്നെയാണ്. ഇവിടെ വികസന പ്രവർത്തനം അത് റെയിൽവേയാകട്ടെ, നാഷണൽ ഹൈവേയാകട്ടെ, മറ്റുവകുപ്പുകളാകട്ടെ, ഇവിടെയൊക്കെത്തന്നെ സ്ഥലമെടുപ്പ് ഇന്ന് സ്തംഭിച്ചിരിക്കുന്നുവെന്നുള്ളത് വസ്തുതയായി അവശേഷിക്കുകയാണ്. പല വികസന പ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. റവന്യൂവകുപ്പിലെ ആഫീസുകളിൽ ആവശ്യമായ ഉദ്യോഗസ്ഥന്മാരില്ല എന്ന് പരക്കെ ചൂണ്ടിക്കാണിക്കപ്പെട്ടു. ലാന്റ് അക്വിസിഷൻ വിഭാഗത്തിൽ പല ആഫീസുകളിലും തഹസിൽദാർമാരടക്കമുള്ള ഉദ്യോഗസ്ഥന്മാരില്ല. അതുകൊണ്ടുതന്നെ ആ രംഗത്തൊക്കെത്തന്നെയുള്ള തടസ്സങ്ങൾ റവന്യൂവകുപ്പിന്റെ മേഖലയെ മാത്രമല്ല, കേരളത്തിന്റെ ആകെ വികസനത്തെത്തന്നെ ബാധിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് എത്തിനിൽക്കുന്ന ഒരു സ്ഥിതിയുണ്ട്. ഏത് രംഗത്തും ചെലവുകൾ ചുരുക്കിയതിന്റെ ഭാഗമായി ഉദ്യോഗസ്ഥന്മാർ വേണ്ടയെന്നുള്ള ഒരു സ്ഥിതി പ്രശ്നപരിഹാരമല്ല. നിഷേധാത്മക സ്വഭാവം മാത്രമാണ് കാണിക്കുന്നത്. പല ഭരണ പരിഷ്ക്കാര നടപടികളും റവന്യൂവകുപ്പിൽ ആരംഭിക്കുന്നതിന് മുൻ ഗവൺമെന്റ് തുടക്കം കുറിച്ചു. റവന്യൂക്കാർഡ്, എല്ലാ ഭൂവുടമകൾക്കും ആ ഭൂമിയിന്മേലുള്ള മുഴുവൻ രേഖകളും ഒരു വ്യക്തിയുടെ മുഴുവൻ കാര്യങ്ങളും കാണിക്കുന്ന തരത്തിലുള്ള ഒരു പരിഷ്ക്കരണം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചനകൾ ഉണ്ടായിരുന്നു. ബില്ല് കൊണ്ടുവരുന്നതിനുള്ള നടപടിയുണ്ടായിരുന്നു. പിന്നെ ആ രംഗത്തൊന്നും തന്നെ മുന്നോട്ടുപോകാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല. പാവപ്പെട്ടവർക്ക് പട്ടയം നൽകാനുള്ള നടപടിയും മലയോര കൃഷിക്കാർ മുതൽ തീരദേശംവരെയുള്ള വിവിധ വിഭാഗങ്ങളിലെ ആൾക്കാർക്ക് പട്ടയം നൽകാനുള്ള നടപടിയും എങ്ങും എത്താതെ നിൽക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ആ പട്ടയം വിതരണം ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ മറ്റൊരു ചുമതല പ്രകൃതിദുരന്തങ്ങളിൽപ്പെടുന്ന, അത് വരൾച്ചയാകട്ടെ, വെള്ളപ്പൊക്കമാകട്ടെ, മറ്റ് ദുരന്തങ്ങളാകട്ടെ, ആ ദുരിതങ്ങൾ അനുഭവിക്കുന്ന ആൾക്കാർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്. കഴിഞ്ഞ വർഷങ്ങൾ വരൾച്ചയുടെ ഒരു കാലഘട്ടമായിരുന്നു. മഴ 40 ശതമാനംവരെ സാധാരണ നിരക്കിനെക്കാൾ കുറവായിരുന്നു എന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്, അതിന് റിക്കാർഡുകളുണ്ട്. ആ നിലയിൽ ഒരു ദേശീയ ദുരന്തം എന്നുള്ള നിലയിൽ കണ്ടുകൊണ്ട് ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള യഥാർത്ഥത്തിലുള്ള പരിശ്രമം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ, ആ നിലയ്ക്കുള്ള ശ്രമം സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടില്ല. ഞങ്ങൾ സഹായിക്കാമെന്നുവച്ചാൽപ്പോലും അതിന് കഴിയാത്ത സ്ഥിതിയാണുള്ളത് എന്ന് പറയുന്ന ഒരു സ്ഥിതിയിലേയ്ക്ക് പോയി. അത് നമ്മുടെ കാര്യക്ഷമതാരാഹിത്യത്തിന് ഒരുദാഹരണമാണ്. ഫിനാൻസ് കമ്മീഷന്റെ അവാർഡനുസരിച്ച് ഓരോ വർഷവും ലഭിക്കുന്ന 52 കോടി രൂപ ചെലവഴിക്കാൻ നമുക്ക് കഴിയുന്നുണ്ടോ ? കേന്ദ്ര ഗവൺമെന്റ് ഓരോ തടസ്സങ്ങൾ കൊണ്ടുവരുന്നു. അതിനുള്ള ഓരോ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് അത് ചെലവഴിക്കുന്ന രീതിയെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് ഇത് ഇങ്ങനെ തുടരുന്നതിന്റെ ഫലമായി അനുവദിക്കുന്ന തുകതന്നെ ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കിട്ടുന്ന തുക മുഴുവനും ചെലവഴിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ തുക നേടിയെടുക്കാനുമുള്ള ഒരു ശ്രമമാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടത്. പ്രകൃതി ദുരന്തത്തിൽ ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പ് തുടങ്ങുമ്പോൾ, കുടിവെള്ളം വിതരണം ചെയ്യേണ്ടിവരുമ്പോൾ അതിന് കൊടുക്കേണ്ടി വരുന്ന ചെലവിനങ്ങൾ പഴയകാലത്ത് നിശ്ചയിച്ചതാണ്. 120 ഗ്രാം അരി, 40 ഗ്രാം പയറ് അങ്ങനെയുള്ള നിലയിലാണ്. ഇപ്പോൾ വീണ്ടും പ്രകൃതി ദുരന്തത്തിന്റെ ഒരു കാലത്തിലേയ്ക്ക് പോവുകയാണ്. അതിന് സാധനങ്ങൾ എത്തിച്ചു കൊടുക്കാൻ, പഴയ മാനദണ്ഡങ്ങൾക്ക് അനുസരണമായിട്ട് എത്രവർഷങ്ങൾക്ക് മുമ്പ്.....

മി. ഡെപ്യൂട്ടി സ്പീക്കർ : സമയമായി.....

ഡോ. കെ. സി. ജോസഫ് : മൊത്തം 14 ദിവസത്തെ ചർച്ചയിൽ രണ്ട് ദിവസം മാത്രമേ ഞാൻ പങ്കെടുക്കുന്നുള്ളു. അതുകൂടി അങ്ങ് അംഗീകരിച്ചാൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെ ചോദിച്ചാൽ എങ്ങനെയാണ് ? സമയമായി.....

ഡോ. കെ. സി. ജോസഫ് : സർ, അതുകൊണ്ട് ഞാൻ പറഞ്ഞത് 14 ദിവസത്തെ സമയം രണ്ടായിട്ട് ചുരുക്കിയെടുക്കുകയാണ്. 14 രണ്ടാക്കുകയാണ് എന്നാണ്. ദുരിതമനുഭവിക്കുന്നവന്, നാട്ടിൽ സാധനങ്ങൾക്ക് വന്ന വിലവർദ്ധനവ് മറ്റ് കാര്യങ്ങൾ ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ദുരിതത്തിൽ വീടുകളിൽ കഴിയാതെ ക്യാമ്പുകളിലേയ്ക്ക് പോകേണ്ടുന്ന ആൾക്കാർക്ക് കിട്ടുന്ന ആനുകൂല്യം, അവർക്ക് ആശ്വാസം നൽകത്തക്കവിധം ലഭ്യമാക്കുന്നതിനുവേണ്ടി കാലോചിതമായി പരിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഹൗസിംഗ് ബോർഡിന്റെ മൈത്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡിന് കഴിഞ്ഞ ഗവൺമെന്റുണ്ടാക്കിയ കടമാണ് എന്നുള്ള നിലയിൽ ഇവിടെ പറഞ്ഞു. ഹഡ്കോയിൽ നിന്ന് കടം വാങ്ങിയതിന് ഹൗസിംഗ് ബോർഡ് മാത്രമല്ല ഉത്തരവാദി, മറ്റുള്ള പല മേഖലകളും, വിമാനത്താവള കമ്പനികളും പല സ്ഥാപനങ്ങളും വാങ്ങിയ കടം തിരിച്ച് അടയ്ക്കാത്തതിന്റെ ഫലമായി ഹൗസിംഗ് ബോർഡിലേയ്ക്കുള്ള പണം ലഭിക്കാതെ വന്നിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് മാറി വന്നതുകൊണ്ട് അതിൽ ഞങ്ങൾക്ക് ഒരു ഉത്തരവാദിത്തവുമില്ല, പാവപ്പെട്ടവർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകേണ്ടതില്ല എന്നുള്ള ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. ഹൗസിംഗ് ബോർഡിന് എന്താണ് പ്രോബ്ലം ? കാലാകാലങ്ങളിൽ കെട്ടിയ വൻസൗധങ്ങൾ, വീടുകൾ, ഫ്ളാറ്റുകൾ, റവന്യൂ ടവറുകൾ ഇതൊന്നുംതന്നെ ഉപയോഗിക്കപ്പെടുന്നില്ല. ആ സ്പേസുകൾ ഉപയോഗിക്കപ്പെടുന്നില്ല. വിറ്റഴിക്കാൻ നമുക്ക് കഴിയുന്നില്ല. അതിന്റെ വില നിശ്ചയിക്കുന്നതിനൊക്കെയുള്ള മാനദണ്ഡങ്ങൾ അതിന്റെയൊക്കെ ഫലമായി നമ്മൾ ഉപയോഗിക്കപ്പെടാത്ത സ്വത്തായി അവിടെ കിടക്കുകയാണ്. ഡെഡ് ഇൻവെസ്റ്റുമെന്റായി കിടക്കുന്നു. അത് വിറ്റഴിക്കാനും ആ പണം ഹൗസിംഗ് ബോർഡിലേയ്ക്ക് മുതൽകൂട്ടുന്നതിനും വേണ്ടുന്ന തരത്തിലുള്ള പരിഷ്ക്കാരങ്ങൾ നടപ്പാക്കിക്കൊണ്ട് ആ പണം സ്വരൂപിച്ച്, ഹൗസിംഗ് ബോർഡ് ഉദ്ദേശിച്ച ലക്ഷ്യമുണ്ട്, പാവപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കുക എന്നുള്ളത്. ആ പദ്ധതി ഫലപ്രദമായി നടപ്പാക്കി പാവപ്പെട്ടവന്, അദ്ധ്വാനിക്കുന്നവന് ആശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന ഒരു വകുപ്പാക്കി ഹൗസിംഗ് ബോർഡിനെ മാറ്റണം. ആ നിലയിലുള്ള ഒരു കാഴ്ചപ്പാട് ഉണ്ടാകണം. സാധാരണക്കാരൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് കഴിയുന്നത്ര ആശ്വാസകരമായ പ്രവർത്തനം നടത്താനുള്ള ആത്മാർത്ഥമായ പരിശ്രമം കാണിക്കാത്ത ഒരു വകുപ്പ് എന്ന നിലയിൽ ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇൻഡ്യയിലെ റവന്യൂ ഭരണപരിഷ്ക്കാരത്തിന്റെ പിതാവ് എന്നുവിളിക്കാൻ കഴിയുന്ന ഷെർഷ, അദ്ദേഹം തുടങ്ങി വച്ച റവന്യൂ പരിഷ്ക്കരണ നടപടികൾ, കേരളത്തിൽ പുതിയ രൂപത്തിലും ഭാവത്തിലും നടപ്പാക്കാൻ ശ്രമിക്കുന്ന കേരളത്തിലെ ഒരു പുതിയ ഷെർഷയായി മാറിയിരിക്കുന്ന ശ്രീ. മാണി സാറിനെ ഞാൻ എല്ലാ വിധത്തിലും അഭിനന്ദിക്കുകയാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള ആഫീസുകളിൽ വിവിധ പ്രശ്നങ്ങളുമായി എത്തുന്ന ആളുകൾക്ക് കാര്യങ്ങൾ എളുപ്പത്തിൽ സാധിക്കുന്നതിനുവേണ്ടി ഈ ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാവണം. അതിനുവേണ്ട ആക്ടുകൾ ക്രമീകരിച്ചുകൊണ്ട് ജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രൂപത്തിൽ അത് എത്തിക്കാൻ ആവശ്യമായ നടപടികളുണ്ടാകണം. അതുപോലെ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ, സാധാരണക്കാരന്റെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. ഈ തലത്തിൽ മികവ് തെളിയിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അവരുടെ കഴിവിനെ അംഗീകരിച്ചുകൊണ്ട് ഒരു ചെറിയ അവാർഡ് നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. അതുപോലെ റീ-സർവ്വെ നടത്തിക്കൊണ്ട് വില്ലേജുകളെ ശാസ്ത്രീയമായി പുനർ വിഭജനം നടത്തണം. എന്റെ മണ്ഡലത്തിലുള്ള രണ്ട് വില്ലേജുകൾ അതിർ വരമ്പുകളില്ലാതെ ഒരു പ്രത്യേക അവസ്ഥയിൽ നിൽക്കുകയാണ്. ഒരു വില്ലേജ് ഓഫീസിന്റെ മുറ്റം മറ്റൊരു വില്ലേജ് ഓഫീസിന്റെ പരിധിയിൽ വരികയാണ്. അതിൽ ശാസ്ത്രീയമായ ഒരു പഠനം നടത്തണം. അതുപോലെ ഇന്ന് ഏറ്റവും പ്രധാനമായ ഒരു വിഷയമാണ് ലക്ഷംവീടുകൾ. പതിറ്റാണ്ടുകൾക്ക് മുമ്പ് നിർമ്മിച്ച ലക്ഷംവീടുകൾ ഇന്ന് പൊളിഞ്ഞ് നിലംപൊത്തി വീഴാറായിരിക്കുന്നു. എല്ലാ ലക്ഷംവീടുകളും ഇരട്ട മുഖമുള്ളതാണ്. അത് പൊളിച്ച് മാറ്റി ഒറ്റ മുഖമുള്ളതാക്കി, ഒറ്റ വീടാക്കി മാറ്റാനുള്ള ശ്രമമുണ്ടാകണം. റിവർ മാനേജുമെന്റ് ഫണ്ട് പഞ്ചായത്തുകൾക്ക് നൽകണം. കേരളത്തിലെ ഏക സബ്-താലൂക്ക് ആയ കുന്നമംഗലം സബ്-താലൂക്ക് താലൂക്കായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ മുക്കത്ത് ഒട്ടനവധി സർക്കാർ ഓഫീസുകൾ ഇന്ന് സ്ഥിതിചെയ്യുന്നത് വാടകക്കെട്ടിടങ്ങളിലാണ്. റവന്യൂവകുപ്പിന്റേയും പി.ഡബ്ല്യൂ.ഡി. വകുപ്പിന്റേയും സ്ഥലം ഒഴിഞ്ഞ് കിടപ്പുണ്ട്. അതിൽ ഏതെങ്കിലും സ്ഥലമെടുത്ത് ഈ മുഴുവൻ ഓഫീസുകളും ഒരു കെട്ടിടത്തിൻകീഴിലാക്കുന്നതിന് വേണ്ടി ഒരു മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനാവശ്യമായ നടപടിയുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിലെ കുറ്റിക്കാട്ടൂർ വില്ലേജിനും പെരുമണ്ണ വില്ലേജിനും സ്വന്തമായ ഓഫീസില്ല. ഒരു ഇടുങ്ങിയ മുറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വാടകയ്ക്കാണ് ഓഫീസ് പ്രവർത്തിക്കുന്നത്. പെരുമണ്ണ വില്ലേജ് ഓഫീസിനും കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസിനും സ്വന്തമായി ബിൽഡിംഗ് ഉണ്ടാക്കാനാവശ്യമായ പ്രവർത്തനം ആരംഭിക്കണം. ഈ മഴയത്ത് പെരുവയൽ-പെരുമണ്ണ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന കുറ്റിക്കാട്ടൂർ-മുണ്ടപ്പാലം റോഡ് ഒലിച്ചുപോയി. ഏതാണ്ട് അഞ്ചോളം ബസ്സുകൾ ഓടുന്ന റൂട്ടാണ്. ആ റോഡ് വീണ്ടും ഗതാഗതയോഗ്യമാക്കുന്നതിന്, ആ റോഡിന്റെ പുനരുദ്ധാരണത്തിനു വേണ്ടി പത്ത് ലക്ഷം രൂപ അനുവദിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഒരു പ്രധാനപ്പെട്ട സംഭവം, എന്റെ മണ്ഡലത്തിലെ കുന്നമംഗലം പഞ്ചായത്തിൽ ചേലൂർതടായി എന്നുപറയുന്ന പ്രദേശത്ത് ഉണ്ടായിരുന്ന മിച്ചഭൂമി യാതൊരു മുന്നറിയിപ്പുമില്ലാതെ, അപേക്ഷ പോലും വിളിക്കാതെ അവിടത്തെ വില്ലേജ് ഓഫീസർ അയാളുടെ താൽപ്പര്യ പ്രകാരം പതിച്ച് കൊടുത്തിരിക്കുകയാണ്. ഇത് വളരെ ഗൗരവമായ സംഭവമാണ്. ഇതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും അതിന് ഉത്തരവാദികളായ ആളുകളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെ ആധുനിക സൗകര്യങ്ങളോടുകൂടിയ ചെലവ് കുറഞ്ഞ ഫ്ളാറ്റുകൾ നിർമ്മിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം. ഞാൻ ഇത്രയും സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ യാതൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല. ഞാൻ എതിർക്കുകയാണ്. പ്രശ്നം എന്താണെന്ന് വച്ചാൽ ഇതിലെ ഈ വകുപ്പ് ഉപയോഗിച്ചുകൊണ്ട് രാജ്യത്തെ ജനങ്ങൾക്കുവേണ്ടി ഉപകാരപ്രദമായി എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതായിട്ടുണ്ട്. 2001 ഒക്ടോബർ 30-ാം തീയതി ഞാൻ കൊടുത്ത 1344-ാം നമ്പർ ചോദ്യം, മൂന്നാർ മേഖലയിൽ ടാറ്റാ അനധികൃതമായി ഭൂമി കൈവശം വച്ചിട്ടുണ്ടോ ? ഉത്തരം, ഉണ്ട്. 2001-ലാണ്. ഇപ്പോൾ 2003 ആയി. ആ ഭൂമി സർക്കാർ ഭൂമിയാണെങ്കിൽ എന്തുകൊണ്ട് അത് ഏറ്റെടുക്കാൻ നമ്മുടെ സർക്കാരിനും ഡിപ്പാർട്ടുമെന്റിനും കഴിയുന്നില്ല ? അത് ആലോചിക്കണം. ഞാൻ ഇത് പറയുമ്പോൾ ഒരു വ്യക്തിപരമായ കാര്യമായി തെറ്റിദ്ധരിക്കേണ്ട. ഇത് സ്റ്റേറ്റിന്റെ ഒരു ഇഷ്യൂ എന്ന നിലയിലാണ് സംസാരിക്കുന്നത്. ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി തന്ന ഉത്തരം അനുസരിച്ച് ടാറ്റായുടെ കൈവശം ഭൂമി കൂടുതലുണ്ട്. തർക്കമില്ല. അങ്ങനെയാണെങ്കിൽ ഏത് വൻകിടക്കാരനാകട്ടെ അവൻ കേരള സർക്കാരിന്റെ ഭൂമി കൈവശമെടുത്ത് വച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അത് തിരിച്ചെടുക്കാൻ നമുക്ക് കഴിയുന്നില്ല ? ഉത്തരവാദപ്പെട്ട ഭരണാധികാരികളെന്ന നിലയിൽ ആ ചുമതല നിറവേറ്റാൻ റവന്യൂ ഡിപ്പാർട്ടുമെന്റ് തയ്യാറാകണം. മറ്റൊരു കാര്യം, വാഗമൺ ഇൻഡോ-സ്വിസ് പ്രോജക്ടിന് പതിനായിരം ഏക്കർ ഭൂമി കേരള സർക്കാർ ലീസിന് കൊടുത്തതാണ്. എന്റെ നിയോജകമണ്ഡലത്തോട് ചേർന്നാണ്. ഈ അടുത്തകാലത്ത് ഞാൻ തന്നെ അവിടെ പോയി കാണാനിടയായി. പരിശോധിക്കാൻവേണ്ടി, വിവരം പഠിക്കാൻവേണ്ടി പോയി. പതിനായിരം ഏക്കർ ഭൂമി ഇൻഡോ-സ്വിസ് പ്രോജക്ടിന് കൊടുത്തു. അത് ഈ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ ആണല്ലോ ? വർഷങ്ങളായി അവിടെ കയ്യേറ്റം നടന്നു. ഇന്ന് സർക്കാരിന്റെ കൈവശം 1500 ഏക്കറുണ്ട്. 8500 ഏക്കർ ഭൂമി ഇന്ന് വൻകിടക്കാരുടെ കയ്യിലിരിക്കുകയാണ്. എന്തുകൊണ്ട് ആ ഭൂമി സർക്കാരിന് ഏറ്റെടുക്കാൻ കഴിയുന്നില്ല ? തീർച്ചയായും ആ ഭൂമി ഏറ്റെടുക്കാൻ കഴിയണം. ആവക കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താതെ ഒരു ഗവൺമെന്റ് പോകുന്നത് ശരിയല്ല. നമുക്കറിയാം, ആദിവാസികൾ ഭൂമിയില്ലാതെ വിഷമിക്കുന്നു. ഇടുക്കി ജില്ലയിൽ അനധികൃതമായി കയ്യേറിയിരിക്കുന്ന ഭൂമി തിരിച്ച് എടുക്കാൻ കഴിഞ്ഞാൽ തന്നെ ആദിവാസി പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന സത്യം നമുക്ക് നിഷേധിക്കാൻ കഴിയുമോ ? ഇവിടെ മറ്റൊന്ന് ഹൗസിംഗ് ബോർഡിന്റെ സ്ഥിതിയെന്താണ് ? ആ ഗതികേടിലേയ്ക്ക് കടക്കുമ്പോൾ ആലോചിക്കണം. അൻപത്തി ആറായിരത്തോളം വീടുകൾ പൊളിഞ്ഞ് കിടക്കുന്നുവെന്ന് ഇവിടത്തെ ആളുകൾ സമ്മതിക്കുന്നു. നിങ്ങൾ അംഗീകരിക്കുന്നു. രണ്ട് കൊല്ലത്തിലധികമായില്ലേ നിങ്ങൾ അധികാരത്തിൽ വന്നിട്ട് ? മഴക്കാലമാണ്. എന്തുകൊണ്ട് ആ വീടുകൾ പുതുക്കി പണിയാൻ കഴിയുന്നില്ല ? .....(ബഹളം)..... ആര് ഭരിച്ചപ്പോഴാണെങ്കിലും വേണ്ടില്ല വീട് പൊളിഞ്ഞ് കിടക്കുന്നു. പാവപ്പെട്ടവന് ഭാര്യയോടും മക്കളോടും മാതാപിതാക്കളോടും കഴിയാൻ ഒരു കൊച്ചുകൂര ഉണ്ടെന്നുപറഞ്ഞാൽ അത് ആശ്വാസമല്ലേ ? അത് വച്ച് പുതുക്കി കൊടുക്കണ്ടേ ? ആര് ഉത്തരവാദി ആണ് എന്നല്ല ഞാൻ പറയുന്നത്. ഭരിക്കുന്നവർ ആരാണെങ്കിലും ആ ചുമതല നിറവേറ്റണ്ടേ ? ആ ചുമതല നിറവേറ്റാതെ ഗവൺമെന്റ് എന്തുകൊണ്ട് മാറി നിൽക്കുന്നു ? .....(ബഹളം).....നിങ്ങൾ എന്തിന് ബഹളം വയ്ക്കുന്നു? ആരെയും കുറ്റം പറയുന്നില്ലല്ലോ. സത്യസന്ധമായ ചില കാര്യങ്ങൾ പറയുമ്പോൾ നിങ്ങളെല്ലാം കൂടി ഇങ്ങനെ ബഹളം വച്ചാൽ എനിക്ക് പറയാൻ കഴിയുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഹൗസിംഗ് ബോർഡും അതോടൊപ്പം നമ്മുടെ പ്ലസ്ടു-വും അടക്കം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുള്ള അഴിമതികളെക്കുറിച്ച്, തെറ്റുകളെക്കുറിച്ച് കൊള്ളരുതായ്മകളെ കുറിച്ച് അന്വേഷണം നടത്തണമെന്നുള്ളതിൽ അങ്ങു കൂടി യോജിക്കുമോ ?

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഭരണം കിട്ടിയിട്ട് രണ്ടു കൊല്ലമായില്ലേ, നിങ്ങൾ എന്ത് ചുക്കും ചുണ്ണാമ്പുമാണ് ചെയ്യുന്നത് ? നിങ്ങൾ അന്വേഷിക്കണം. തെറ്റുകാരെ പിടിക്കണം. ഞങ്ങളാരും അതിന് എതിരല്ല. പിടിക്കങ്ങോട്ട്. അതുപോലെ തന്നെ നഷ്ട പരിഹാരം കൊടുക്കണം. പാലക്കാട് ജില്ലയിൽ മഴ പെയ്തിട്ട് ഏഴര മാസമായി. കാസർഗോഡ് ജില്ലയടക്കം കൃഷിക്കാർ വളരെ ബുദ്ധിമുട്ടിലാണ്. ഇവിടെയും മഴ പെയ്തിട്ട് ഏഴര മാസമായി. ഈ ജില്ലകളെ, ഇതുപോലുള്ള പ്രദേശങ്ങളെ കേന്ദ്ര ഗവൺമെന്റിന്റെ ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഒരു രൂപ നഷ്ട പരിഹാരം വാങ്ങിയെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഉത്തരവാദിത്വമുള്ള ഗവൺമെന്റ് എന്നുള്ള നിലയിൽ നിന്ന് നിങ്ങൾ മാറുന്നത് ശരിയാണോ ? കേന്ദ്ര ഗവൺമെന്റിൽ നിന്ന് നാലായിരവും ആറായിരവും കോടി രൂപ വാങ്ങിയ സംസ്ഥാനങ്ങളുണ്ട്. എന്നാൽ കേരള സർക്കാരിന് ഒരു പൈസ വാങ്ങാൻ കഴിഞ്ഞിട്ടില്ല. ആരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദി ? ഭരിക്കുന്ന നിങ്ങൾ തന്നെയാണ് ഉത്തരവാദികൾ. ഇവിടെ ദുരിതാശ്വാസ ഫണ്ടുണ്ട്. ആ ഫണ്ട് റോഡ് പണിയാൻ ഉപയോഗിക്കുകയാണ്. ആ റോഡ് പണിചെയ്യാൻ ഉപയോഗിക്കുന്ന ഫണ്ടിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ ? ഉരുൾ പൊട്ടൽ ഉണ്ടാകുമ്പോൾ അവർക്ക് നഷ്ട പരിഹാരം കൊടുക്കണ്ടേ ? വരൾച്ചയുണ്ടാകുമ്പോൾ കൃഷി നശിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കണ്ടേ? വളരെ തുച്ഛമായ തുക മാറ്റി വച്ചിട്ട് ബാക്കി കൊണ്ട് പാലവും, റോഡും പണിതിട്ട് എന്തു കിട്ടാനാണ് ? ദുരിതാശ്വാസ ഫണ്ട് റോഡും പാലവും ഉണ്ടാക്കാനാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : Please conclude. Time is over.

ശ്രീ. പി. ടി. തോമസ് : സർ, കേരള കോൺഗ്രസ്(ജെ) പാർട്ടിയുടെ സംസ്ഥാന ചെയർമാനാണല്ലോ അങ്ങ്. അങ്ങ് പാർട്ടിയുടെ പിളർപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും, കോട്ടയത്തും രണ്ടു മൂന്ന് പത്ര സമ്മേളനങ്ങളിൽ വളരെ ഗുരുതരമായ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി. അങ്ങ് ഇതിൽ ഉറച്ചു നിൽക്കുന്നുണ്ടോ ? അങ്ങയുടെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഒരാരോപണവും ആരുടെ പേരിലും ഉന്നയിച്ചിട്ടില്ല. എനിക്ക് കിട്ടിയ ഒരു പരാതി അതേ പറഞ്ഞുള്ളൂ. ഞാൻ പറഞ്ഞു വന്നത് കേരള കോൺഗ്രസ് വളരും തോറും പിളരും, പിളരും തോറും വളരും. അതിൽ നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. എന്റെ പാർട്ടി ഏറ്റവും വലിയ പാർട്ടിയാണെന്ന് ഞാൻ തെളിയിച്ചുകൊള്ളാം. ഞാൻ പറഞ്ഞു വന്നത് പ്രളയ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നഷ്ടം വരുന്നവർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതിനു പകരം പാലവും റോഡും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോട് എനിക്ക് യോജിക്കാൻ കഴിയുകയില്ല എന്നുള്ളതാണ്. ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ ജോസഫ് എം പുതുശ്ശേരി : സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ് തികച്ചും സന്തോഷത്തോടുകൂടി തന്നെയാണ് ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷക്കാലം ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തിക്കൊണ്ട് മുന്നോട്ടു പോകാൻ പരിണിതപ്രജ്ഞനായ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിമാനത്തോടുകൂടി അനുസ്മരിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ എല്ലാ മേഖലയിലുമുള്ള അനുഭവ സമ്പത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ നടപടികൾ എടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഇവിടെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പതിനോരായിരം ഹെക്ടർ ഭൂമി മലയോര കർഷകർക്ക് പതിച്ചു നൽകുന്ന നടപടിയുണ്ടായി. ഈ വകുപ്പുമായി ബന്ധപ്പെട്ട ഓരോ രംഗത്തും കമ്പ്യൂട്ടർവൽക്കരണത്തിനുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചു. താലൂക്കാഫീസുകളിൽ കമ്പ്യൂട്ടറുകളിലൂടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാൻ കാലോചിതമായ മാറ്റങ്ങൾ ഈ രംഗത്ത് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. മാണിസാർ കൈകാര്യം ചെയ്ത വകുപ്പുകളിലൊക്കെ തനതായ ഒരു പ്രവർത്തന ശൈലി സ്ഥാപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. സിനിമാ സ്റ്റൈലിൽ പറഞ്ഞാൽ ഒരു "മാണി ടച്ച്" അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട് എന്നുള്ളത് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഏത് രംഗത്താണെങ്കിലും എല്ലാ വകുപ്പുകളുടെ കാര്യത്തിലും, വെളിച്ച വിപ്ലവം കൊണ്ടുവന്ന കാര്യത്തിലും സാമൂഹ്യ ജലസേചന പദ്ധതി കൊണ്ടുവന്ന കാര്യത്തിലാണെങ്കിലും ഭാവനയോടുകൂടി ജനങ്ങൾക്ക് ഉപകാരപ്രദമായി തന്റെ വകുപ്പിനെ മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിന്റെ പ്രതിഫലനമാണ് ഇന്ന് ഈ രംഗത്ത് ഉണ്ടായിരിക്കുന്നത്. അതൊന്നും നോക്കിക്കാണാതെ, ഒരു കാര്യവും പറയാനില്ലാത്തതുകൊണ്ടാണ് കാടടച്ച് വെടി വയ്ക്കുന്ന സ്ഥിതി സ്വീകരിച്ചിരിക്കുന്നത്. ഇവിടെ ശ്രീ. ജയരാജനും ശ്രീ. മാങ്കോട് രാധാകൃഷ്ണനും ഒക്കെ പറഞ്ഞു. വികസന സന്ദേശ യാത്രയ്ക്ക്.....

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, പി. സി. ജോർജ് കാര്യമായി ഒന്നും പറഞ്ഞില്ല എന്നു പറയാൻ പാടില്ലേ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : അതാണ് സർ ഈ വകുപ്പിനുള്ള ഏറ്റവും വലിയ സർട്ടിഫിക്കറ്റ്. കഴിഞ്ഞ വർഷങ്ങളിലൊക്കെ ഈ വകുപ്പിനെ കടന്നാക്രമിച്ച ശ്രീ. പി.സി ജോർജ് ഇന്ന് സൗമ്യനായി സംസാരിച്ചു. അത്തരം ഒരു ഗുണകരമായ മാറ്റം ഉണ്ടാക്കാൻ രണ്ടു വർഷത്തെ ഭരണത്തിനു സാധിച്ചു എന്നുള്ളതു തന്നെയാണ് ഈ വകുപ്പിന്റെ ഏറ്റവും വലിയ ഒരു നേട്ടം എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഉദ്യോഗസ്ഥൻമാരെ ഉപയോഗിച്ച് പണപ്പിരിവ് നടത്തിയെന്നൊക്കെ പറഞ്ഞു. വികസന സന്ദേശ യാത്രയിലടക്കം ഒരു കാര്യത്തിലും കേരള കോൺഗ്രസ് പാർട്ടിക്ക് അത്തരം ഒരു സമീപനം ആവശ്യമില്ല. കാരണം 38 വർഷക്കാലമായി തനതായ വ്യക്തിത്വത്തോടുകൂടി കേരള കോൺഗ്രസ് പാർട്ടി പ്രതിപക്ഷത്ത് ഇരുന്നപ്പോഴും ഭരണ പക്ഷത്ത് ഇരുന്നപ്പോഴും നിരവധി പരിപാടികൾ നടത്തി. നിങ്ങളുടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തൊക്കെ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയ ദുഷ് ചെയ്തികൾക്കെതിരെ ശ്രീ. കെ.എം. മാണി നടത്തിയ കേരള യാത്രയടക്കം കേരളമാകെ ഇളക്കി മറിച്ച പരിപാടികൾ ജനങ്ങളുടെ പിന്തുണകൊണ്ട് നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പരിപാടികൾ സംഘടിപ്പിച്ചത് സർക്കാരുദ്യോഗസ്ഥൻമാരുടെ കാശ് പിരിച്ചുകൊണ്ടല്ല. അത്തരത്തിലുള്ള സംഘടനാശേഷി, അതിനുള്ള ജന പിന്തുണ ഈ പാർട്ടിക്ക് ഉള്ളതുകൊണ്ടാണ് ഈ പരിപാടികളൊക്കെ നടത്താൻ ഈ പാർട്ടിക്ക് കഴിഞ്ഞിട്ടുള്ളത്. ജോസ് കെ. മാണി നടത്തിയ വികസന സന്ദേശ യാത്ര നിങ്ങളുടെ പ്രതീക്ഷയ്ക്ക് അപ്പുറത്ത് വിജയിച്ചു എന്നുള്ളതിന്റെ കണ്ണുകടിയാണ് യാതൊരു അടിസ്ഥാനവുമില്ലാതെ ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് എന്നു സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെ ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ഇവിടെ കാര്യങ്ങളൊക്കെ പറഞ്ഞു. സ്ഥലം മാറ്റത്തെക്കുറിച്ച് പറഞ്ഞു. സി.പി.ഐ. യുടെ ആളുകൾക്കൊക്കെ വിമ്മിട്ടമുണ്ടാകുന്നതിൽ എനിക്ക് യാതൊരു പരാതിയുമില്ല. കാരണം ഇഷ്ട താവളങ്ങളൊക്കെ സംഘടിപ്പിച്ച് ഇരുന്ന ആളുകൾക്കൊക്കെ സ്ഥാനചലനം ഉണ്ടാകുമ്പോൾ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളത് ഞങ്ങൾക്ക് ബോദ്ധ്യമുള്ള കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ ഈ കാര്യത്തിൽ പരാതിപ്പെടാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. രാജേന്ദ്രനും ശ്രീ. രാധാകൃഷ്ണനും അടക്കമുള്ള ആളുകൾ പേര്യമരം മുറിയെ സംബന്ധിച്ച് വന്ന റിപ്പോർട്ടുകൾ ഉൾപ്പെടെ ഈ സഭയുടെ മേശപ്പുറത്ത് ഉണ്ടെന്നുള്ളത് വിസ്മരിച്ചുകൊണ്ട് സംസാരിക്കരുത് എന്നു മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ബാബു പോളിനെ കെ. പി. രാജേന്ദ്രന് അറിയില്ലേ ? എറണാകുളം ജില്ലാ സി.പി.ഐ. അസിസ്റ്റന്റ് സെക്രട്ടറിക്ക് മരംമുറിക്കുന്നതിനുവേണ്ടി മന്ത്രി ആനുകൂല്യം ചെയ്തു കൊടുത്തു എന്നും ബാബു പോൾ വഴിയാണ് ഈ കാര്യങ്ങൾ നടന്നതെന്നുമുള്ള ഔദ്യോഗിക റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് ഇരിക്കുമ്പോഴാണ് ഇവിടെ ഇതുപോലുള്ള കാടടച്ച് വെടിവയ്ക്കുന്ന ഏർപ്പാട് എന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്ഥലംമാറ്റം, നിയമനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ, ഇപ്പോൾ മാത്രമല്ല, 1987 കാലഘട്ടത്തിൽ അങ്ങ് കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങളും സ്ഥലം മാറ്റവും നടന്നതിന്റെ ആക്ഷേപം പത്രങ്ങളും നിയമസഭയും ചർച്ച ചെയ്തത് അങ്ങേയ്ക്ക് (കെ. പി. രാജേന്ദ്രൻ) ഓർമ്മയുണ്ടാകും എന്നു ഞാൻ കരുതുന്നു, അങ്ങ് തൃശ്ശൂർ ജില്ലാ സെക്രട്ടറി ആയിരുന്നപ്പോൾ, അത്തരം കാര്യങ്ങളൊന്നും മറന്നുകൊണ്ട് കാടടച്ച് വെടിവയ്ക്കാൻ ശ്രമിക്കരുതെന്നേ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ വകുപ്പ് വളരെ ഫലപ്രദമായി മുന്നോട്ട് പൊയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണി കൈകാര്യം ചെയ്യുന്ന വകുപ്പ് വളരെ നന്നായി പോകുന്നു എന്ന് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഇതിനകത്ത് ഒരു മാണി ടച്ച് ഉണ്ട് എന്ന് പറഞ്ഞ കാര്യം, ഞാൻ ചോദിക്കട്ടെ, നമ്മുടെ ജില്ലാ ഭരണകൂടം, ജില്ലകളിൽ ഓരോ മാസവും ജില്ലാ വികസന സമിതി യോഗം കൂടുന്ന ഒരേർപ്പാട് ഉണ്ടായിരുന്നു. ഇപ്പോൾ ചില ജില്ലകളിൽ അങ്ങനെ കൂടുന്നില്ല. ഇപ്പോൾ പത്തനംതിട്ടയിൽ തന്നെ കൂടുന്നില്ല. അങ്ങ് ഉൾപ്പെടെയുള്ള, ഞാൻ ഉൾപ്പെടെയുള്ള അംഗങ്ങൾ അത് കൂടണമെന്ന് ആവശ്യപ്പെട്ടു. അതൊന്നു കൂടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മാണി സാറിന്റെ ടച്ച് അതിനകത്ത് ഉണ്ടാകുന്നതിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : അത് റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, എന്നാലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പത്തനംതിട്ട അടക്കമുള്ള പല ജില്ലകളിലും DDC-കൾ എല്ലാമാസവും കൂടുന്നില്ല. അതിനുള്ള നടപടികൾ എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഏതായാലും ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടേയും, ഇവിടത്തെ എം.എൽ.എ.മാരുടേയും വികാരം മാനിച്ച് DDC-കൾ കൂടുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഒരു പരാതി ഈ വകുപ്പിൽ ഉന്നയിക്കപ്പെട്ടാൽ അത് പരിഹരിക്കാനുള്ള നടപടി ഉടൻതന്നെ നിർദ്ദേശിക്കുന്ന തരത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങും എന്നുള്ളതാണ് സത്യം. ഹൗസിംഗ് ബോർഡിനെ കുറിച്ച് ഡോ. കെ. സി. ജോസഫും ശ്രീ. പി.സി. ജോർജ്ജും പറഞ്ഞതു ശരിയല്ല. വായ്പയെടുത്ത് വകമാറ്റി ചെലവഴിച്ചു എന്നു അവർ പറഞ്ഞു. ഇവിടെ പ്രതികരിക്കാൻ കഴിഞ്ഞില്ല. മുൻഗവൺമെന്റ് വരുത്തിവച്ച വിനയാണെങ്കിൽ പോലും അത് പരിഹരിക്കാനുള്ള നടപടിയെടുക്കും. ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറു പേർക്ക് വീടുപണിയാനുള്ള നടപടികൾ പൂർത്തീകരിച്ചു. കാശ് കൊടുത്തുകൊണ്ടിരിക്കുകയാണ്. മുൻ ഗവൺമെന്റ് ഉണ്ടാക്കിവച്ച കുഴപ്പമാണെങ്കിൽപ്പോലും അത് പരിഹരിച്ചുകൊണ്ട് മുന്നോട്ടു പോകാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. അങ്ങനെ ഭാവനാപൂർണ്ണമായി ഈ വകുപ്പിനെ നയിച്ചുകൊണ്ടു മുന്നോട്ടു പോകുന്ന ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. റവന്യൂ വകുപ്പ് ചിതൽ അരിച്ചുകൊണ്ടിരിക്കുന്ന ഒരു വകുപ്പാണ്. ചിതൽ തിന്നുന്ന ഒരു വകുപ്പാണ് റവന്യൂ വകുപ്പ് എന്നു പറയാതിരിക്കാൻ വയ്യ. പക്ഷേ, ഈ വകുപ്പിനെ മോഡണൈസ് ചെയ്യാനുള്ള ശ്രീ. മാണി സാറിന്റെ ശ്രമങ്ങളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. രണ്ടുമൂന്നു വർഷമായി റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ ആധുനികവൽക്കരിക്കാനുള്ള വലിയ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതിപ്പോൾ എങ്ങും എത്താത്ത സ്ഥിതിയിലാണ്. സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടർവൽക്കരണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഐ.ടി. മിഷനെയാണ്. ഐ.ടി. മിഷൻ ഒരു കരയിലും വകുപ്പുകൾ വേറൊരു കരയിലുമായി നിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉള്ളത്. അക്കരെയിക്കരെ നിന്നാലെങ്ങനെ ആശ തീരും എന്നുള്ള സ്ഥിതിയിലാണ് ഇപ്പോൾ കമ്പ്യൂട്ടർവൽക്കരണം നിൽക്കുന്നത്. ഇതിന് മാറ്റം വരണം. ഐ.ടി. മിഷനിൽ ഇതിനാവശ്യമായ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളില്ല. ഐ.ടി. മിഷനെ ഏൽപ്പിക്കുന്ന കമ്പ്യൂട്ടർവൽക്കരണം അവർ ഏൽപ്പിക്കുന്നത് ഐ.എം.ജി.യെയും, എൽ..ബി.എസ്.നെയും, ഇ.ആർ.ആന്റ്.ഡി.സി.യെയും ഒക്കെയാണ്. അവർക്ക് ആകെ 10-നകത്തുള്ള സെന്ററുകളാണ് കേരളത്തിലുള്ളത്. ഈ 10-നകത്തുവരുന്ന സെന്ററുകളെക്കൊണ്ട് സെക്രട്ടേറിയറ്റിന്റെ വകുപ്പുകൾ പോലും ഇപ്പോൾ കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ഉദാഹരണമായി, ലാ വകുപ്പ്. ലാ ഡിപ്പാർട്ടുമെന്റിൽ 20 ശതമാനം പോലും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കേരളമാസകലം പാറശ്ശാല മുതൽ കാസർകോട് വരെയുള്ള സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർവൽക്കരണം ഒരു അസാദ്ധ്യമായ സ്ഥിതിയിലാണ് നിൽക്കുന്നത്. ഇവിടെ നമുക്ക് എന്തെല്ലാം സ്ഥാപനങ്ങളാണ് കമ്പ്യൂട്ടർവൽക്കരിക്കാനുള്ളത് ? 1452 വില്ലേജുകളുണ്ട്. 63 താലൂക്കുകളുണ്ട്. 991 പഞ്ചായത്തുകളുണ്ട്. 152 ബ്ലോക്കുകളുണ്ട്. 308 രജിസ്ട്രേഷൻ ഓഫീസുകളുണ്ട്. ഇതിന്റെ ജില്ലാതല ഓഫീസുകൾ 14 വീതം അതിൽ ഇതുമായി ബന്ധപ്പെട്ടുവരുന്ന 42 ഓളം ഓഫീസുകൾ നമ്മുടെ സെക്രട്ടേറിയറ്റിലും തലസ്ഥാനനഗരിയിലുമുണ്ട്. പക്ഷേ, ഇതു മുഴുവനും കമ്പ്യൂട്ടർവൽക്കരിക്കാനും പരിശീലനം നൽകാനും ഉള്ള ഇൻഫ്രാസ്ട്രക്ചർ ഇല്ലാത്തതുകൊണ്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞാലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാത്ത സ്ഥിതിയിലേയ്ക്ക് പോകും എന്നുള്ളതുകൊണ്ട് ഇതിന് ഒരു ബദൽ പരിപാടി ബഹുമാനപ്പെട്ട മാണിസാർ കണ്ടെത്തണം എന്നുള്ളതാണ് എന്റെ അഭിപ്രായം. കമ്പ്യൂട്ടർവൽക്കരണം വലിയ അത്യാവശ്യമാണ്. റിക്കാർഡുകൾ മുഴുവനും സി.ഡി.യിലാക്കി സൂക്ഷിക്കാനും കാലാകാലം സൂക്ഷിക്കാൻ കഴിയുന്ന രീതിയിൽ സോഫ്റ്റ് വെയർ ഉണ്ടാക്കി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കേണ്ടത് പ്രത്യേകിച്ച് റവന്യൂ വകുപ്പിൽ വലിയ അത്യാവശ്യമായ കാര്യമാണ്. അതുകൊണ്ട് പരിശീലനത്തിന് ഇൻഫ്രാസ്ട്രക്ചർ ഉള്ള, ഗ്രാമതലത്തിലുള്ള മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻവേണ്ടി ഇൻഫ്രാസ്ട്രക്ചറുള്ള ഒരു ഏജൻസിയെ കണ്ടെത്തേണ്ടത് ഇവിടെ ഒരു അത്യാവശ്യമായി നിൽക്കുന്നു. നൂറ്റാണ്ടുകളോളം നീണ്ടുപോകുന്ന ഒരു പദ്ധതിയായി കമ്പ്യൂട്ടർവൽക്കരണം മാറും എന്നുള്ളതാണ് സ്ഥിതി. മറ്റൊന്ന് എനിക്ക് പറയാനുള്ളത് തിരുവനന്തപുരം താലൂക്ക് നഗരവുമായി ബന്ധപ്പെട്ടതാണ്. റവന്യൂ ഭരണത്തിലെ ഏറ്റവും വലിയ കേന്ദ്രമായി നമ്മുടെ തിരുവനന്തപുരം താലൂക്ക് മാറിയിരിക്കുകയാണ്. തിരുവനന്തപുരം താലൂക്ക് തിരുവനന്തപുരം നഗരവുമായി ചേർന്ന് കിടക്കുകയാണ്. പക്ഷേ, ഈ നഗരത്തിലെത്തുന്ന മുഴുവൻ ആളുകൾക്കും റവന്യൂ ഭരണവുമായി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷമാണ് ഉള്ളത്. തിരുവനന്തപുരം നഗരം വിട്ടുള്ള എത്രയോ ആളുകൾ പല കാര്യങ്ങൾക്കുവേണ്ടി ഇവിടെ വരുന്നുണ്ട്. അവരുടെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. അത്രയ്ക്ക് തിരക്കേറിയ ഒരു ഓഫീസാണ് തിരുവനന്തപുരം താലൂക്കാഫീസ്. ഈ ജില്ലയ്ക്കുവേണ്ടി മാണിസാർ ഒന്നും ചെയ്തിട്ടില്ല, തിരുവനന്തപുരം ജില്ലയിലെ റവന്യൂ പരിഷ്കരണത്തിനുവേണ്ടി മാണിസാർ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് അദ്ദേഹത്തോട് എനിക്ക് ആവശ്യപ്പെടാനുള്ളത് തിരുവനന്തപുരം നഗരം ഉൾക്കൊള്ളുന്ന തിരുവനന്തപുരം താലൂക്കിൽ ഒരു സബ് താലൂക്ക് കഴക്കൂട്ടത്ത് രൂപീകരിക്കുകയും കഴക്കൂട്ടവുമായി ബന്ധപ്പെട്ട് സബ് അർബൻ ഏരിയയിലുള്ള പാവപ്പെട്ട ആളുകളുടെ റവന്യൂ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി തിരുവനന്തപുരം താലൂക്കാഫീസിനകത്ത് സ്ഥിതിചെയ്യുന്ന ഒരു അഡീഷണൽ തഹസീൽദാരുടെ ഓഫീസ് അങ്ങോട്ട് ഷിഫ്റ്റ് ചെയ്ത് ഈ ഓഫീസിന്റെ പ്രവർത്തനം പാവപ്പെട്ടവർക്ക് സഹായകരമാകത്തക്ക രീതിയിൽ കഴക്കൂട്ടത്തേയ്ക്ക് മാറ്റുകയും ചെയ്യണമെന്നാണ്. ഇനി എനിക്ക് പറയാനുള്ളത് ഭവന നിർമ്മാണത്തെക്കുറിച്ചാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതാണ് ലക്ഷംവീടുകളുടെ നവീകരണത്തിനുവേണ്ടി പുതിയ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ഈ വർഷം ഉണ്ടാക്കുമെന്ന്. അത് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഞങ്ങളുടെ ഗ്രാമപ്രദേശങ്ങളിൽ ലക്ഷംവീടുകൾ അപകടാവസ്ഥയിലാണ്. ഏതു നിമിഷത്തിലും നിലംപൊത്താറായ അവസ്ഥയിലാണ്. അത് നവീകരിക്കാനുള്ള മുഖ്യമന്ത്രിയുടെ പദ്ധതി ഉടനെ നടപ്പിലാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ.മാമ്മൻ മത്തായി : സർ, ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നല്ല ഭരണ പരിഷ്ക്കാരങ്ങളിൽക്കൂടി റവന്യൂ, ഭവന നിർമ്മാണ, നിയമ വകുപ്പുകളെ ഊർജ്ജസ്വലമാക്കിയ മന്ത്രിയുടെ പ്രവർത്തനങ്ങളിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. 5 വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ റവന്യൂ, ഭവനനിർമ്മാണ, നിയമ വകുപ്പുകളുടെ പ്രവർത്തനവുമായി തട്ടിച്ചുനോക്കുമ്പോൾ മാത്രമേ ഈ ഗവണ്മെന്റ് ജനങ്ങൾക്കു വേണ്ടി നടത്തിയ പ്രയോജനപ്രദമായ പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കാൻ കഴിയൂ. റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം നിരവധി കാര്യങ്ങൾ ഇനിയും ചെയ്തുതീർക്കാനുണ്ട്. 1991-96 ഗവണ്മെന്റിന്റെ കാലത്ത് ബഹുമാന്യനായ മാണി സാർ പ്രഖ്യാപിച്ചതാണ് റവന്യൂ കാർഡ്. അതിനുള്ള നടപടിയും ആരംഭിക്കുകയുണ്ടായി. എന്നാൽ അതിനുശേഷം അധികാരത്തിൽ വന്ന സർക്കാർ നിയമപരമായി നടപടികൾ എടുക്കാത്തതുകൊണ്ടുതന്നെ ആ പദ്ധതി പാളിപ്പോകുകയും റവന്യൂ കാർഡ് കൊടുക്കാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യം ഉണ്ടായി. മാണിസാർ പ്രഖ്യാപിച്ച ഒരു പദ്ധതി എന്ന നിലയിൽ ആ റവന്യൂ കാർഡ് വീണ്ടും പുനർജ്ജീവിപ്പിക്കുന്നതിന് നിയമപരമായ നടപടികൾ, നോട്ടിഫിക്കേഷനുകൾ ഉൾപ്പെടെയുള്ളവ എടുത്ത് അത് വീണ്ടും പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. താലൂക്ക് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനെപ്പറ്റി എന്റെ മുൻ പ്രാസംഗികൻ സൂചിപ്പിക്കുകയുണ്ടായി. അതിനെപ്പറ്റി ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, ഇന്ന് 24 ഇനം സർട്ടിഫിക്കറ്റുകൾ താലൂക്ക് ഓഫീസുകളിലെ കമ്പ്യൂട്ടറുകളിൽക്കൂടി ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. പക്ഷേ, ഈ സർട്ടിഫിക്കറ്റുകൾ ഒക്കെ കൊടുക്കുന്നത് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടു പ്രകാരമാണ്. അതുകൊണ്ടുതന്നെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ വില്ലേജ് ഓഫീസിൽ പോയി റിപ്പോർട്ട് വാങ്ങി താലൂക്ക് ഓഫീസിൽ കൊണ്ടുകൊടുത്ത് സർട്ടിഫിക്കറ്റ് വാങ്ങേണ്ട ഒരു സാഹചര്യമാണുള്ളത്. പ്രത്യേകിച്ച് ജാതി സർട്ടിഫിക്കറ്റുകൾ. അതുകൊണ്ട് മുഴുവൻ സർട്ടിഫിക്കറ്റുകളും വില്ലേജാഫീസിൽ നിന്നും ലഭിക്കുന്ന ഒരു നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസം സംബന്ധിച്ച് ഇവിടെ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രഗവണ്മെന്റിൽനിന്നും കാര്യമായ ആനുകൂല്യങ്ങളൊന്നും തന്നെ നേടിയെടുക്കാൻ കഴിഞ്ഞില്ല എന്നാണ് അവർ പറഞ്ഞതിന്റെ സാരം. പ്രകൃതിക്ഷോഭ രംഗത്ത് കഴിഞ്ഞ ഇടതുപക്ഷമുന്നണി സർക്കാർ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽനിന്നും വാങ്ങിയ വിഹിതവും ചെലവാക്കിയ വിഹിതവും പരിശോധിച്ചുനോക്കിയാൽ മാത്രമേ ഈ സർക്കാർ ഇടതുപക്ഷ മുന്നണിയെക്കാൾ ഭംഗിയായി ഈ രംഗത്ത് പ്രവർത്തിച്ചു എന്ന് മനസ്സിലാക്കാൻ കഴിയൂ. 1998-99-ൽ 4608 ലക്ഷം രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കുകയും 1536 ലക്ഷം രൂപയുടെ സംസ്ഥാന പങ്ക് ഉൾപ്പെടെ 6,144 ലക്ഷം രൂപയാണ് ചെലവഴിക്കുകയും ചെയ്തത്. 1999-2000-ൽ 4,704 ലക്ഷം രൂപ കേന്ദ്രവിഹിതം, 2000-01-ൽ 1,734 ലക്ഷം രൂപ കേന്ദ്ര വിഹിതം, 2001-02-ൽ 8604 ലക്ഷം രൂപ കേന്ദ്ര വിഹിതം, 2002-03-ൽ 5,560 ലക്ഷം രൂപ കേന്ദ്ര വിഹിതം. അതായത് ഇടതുപക്ഷ മുന്നണി സർക്കാർ അധികാരത്തിൽനിന്നും ഇറങ്ങുന്ന ആ വർഷം 2000-01-ൽ ആകെ ലഭിച്ചത് 1,734 ലക്ഷം രൂപയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതം 578 ലക്ഷം രൂപയാണ്. ആകെ ചെലവഴിച്ചത് 2,235 ലക്ഷം രൂപ. ആ സ്ഥാനത്താണ് 2001-02-ൽ 7,062 ലക്ഷം രൂപയും 2002-03-ൽ 7,185 ലക്ഷം രൂപയും ചെലവഴിച്ചത്. ഇവിടെ പ്രസംഗിച്ച പ്രതിപക്ഷ സുഹൃത്തുക്കളോട് എനിക്ക് ചോദിക്കാനുള്ളത് 1998-1999 മുതൽ ഉള്ളത് ആധികാരികമായ കണക്കാണ്. ശ്രീ. മത്തായി ചാക്കോയ്ക്ക് വേണമെങ്കിൽ പരിശോധിച്ചുനോക്കാം. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിച്ചത്, അധികമായി ചോദിച്ചത് ലഭിച്ചിട്ടില്ലായെന്നത് ഞാൻ സമ്മതിക്കുന്നു. അതുപോലെതന്നെ റീസർവ്വേ നടപടികളെ സംബന്ധിച്ച് സംസ്ഥാനത്താകെ 1604 സർവ്വേ വില്ലേജുകളുണ്ട്. അതിൽ 703 വില്ലേജുകളിലെ റീ സർവ്വേ പരിപൂർണ്ണമായി പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറുകയുണ്ടായി. ഇപ്പോൾ 114 വില്ലേജുകളിൽ റീസർവ്വേ നടന്നു വരുന്നു. ഇനി 787 വില്ലേജുകളിൽ റീ സർവ്വേ നടക്കാനുണ്ട്. പൂർത്തിയാക്കിയ വില്ലേജുകളെ സംബന്ധിച്ചിടത്തോളം എനിക്കുള്ള അഭിപ്രായം ഇന്നും ജനങ്ങളുടെ പരാതി മാറിയിട്ടില്ലായെന്നുള്ളതാണ്. റീസർവേയിൽ ധാരാളം പരാതികളുണ്ടെന്ന് ഞാൻ പറയുന്നു. അതുകൊണ്ട് റീസർവ്വേയിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി താലൂക്ക് സർവ്വേയർമാരെക്കൊണ്ട് വന്ന് അളപ്പിച്ച് റീസർവ്വേ പരാതി പരിഹരിക്കുന്നതിനുള്ള അധികാരം തഹസീൽദാർമാർക്കുകൂടി കൊടുക്കണം. മാത്രമല്ല റീസർവ്വേയ്ക്കു മുമ്പുള്ള ആധാരത്തിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് നടത്തിക്കാൻ കഴിഞ്ഞാൽ ഈ പ്രശ്നങ്ങൾക്ക് വളരെയധികം പരിഹാരം കാണാൻ കഴിയും. ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങളെപ്പറ്റി പറയട്ടെ, ഇവിടെ ശ്രീ. ജോർജ്ജും, ശ്രീ. ജോസഫുമൊക്കെ സൂചിപ്പിക്കുകയുണ്ടായി, കോടിക്കണക്കിന് രൂപ വകമാറ്റി ചെലവഴിക്കുകയുണ്ടായെന്ന്. പഞ്ചായത്തുകൾ തിരിച്ചടവിനായി അടച്ച രൂപയും മൈത്രി ആനിറ്റി ഡെപ്പോസിറ്റ് തുകയും വകമാറ്റി ചെലവഴിച്ചു. ഹഡ്കോയിൽ നിന്ന് വായ്പയായി കൊടുത്ത രൂപയും വകമാറ്റി ചെലവഴിക്കുകയുണ്ടായി. അതിന്റെ ഫലമായി ഒന്നാം ഗഡു കൊടുത്തവർക്ക് രണ്ടാം ഗഡു കൊടുക്കാൻ കഴിഞ്ഞില്ല, രണ്ടാം ഗഡു കൊടുത്തവർക്ക് മൂന്നാം ഗഡു കൊടുക്കാൻ കഴിഞ്ഞില്ല, പക്ഷേ, കഴിഞ്ഞ രണ്ടു വർഷത്തെ സ്തുത്യർഹമായ പ്രവർത്തനം കൊണ്ട് ഈ കടങ്ങളെല്ലാം ഹഡ്കോയിൽ അടച്ച് ഇത് ഏകദേശം റഗുലറൈസ് ചെയ്ത് വീണ്ടും ഈ പാവങ്ങളെ, ഭവനരഹിതരായ ആളുകൾക്ക് രണ്ടും മൂന്നും ഗഡുക്കൾ കൊടുക്കുന്ന ഒരു പദ്ധതി മേയ്മാസം 8-ാം തീയതി ആരംഭിക്കുകയുണ്ടായി. ഇവിടെ ശ്രീ. ജോസഫ് ധാരാളം വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കാതെ കിടക്കുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് വന്ന ഒരു വാർത്ത ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. ഹൗസിംഗ് ബോർഡിൽ നിന്ന് വായ്പയെടുത്ത് 120 ഫ്ളാറ്റുകൾ പണിതു. കൈവിരലിലെണ്ണാവുന്നതു മാത്രമേ വിറ്റുപോയിട്ടുള്ളൂ. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കാനുള്ളത് ധാരാളം ഫ്ളാറ്റുകളും വീടുകളും നിലവാരമില്ലാത്തതായി ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുണ്ട്. ഇത് വിലകുറച്ച് വിൽക്കുന്നതിനുള്ള നടപടിയെടുത്താൽ ഇത് വിൽക്കാൻ സാധിക്കും. ഭവന നിർമ്മാണ ബോർഡിന് തുക സംഘടിപ്പിച്ചെടുക്കാനും കഴിയും. മറ്റൊരു അപേക്ഷ ബാങ്കുകളൊക്കെ പലിശ നിരക്ക് കുറയ്ക്കുകയുണ്ടായി. 14 ശതമാനം പലിശ ഉണ്ടായിരുന്നപ്പോൾ എം.എൽ.എ. മാർക്ക് 7 ശതമാനം പലിശയ്ക്കാണ് വായ്പ കൊടുത്തുകൊണ്ടിരുന്നത്. ഇന്ന് ആ പലിശ നിരക്ക് ബാങ്ക് കുറച്ചു. അതിന്റെയടിസ്ഥാനത്തിൽ എം.എൽ.എ.മാർക്കുൾപ്പെടെ പലിശ നിരക്ക് കുറച്ചുതരണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിറുത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,ഈ ഗവൺമെന്റ് സ്ഥാനത്തും അസ്ഥാനത്തും കേന്ദ്രവുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഗവൺമെന്റാണെന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും മുഖ്യമന്ത്രി കേന്ദ്ര ഭരണകക്ഷിയെ കൂടുതൽ പ്രീണിപ്പിക്കുന്ന നയം സ്വീകരിക്കുന്നുണ്ടെങ്കിലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പാർട്ടി ഐക്യ ജനാധിപത്യ മുന്നണിയുടെ പരിധിവിട്ടുപോലും കേന്ദ്രം ഭരിക്കുന്ന കക്ഷിയുമായി ഇടയ്ക്കിടയ്ക്ക് സഖ്യമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽപ്പോലും ഇവിടെ വരൾച്ചയും ദുരിതാശ്വാസവും ഉരുൾപൊട്ടലും, പേമാരിയുമൊക്കെ ഉണ്ടായപ്പോൾ ഒരു പൈസയുടെ സഹായംപോലും വാങ്ങാൻ കഴിഞ്ഞില്ല എന്നത് അപമാനകരമാണ്. നിലവിലുള്ള ജില്ലാ ഭരണം ബ്രിട്ടീഷ് രാജിന്റെ തുടർച്ചയാണ്. അതിന്റെ ഒരു ലഗസിയാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം 55 വർഷം പിന്നിട്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ ഉത്തരവാദിത്വങ്ങളും, കടമകളുമൊക്കെ ഏറ്റെടുക്കേണ്ട സാഹചര്യം ഓരോ ജില്ലയിലും ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ നിലവിലുള്ള ജില്ലാ ഭരണത്തിന്റെ അലകും പിടിയും മാറിയെങ്കിൽമാത്രമേ ആ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കഴിയൂ. അധികാര വികേന്ദ്രീകരണ പ്രക്രിയ നടന്നു. അതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കയ്യിൽ അധികാരം വന്നു. ആ തദ്ദേശ സയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി ജില്ലാ പഞ്ചായത്ത്, മറ്റ് സ്ഥാപനങ്ങൾ എന്നിവയും ജില്ലാ ഭരണവും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഇന്നില്ല. അതുപോലെതന്നെ ജില്ലാ ഭരണത്തിന്റെ പ്രതീകമായി നിൽക്കുന്നത് കളക്ടർമാരാണ്. ഈ കളക്ടർമാരായി നിയോഗിക്കപ്പെടുന്ന കുറെ ആളുകളിൽ സമർത്ഥന്മാരുണ്ട്. എന്നാൽ ചില ആളുകൾ, ഇതിനൊന്നും പറ്റാത്ത ആളുകളുണ്ട്. ഐഎഎസ്ഉദ്യോഗസ്ഥന്മാർക്കുനിശ്ചിതകാലയളവിൽഫീൽഡ്ഡ്യൂട്ടിവേണമെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം നിയോഗിക്കപ്പെടേണ്ട ഒരു സ്ഥാനമാണോ കളക്ടർ സ്ഥാനം.

LIBRARY ARCHIVES Kerala Legislative Assembly

അതോ ഇന്ന് കൂടുതൽ പ്രശ്ന സങ്കുലിതമായിക്കൊണ്ടിരിക്കുന്ന കാലയളവിൽ ആ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ആളുകളെ തെരഞ്ഞെടുത്ത് നിയോഗിക്കപ്പെടേണ്ടതാണോ എന്നതു സംബന്ധിച്ച പഠനവും വിലയിരുത്തലും അതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളും ആവശ്യമാണ്. ഭൂപരിഷ്ക്കരണ നിയമത്തിൽ എന്തോ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നതായി സൂചനകൾ കാണുന്നു. നിലവിലുള്ള ഭൂപരിഷ്ക്കരണ നിയമത്തെ കൂടുതൽ പുരോഗമനാത്മകമായി മാറ്റുന്നതിനും യഥാർത്ഥ ഭൂപരിഷ്ക്കരണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള മാറ്റമാണോ ഉണ്ടാകാൻ പോകുന്നത്, അതോ പുറകോട്ടു പോകാനുള്ള മാറ്റമാണോ ഉണ്ടാകാൻ പോകുന്നത് എന്നതിനെ സംബന്ധിച്ചിടത്തോളം ഉത്കണ്ഠയുണ്ട്. ദേശീയസ്വാതന്ത്ര്യ സമര കാലത്ത് കറാച്ചി കോൺഗ്രസിൽ വച്ചാണ് Land to the tiller എന്ന മുദ്രാവാക്യം ആദ്യം അവതരിപ്പിച്ചത്. അതിന്റെയടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂപരിഷ്ക്കരണ നിയമം ഇവിടെ കൊണ്ടുവന്നുവെങ്കിലും യഥാർത്ഥ റ്റില്ലർമാർക്ക് ഇതുവരെ കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം കിട്ടിയിട്ടില്ല. ആ അപാകത ശരിക്ക് മനസ്സിലാക്കിയ ഒരാൾ സഖാവ് എ.കെ. ഗോപാലൻ മാത്രമായിരുന്നു. ഭൂപരിഷ്ക്കരണ നിയമം ഇവിടെ കൊട്ടിഘോഷിച്ചുകൊണ്ട് നടപ്പിലാക്കിയപ്പോഴും അദ്ദേഹം മിച്ചഭൂമി സമരം സംഘടിപ്പിച്ചു. ഞാനടക്കമുള്ള ആളുകൾ ഇത് രാഷ്ട്രീയ സ്റ്റണ്ടാണെന്ന് കണക്കാക്കി. 1972-ൽ സഖാവ് എ.കെ.ജി. ലോക്സഭയിൽ ഇതുസംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിച്ചു. യഥാർത്ഥ കർഷക തൊഴിലാളികൾക്ക്, കൃഷിഭൂമിയിൽ പണിയെടുക്കുന്നവർക്ക് കൃഷി ഭൂമിയുടെ ഉടമസ്ഥാവകാശം നൽകണമെന്നാണ് പ്രമേയത്തിൽ ആവശ്യപ്പെട്ടത്. അതിൽ അദ്ദേഹം കറാച്ചി കോൺഗ്രസിന്റെ പ്രമേയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 1942-ൽ മഹാത്മാഗാന്ധി ലൂയിസ് ഫിഷറുമായി നടത്തിയ ഒരു അഭിമുഖത്തിൽ ഭൂമി റ്റില്ലർമാർക്ക് നൽകണമെന്നും അത് ഭൂമിയുടെ ഉടമസ്ഥന് കോമ്പൻസേഷൻ നൽകാതെ ഭൂമി ഏറ്റെടുത്തു നൽകണമെന്നും അല്ലെങ്കിൽ അവർ ബലമായി ഏറ്റെടുക്കും എന്നും മഹാത്മാഗാന്ധി മുന്നറിയിപ്പു നൽകിയിരുന്നു. പക്ഷേ, സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം 55 വർഷം കഴിഞ്ഞ ശേഷവും ആ മുദ്രാവാക്യം പ്രാവർത്തികമാക്കിയിട്ടില്ല. ഭൂപരിഷ്ക്കരണ നിയമത്തിൽ മാറ്റങ്ങൾ വരുത്തുമ്പോൾ യഥാർത്ഥ പട്ടികജാതിക്കാർക്ക്, കർഷകത്തൊഴിലാളികൾക്ക്, കൃഷിഭൂമിയിൽ പണിയെടുക്കുന്നവർക്ക് യഥാർത്ഥ കൃഷിഭൂമിയുടെ അവകാശം നല്കാൻ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുന്നു. അതിനുള്ള സൂചനകൾ കാണാത്തതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.അതോടൊപ്പംതന്നെ ഏറ്റവും ദീർഘകാലം മന്ത്രിയായി കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയനായ മന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് എല്ലാ ആശംസകളും അനുമോദനങ്ങളും അർപ്പിക്കാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. 1452 വില്ലേജ് ഓഫീസുകളും 63 താലൂക്ക് ഓഫീസുകളും 20 റവന്യൂ ഡിവിഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസുകളും 14 കളക്ടറേറ്റുകളും ഉൾക്കൊള്ളുന്ന ഏതാണ്ട് മൂന്നുകോടി ജനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന സാധാണക്കാരുടെ വകുപ്പാണ് റവന്യൂ വകുപ്പ്. ഈ വകുപ്പിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നിരവധി പരിഷ്ക്കാരങ്ങളിലൂടെ നടപ്പാക്കാൻ കഴിഞ്ഞതിൽ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷം 250.80 കോടി രൂപ സമാഹരിച്ചു. മുൻ സർക്കാരിന്റെ കാലത്ത് ആദ്യത്തെ രണ്ടു വർഷങ്ങളിൽ 165,89,00,000 രൂപയാണ് ഈ ഇനത്തിൽ സമാഹരിക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റ് 11,000 ഹെക്ടർ ഭൂമി മലയോര കർഷകർക്ക് പതിച്ചു നൽകുകയുണ്ടായി. 37,000 കൃഷിക്കാരെ ഭൂവുടമകളാക്കി, പതിനായിരക്കണക്കിന് പുറമ്പോക്ക് ഭൂമി പട്ടയം നൽകി. സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് കർശനമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് ആധുനിക സംവിധാനത്തെപ്പറ്റി പരിശീലനം നൽകുന്നതിൽ Institute of Land Management സ്തുത്യർഹമായ പങ്കാണ് വഹിച്ചുവരുന്നത്. ഗ്രാമസഭ, താലൂക്ക് സഭ; ഫയൽ തീർപ്പ് വർക്ക്ഷോപ്പുകൾ, സർവ്വേ അദാലത്തുകൾ, അഴിമതി വിരുദ്ധ ജനകീയ സഭ തുടങ്ങിയ പരിഷ്ക്കാരങ്ങൾ റവന്യൂ വകുപ്പിൽ വരുത്തിയ ഗുണകരമായ മാറ്റങ്ങൾ, റവന്യൂ അഡ്മിനിസ്ട്രേഷനിൽ വരുത്തുകയുണ്ടായി എന്നത് ഈ ഗവൺമെന്റിന് അഭിനന്ദിക്കാൻ കഴിയുന്ന കാര്യമാണ്. ഗവൺമെന്റിലും റവന്യൂ കമ്മീഷണറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കെട്ടിക്കിടക്കുന്ന കാലപ്പഴക്കമുള്ള ഫയലുകൾ ഇന്നുമുണ്ട്. അത് സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. സ്വാതന്ത്യലബ്ധിക്കുശേഷം നമ്മുടെ ജനങ്ങളുടെ ആവശ്യങ്ങളും ഭരണരംഗത്തുണ്ടായ ഫയലുകളുടെ എണ്ണത്തിന്റെ വർദ്ധനവും കണക്കിലെടുത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കണം. പുതിയ റവന്യൂ ഡിവിഷനുകളും പുതിയ വില്ലേജുകളും രൂപീകരിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനുള്ള അടിയന്തിര നടപടികളുണ്ടാകണം. സർക്കാർ ഭൂമി വിവിധ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും പതിച്ചുനൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. വില്ലേജാഫീസു മുതൽ ഗവൺമെന്റ് തലംവരെ ഓരോ കാരണം പറഞ്ഞുകൊണ്ട് പല ഫയലുകളും മടക്കി അയയ്ക്കുകയാണ്. കൊറിയിട്ട ഫയലുകൾ ശരിയാക്കി തിരിച്ചയച്ചാൽ വീണ്ടും മറ്റൊരു കാരണം പറഞ്ഞുകൊണ്ട് തിരിച്ചയയ്ക്കുന്നുണ്ട്. അതുകൊണ്ട് അത്തരം ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം. ഏതെങ്കിലും ഒരു ഫയൽ സൂക്ഷ്മപരിശോധന നടത്തുമ്പോൾ അത് ഒരൊറ്റ പ്രാവശ്യംതന്നെ കൊറിയിട്ട് അയയ്ക്കുവാനുള്ള നടപടിയുണ്ടാകണം. കൂടെക്കൂടെ തിരിച്ചയച്ച് ഇങ്ങനെ വളരെയേറെ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശനമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. റവന്യൂ ജില്ലയിലുള്ള കാസർഗോട് താലിപ്പഴപ്പ് മൈതാനം പലരും കയ്യേറി അതിന്റെ വിസ്തീർണ്ണം കുറഞ്ഞുവരികയാണ്. കാസർഗോട് മുനിസിപ്പാലിറ്റിക്ക് ഒരു മെയിൻ സ്റ്റേഡിയം നിർമ്മിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി അത് വിട്ടുകൊടുക്കുവാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തിര നടപടി ഉണ്ടാകണം. സർക്കാർ റവന്യൂ ടവർ സ്ഥാപിച്ച് സൗകര്യപ്രദമായ ഓഫീസുകളാക്കി ഉയർത്തി അതിലൂടെ വരുമാനമാർഗ്ഗം കണ്ടെത്താനുള്ള നടപടിയും ഉണ്ടാകണം. കാസർഗോട് ബ്രിട്ടീഷ് ഭരണകാലത്തെ പഴയ കെട്ടിടത്തിലാണ് പല ഓഫീസുകളും ഇപ്പോഴും സ്ഥിതിചെയ്യുന്നത്. കാസർഗോട് റവന്യൂ ടവർ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും അടിയന്തിര നടപടി ഉണ്ടാകണം. താലൂക്ക് സഭകളും ഗ്രാമ സഭകളും യോഗം ചേരണം. ഉത്തരവാദപ്പെട്ട ഓഫീസർമാർ പലപ്പോഴും ഇത്തരം സഭകളിൽ പങ്കെടുക്കാറില്ല എന്നത് ഖേദപൂർവ്വം ഞാൻ പറയുകയാണ്. അതുകൊണ്ട് ഇത്തരം ഉദ്യോഗസ്ഥന്മാർ താലൂക്ക് സഭകളിലും ഗ്രാമ സഭകളിലും പങ്കെടുക്കാനും കൃത്യമായി എല്ലാ മാസവും യോഗംചേരാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ മാനദണ്ഡത്തിന്റെ ഫലമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി ഉപയോഗിച്ച് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യമായ ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത മാനദണ്ഡം പുതുക്കി നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. പ്രകൃതിക്ഷോഭംമൂലം ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ഗവൺമെന്റിന് സാദ്ധ്യമായ എല്ലാ ഇളവുകളും സഹായങ്ങളും നൽകണം. കുഴൽക്കിണറുകളും കിണറുകളും കുഴിക്കുന്നതിന് ഈ നിബന്ധനമൂലം സാധിക്കാതെ വന്നിരിക്കുകയാണ്. അതു പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭം വരൾച്ചയായും കാലവർഷമായും തീപിടുത്തമായുമൊക്കെ ഉണ്ടാകാറുണ്ട്. പക്ഷേ, നഷ്ടപരിഹാരം നൽകുന്നില്ല. വരൾച്ചയിൽ കൃഷിനാശം സംഭവിച്ചവർക്കും വേനൽ മഴയിലും കാറ്റിലും നാശനഷ്ടം ഉണ്ടാകുന്നവർക്കും സഹായം ലഭിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുവാനുള്ളത് ഈവക നാശനഷ്ടങ്ങൾ ഉണ്ടായാൽ കാലവർഷക്കെടുതിയിൽ നൽകുന്ന അതേ രീതിയിൽ നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകുവാൻ അടിയന്തിര നടപടി ഉണ്ടാകണം. കാലവർഷക്കെടുതിയിൽ മരിച്ചവരുടെ ആശ്രിതർക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടാനുള്ള സഹായം എത്രയോ വർഷമായിട്ടും കിട്ടാതെ കിടക്കുകയാണ്. അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇന്ന് മരിച്ചവരുടെ ആശ്രിതർക്ക് വീട് നൽകുന്നതിനും കൃഷിനാശം സംഭവിച്ച ആളുകൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുവാനും ആവശ്യമായനടപടിസ്വീകരിക്കണം. കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നില്ല. അതു കൊടുക്കുവാൻ നടപടി ഉണ്ടാകണം.പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടമുണ്ടായ മുഴുവൻ ആളുകളുടെയും കണക്കുകൾ ശേഖരിച്ച് എല്ലാ മേഖലയിലുമുള്ളവർക്കും സൗജന്യ റേഷൻ എത്തിക്കുവാനുള്ള അടിയന്തിര നടപടി ഉണ്ടാകണം. ഒരു സെന്റ് ഭൂമിപോലും ഇല്ലാതെയുള്ളവർ സർക്കാർ ഭൂമി ലഭിക്കുന്നതിന് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ ആയിരക്കണക്കിന് അപേക്ഷകൾ വിവിധ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. ഗവൺമെന്റ് അക്വയർ ചെയ്ത ലാന്റ് ഇല്ല എന്ന കാരണമാണ് അതിനു പറയുന്നത്. സർക്കാർ ആവശ്യത്തിന് നീക്കിവച്ച പി.പി. ലാന്റ് പലതും കുന്നുകളും പാറകളും ചരിഞ്ഞ സ്ഥലങ്ങളുമാണ്. അത്തരം സ്ഥലങ്ങൾ പരിശോധിച്ച് സർക്കാർ ആവശ്യത്തിന് പറ്റാത്ത സ്ഥലം ജി.എ.ലാന്റാക്കി മാറ്റി അപേക്ഷകർക്ക് മുഴുവനും ഭൂമി പതിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ആദിവാസി ഭൂമി വിതരണം എത്രയുംപെട്ടെന്ന് ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ ഭൂമി കൈമാറ്റം ശക്തമായി തടയണം. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ അതിന് ന്യായവില നൽകി എത്രയും വേഗത്തിൽ വികസന പ്രവർത്തനങ്ങളുടെ തടസ്സം നീക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഭരണരംഗത്ത് പരിചയ സമ്പന്നമായ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. റവന്യൂവിന് ടാക്സ് സംബന്ധമായും ജുഡീഷ്യറി സംബന്ധമായും ഒക്കെ സ്വന്തമാണെന്ന് അവകാശപ്പെടാൻ സാധിച്ചിരുന്ന പഴയ അധികാരങ്ങളൊന്നും ഇന്നില്ല. എങ്കിലും വിവിധ വകുപ്പുകളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്ന, ജില്ലാതലത്തിൽ ഉൾപ്പെടെയുള്ളവരുടെ ഭരണം റവന്യൂ വകുപ്പിന്റെ കയ്യിലാണുതാനും. ആ സ്ഥിതി ഇവിടെ നേരത്തെ ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, ഡോ: കെ.സി. ജോസഫ് തുടങ്ങിയ പ്രതിപക്ഷാംഗങ്ങളും മറ്റു ഭരണപക്ഷത്തുള്ളവരും ഏകകണ്ഠമായി സമ്മതിച്ചതുപോലെ സാമാന്യജനതയെ ഏറെ ബാധിക്കുന്ന വിഷയങ്ങളാണ് ഈ വകുപ്പുമായി ബന്ധപ്പെട്ടുള്ളത്. എന്നിട്ടും പതിവുപോലെ പ്രതിപക്ഷാംഗങ്ങൾ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ നടത്തിയപ്പോൾ പല കാര്യങ്ങളും ശ്രദ്ധിക്കുന്നതിന് അവർക്ക് സാധിച്ചില്ല എന്ന് എനിക്ക് തോന്നി. അത്യപൂർവ്വം ചില വിഷയങ്ങളിലായി നയനിരാകരണം ഒതുങ്ങിപ്പോയിരിക്കുന്നു. എനിക്ക് തോന്നുന്നത്, അവർക്ക് പലർക്കും റോക്കറ്റും റാക്കറ്റും തമ്മിലുള്ള വ്യത്യാസം അറിയില്ല എന്നതാണ്. ഇന്ന് ഈ നിയമസഭയിൽ തന്നെ അതിന് ദൃഷ്ടാന്തം കിട്ടി. റവന്യൂ വകുപ്പ് റോക്കറ്റിന്റെ വേഗതയിൽ പദ്ധതികളുമായി കുതിച്ചു ഉയരുമ്പോൾ പ്രതിപക്ഷത്തുള്ളവർക്ക് അനുഭവപ്പെടുന്നത് ഇത് എന്തോ റാക്കറ്റാണ് എന്നാണ്. എന്താണ് അതിന് പരിഹാരമെന്ന് എനിക്ക് പറയുവാൻ സാധിക്കില്ല. ഞാൻ പരിശോധിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട 16 താലൂക്കുകളിൽ ഒന്നുപോലും പ്രായോഗികമാക്കാൻ പറ്റാതെപോയതിന്റെ പേരിൽ ഒരാൾക്കും ഇത്തിരിപോലും പരിഭ്രമം ഉള്ളതായിട്ട് കാണാൻ സാധിച്ചിട്ടില്ല. അവർ പരിഭ്രമിക്കുവാൻ സാദ്ധ്യതയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടന്നത് വെറും ചെണ്ടകൊട്ടൽ പ്രഖ്യാപനമാണ്. ആസ്ഥാനം പ്രഖ്യാപിക്കാതെ, വിസ്തീർണ്ണം തീരുമാനിക്കാതെ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചവർ നിസ്സാരന്മാരല്ല. ശ്രീ. എം.ജി.കെ. മൂർത്തിയും ശ്രീ. ഡി. ബാബുപോളുമൊക്കെ പഠിച്ച് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചതാണ്. എന്നിട്ട് വളരെ അന്തസ്സോടുകൂടി കുറ്റം ഇല്ലാത്ത രീതിയിൽ അതൊന്ന് പ്രഖ്യാപിക്കുവാൻപോലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാധിച്ചില്ല. അധികാരം ഏറ്റെടുത്ത ഉടനെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റിന്റെ മീറ്റ് ദി പ്രസ്സ് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് 2001 ജൂൺ മാസത്തിൽ പറഞ്ഞത്, പുതിയ താലൂക്കുകളുടെ രൂപീകരണം ശിരസ്സില്ലാ ശിശുവിന്റെ അവസ്ഥയാണ് എന്നാണ്. പ്രഖ്യാപിതമായ 16 ശിരസ്സില്ലാ ശിശുക്കൾ. ജീവിക്കുവാൻ പല കാരണങ്ങൾകൊണ്ടും അർഹതയുള്ള ചാലക്കുടി താലൂക്കിന് ബഹുമാനപ്പെട്ട മന്ത്രി മൃതസഞ്ജീവനി നൽകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുൻ മന്ത്രിയുടെ പാർലമെന്റ് നിയോജകമണ്ഡലത്തിന്റെ പേരുള്ള മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി താലൂക്ക് രൂപീകരിച്ച് പൊതുജനങ്ങളുടെ മനസ്സിൽ മാണിക്യശോഭ വിതറാൻ ബഹുമാനപ്പെട്ട മന്ത്രി കെ.എം. മാണി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ് ശ്രീ. ജോണി നെല്ലൂർ കൂത്താട്ടുകുളം താലൂക്കിനെക്കുറിച്ചും മുവാറ്റുപുഴ ജില്ല രൂപീകരിക്കുന്നതിനെക്കുറിച്ചും ഒക്കെ പറഞ്ഞു. താലൂക്കുകളുടെ കാര്യത്തിൽ പ്രഥമ പരിഗണന മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നതിന് നൽകണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. പ്രതിപക്ഷത്തുള്ള ചിലരൊക്കെ ഇവിടെ സംസാരിച്ചു, എന്റെ ഓർമ്മ ശരിയാണെങ്കിൽ ഏഴാം ധനകാര്യ കമ്മീഷനാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രകൃതിക്ഷോഭത്തിന്റെ പേരിൽ നൽകുന്ന തുക ക്ലിപ്തപ്പെടുത്തിയത്. ആ സ്ഥിതിക്ക് അങ്ങനെ കിട്ടുന്ന തുക, നിലവിലുള്ള സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ഒപ്പത്തിനൊപ്പം പങ്ക് വയ്ക്കുക എന്ന ഏർപ്പാട് മാറ്റിവയ്ക്കണം. യാഥാർത്ഥത്തിൽ പ്രകൃതിക്ഷോഭം അനുഭവപ്പെടുന്ന സാഹചര്യത്തിൽ ദുരിതാശ്വാസം നൽകുന്നതിന് തുക വിനിയോഗിക്കണമെന്നതാണ് എന്റെ അഭിപ്രായം. തുക പങ്കുവച്ച് കഴിയുമ്പോൾ പലർക്കും പലവക ക്ഷോഭങ്ങളൊക്കെ ഉണ്ടാകും. കാരണം എനിക്ക് അറിയില്ല. എങ്കിലും ആ വക ഭൂകമ്പവും കൊടുങ്കാറ്റും ഉരുൾപൊട്ടലും ഒഴിവാക്കുവാൻ ബുദ്ധിമാനായ മന്ത്രി നടപടി എടുക്കുമെന്നാണ് എന്റെ പ്രതീക്ഷ. സർക്കാർ വക ഭൂമി കയ്യടക്കി വച്ചിരിക്കുന്നതിന്റെ പേരിൽ പ്രതിപക്ഷത്തുള്ള പലർക്കും ഇപ്പോഴും അമർഷമുണ്ട്. ശ്രീ. രാജൻ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. രാധാകൃഷ്ണൻ, ശ്രീ. ചെന്താമരാക്ഷൻ, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീ. ടി.കെ. ദേവകുമാർ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഒക്കെ ഇതിന്റെ പേരിലാണ് നിരാകരണം അവതരിപ്പിച്ചത്. കൂട്ടത്തിൽ ബഹുമാനപ്പെട്ട തോമസ് ഐസക്കും ഉണ്ടായിരുന്നു. അദ്ദേഹം സഭയിൽ വന്നില്ല. ഒരുപക്ഷേ, ഏ.കെ.ജി. സെന്ററിൽനിന്നും കൊടുത്ത നിരാകരണം വേണ്ട എന്ന് വച്ചിട്ടാകാം. എനിക്ക് അറിയില്ല. അത് എന്തുമാകട്ടെ. ചില കേമൻമാരുടെയെങ്കിലും മിച്ചഭൂമി സംരക്ഷിക്കൽ ഓർഡിനൻസ് ഇറക്കിയ സർക്കാരിന്റെ ഒരു കാലത്തെ വക്താക്കളാണ് ഇവരിൽ പലരും. ഇപ്പോൾ മറുപക്ഷത്തായപ്പോൾ വലിയ ആദർശധീരൻമാരായിട്ട് അവതരിക്കുന്നു. എന്തൊരു രാഷ്ട്രീയ പാപ്പരത്തമാണ് അന്നും ഇന്നും ഈ വിഷയം സംബന്ധിച്ച് ഇവർ കാണിച്ചിട്ടുള്ളത് എന്ന് നേരിട്ടറിയാവുന്ന ഒരു എളിയ സഹോദരി എന്ന നിലയിലാണ് പറഞ്ഞത്. ഒരു വശത്ത് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസിറക്കുക, മറുവശത്ത് ആ മന്ത്രിയുടെ രാഷ്ട്രീയപ്പാർട്ടിയിൽപ്പെട്ട ശ്രീ. സി.എ. കുര്യൻ, പന്ന്യൻ രവീന്ദ്രൻ എന്നിവരൊക്കെ പങ്കെടുത്ത കേരളാ സ്റ്റേറ്റ് കർഷകത്തൊഴിലാളി ഫെഡറേഷന്റെ ജില്ലാ സമ്മേളനം ഇടുക്കിയിലെ മിച്ചഭൂമി പിടിക്കും, മാർച്ച് നടത്തും എന്നൊക്കെ പ്രസ്താവിക്കുക. ഭരണവും സമരവും ഇങ്ങനെ കൈകോർത്തു പിടിച്ചുകൊണ്ടു പോകാമെന്നുള്ളതാണ്. എന്റെ സുഹൃത്തുക്കൾക്ക് ഈ ഇരട്ടത്താപ്പ് നടത്താൻ ഇനി എത്ര യുഗം കാത്തിരിക്കണമെന്നുള്ള അക്ഷമയാണ് ഇവിടെ പ്രകടമാകുന്നത് എന്നാണ് എന്റെ വിശ്വാസം. എ.കെ.ജി. പഠനകേന്ദ്രത്തിലെ ഒരു ജില്ലയിലെ കൺവീനർ പി.ഡി. ജോസ്, സെക്രട്ടറി ടി. എൻ. സുനി എന്നിവർ ചേർന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിന് സ്വന്തം മുന്നണിയിലെ ഒരു മന്ത്രിയെ തെരഞ്ഞെടുപ്പിന് സഹായിക്കണമെന്നുണ്ടെങ്കിൽ മിച്ചഭൂമി സംബന്ധിച്ച കരാർ വേണമെന്ന് ആവശ്യപ്പെട്ടത് വസ്തുതയാണ്. എന്നിട്ട് നായനാർ ഗവൺമെന്റ് എന്താണ് ചെയ്തത് ? ക്രിയാത്മകപ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഈ ഗവൺമെന്റിന്റെ മുന്നിൽ നാടകം കളിക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ശ്രീ. ഇസ്ഹാക് കുരിക്കൾ ചെയർമാനായിട്ടുള്ള ഉറപ്പുകൾ സംബന്ധിച്ച നിയമസഭാ സമിതി ടാറ്റാ കമ്പനി കയ്യേറിയ ഭൂമി ഒഴിപ്പിക്കാനാവശ്യമായ നിർദ്ദേശം 2000-ത്തിൽ കൊടുത്തതാണ്. അനധികൃതമായിട്ടുള്ള കയ്യേറ്റഭൂമിയിലെ തേയിലയുടെ ഒരിലയെങ്കിലും നുള്ളിക്കളയാൻ സർക്കാരിന് സാധിച്ചോ ? എന്നിട്ട് ശ്രീ. കെ.വി. കുഞ്ഞിരാമനെക്കൊണ്ട് നിരാകരണപ്രമേയം കൊണ്ടുവരുന്നു. ടാറ്റ കയ്യേറിയ ഭൂമി ഒഴിപ്പിക്കണമെന്നു പറഞ്ഞാണ്. 2002 എട്ടാം മാസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസ്താവന കൊണ്ട് നിബിഡമായിരുന്നു ദേശാഭിമാനി പത്രം. ടാറ്റ കയ്യേറിയ 75,000 ഏക്കർ ഉടനെ തിരിച്ചുപിടിക്കണമെന്നുള്ള ബഹളമായിരുന്നു. മൂന്നാറിനടുത്ത് ചിന്നക്കനാലിൽ 150 ഏക്കർ സർക്കാർ വനഭൂമി കയ്യേറിയിട്ട് 2000-ത്തിൽ സർക്കാർ മിണ്ടാതിരുന്നതെന്താണ് ? ഈ കയ്യേറ്റക്കാരൻ മാർക്സിസ്റ്റുകാരനാണെന്നുള്ള പരാതി വന്നതുകൊണ്ടാണോ? അര ലക്ഷം രൂപ വിലയുള്ള ഭൂമിക്ക് 72 ലക്ഷം രൂപയും മൂന്നര ലക്ഷം രൂപ വിലയുള്ള ഭൂമിക്ക് 35 ലക്ഷം രൂപയും വിലയിട്ടിട്ട് എക്സൈസിനെ കബളിപ്പിച്ച് സോൾവൻസി സർട്ടിഫിക്കറ്റുകൾ നൽകിയിരുന്ന കാലം ഇനി ആവർത്തിക്കപ്പെടുമോ എന്ന് അപ്പുറത്തുള്ളവർ സ്വപ്നം കാണുകപോലും ചെയ്യേണ്ട എന്നാണ് എന്റെ പക്ഷം. പാവങ്ങൾക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ വില കുറഞ്ഞ പ്രഖ്യാപനമല്ലാതെ വീറോടെ നടപ്പാക്കുന്ന കാര്യത്തിൽ അതീവശ്രദ്ധ പുലർത്തുന്ന ഈ ഗവൺമെന്റിനെക്കുറിച്ച് ആർക്കും ഒരു ആക്ഷേപവുമില്ല. 11,000 ഹെക്ടർ മലയോര കർഷകർക്ക് കൊടുത്തത്, 37,000 കർഷകർ ഭൂവുടമകളായത്, പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം നൽകിയതൊക്കെ ഇവിടെ പലരും പറഞ്ഞു. പക്ഷേ, ഒന്നുണ്ട്. കള്ളപ്പട്ടയമുണ്ടെങ്കിൽ കൃാൻസൽ ചെയ്യും. 96 പട്ടയങ്ങൾ ഈ ഗവൺമെന്റ് കൃാൻസൽ ചെയ്തു കഴിഞ്ഞിട്ടുണ്ട്. തൃശൂർ ജില്ലയിലെ കാളത്തോട് കോർപ്പറേഷൻ കല്യാണ മണ്ഡപത്തിൽ ശ്രീ. സി.എൻ. ജയദേവന്റെ അദ്ധ്യക്ഷതയിൽ ശ്രീ. കെ.പി. രാജേന്ദ്രൻ പ്രാസംഗികനായി അന്നത്തെ വകുപ്പുമന്ത്രി തെരഞ്ഞെടുപ്പിനു തൊട്ടുപിന്നാലെ 2001 മാർച്ച് മാസത്തിൽ നടത്തിയ വാഗ്ദാനങ്ങളെക്കുറിച്ച് ഞാൻ

[1P.M.]

LIBRARY ARCHIVES Kerala Legislative Assembly

വിസ്തരിക്കുന്നില്ല. 2000-ൽ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ കണ്ണൂർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലാ പട്ടയമേള. പയ്യന്നൂർ പ്രഖ്യാപനമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഏഴു ഗ്രൂപ്പ് വില്ലേജുകളിൽ ഒന്നെങ്കിലും വേർപെടുത്തി, സയാമീസ് ഇരട്ടകളുടെ ഛേദം ഒതുക്കാൻ കഴിഞ്ഞ ഗവൺമെന്റ് ശ്രദ്ധിച്ചുവോ എന്ന ചോദ്യം ചോദിക്കുകയാണ്. ഈ ഗവൺമെന്റ് ഗ്രൂപ്പ് വില്ലേജിന്റെ കാര്യത്തിൽ ധീരമായൊരു നിലപാട് എടുത്തതിൽ സന്തോഷമുണ്ട്. തൃശൂർ ജില്ലയുടെ മാത്രം ശാപമായ ഗ്രൂപ്പ് വില്ലേജുകളുടെ ഉദകക്രിയ നടത്തിത്തരണം. റീ-പ്ലാന്റേഷൻ പോലെയാണ്. പുതിയ പുതിയ ഒറ്റ വില്ലേജുകൾ ഉണ്ടാക്കാൻവേണ്ടിയാണ്. 1998-ൽ ഭൂമി ന്യായവില സംബന്ധിച്ച് സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് റിപ്പോർട്ട് നൽകിയിട്ടും കഴിഞ്ഞ സർക്കാർ നിയമനിർമ്മാണം നടത്താതിരുന്നത് എന്തുകൊണ്ടാണ് ? 2000-01-ൽ ഈ നിയമനിർമ്മാണത്തിന്റെ അഭാവത്തിൽ 300 കോടി രൂപയാണ് നഷ്ടം വന്നത്. ഈ നഷ്ടം തുടരണമെന്നാണോ അഭിപ്രായം. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഒക്കെയുള്ള സമാന നിയമങ്ങൾ നമുക്കും പ്രാവർത്തികമാക്കിയേ പറ്റൂ. റവന്യൂ കാർഡ് എന്ന മിമിക്സ് പരേഡിനെക്കുറിച്ച് സമയക്കുറവുകൊണ്ട് ഞാൻ പറയുന്നില്ല. ഇത്തരം ആക്ഷേപനാടകങ്ങൾ അവതരിപ്പിക്കാതിരിക്കുന്നതാണ് ഭേദം. അതിനെക്കുറിച്ചൊക്കെ ശ്രീ. മാമ്മൻ മത്തായി പറയുകയുണ്ടായി. 3 മാസം തടവും 3,000 രൂപ പിഴയും എന്നു പറഞ്ഞ് സാധാരണക്കാരനെ വിറപ്പിച്ച് വേണ്ടാത്ത വിശദീകരണം നൽകിയതുകൊണ്ടാണ് റവന്യൂ കാർഡ് നടപ്പിലാക്കാൻ പറ്റാതെ പോയത്. ഇപ്പോഴത്തെ ഗവൺമെന്റ് അത് വേണ്ടത്ര ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റവന്യൂ വകുപ്പിന്റെ ഒത്താശയോടുകൂടി മൂന്നാറിലെ പട്ടയഭൂമി മറിച്ചുവിറ്റത് ആരാണെന്ന് ജനങ്ങൾക്കൊക്കെ അറിയാം. അല്ലെങ്കിൽ 7-7-2000-ത്തിലെ മാധ്യമം തൊട്ടുള്ള വാർത്താ മാധ്യമങ്ങൾ വായിച്ചുനോക്കിയാൽ മതി. അതിനെക്കുറിച്ച് വിസ്തരിക്കുന്നില്ല. ആദിവാസി ഭൂമിയെപ്പറ്റി കണ്ണീരൊലിപ്പിക്കാൻ ഇവർക്കൊക്കെ ഇത്രയേറെ ടിയർ ഗ്യാസ് എവിടെ നിന്നാണ് കിട്ടുന്നതെന്ന് എനിക്ക് അറിയില്ല. മുൻ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ അട്ടപ്പാടിയിൽ വച്ച് ആദിവാസി ഭൂമി ദാനം ചെയ്തതിന്റെ സംസ്ഥാനതല ഉത്ഘാടനം നടത്തി. ദാനം ചെയ്ത ഭൂമി കൃഷിഭൂമിയല്ലെന്ന് ആദിവാസികൾ ആണയിട്ടു പറഞ്ഞു, നിങ്ങൾ കേട്ടില്ല. മണ്ണാർക്കാട് താലൂക്കിൽ അഗളി റേഞ്ചിൽ നായനാർ സർക്കാർ നൽകിയ ഭൂമി സംബന്ധിച്ച പ്രശ്നം വളരെ വിവാദമായി തുടരുമ്പോഴും ഒരു കോടി രൂപയുടെ പദ്ധതിയിട്ട് 30 ലക്ഷം രൂപ അനുവദിച്ച് സൊസൈറ്റിക്ക് എന്ന പേരിൽ തമിഴ്നാട്ടിലെ കരാറുകാരന്റെ കീശ വീർപ്പിക്കാൻ പാകത്തിൽ കൊണ്ടുവന്ന തേയിലത്തോട്ടങ്ങൾ ഇപ്പോൾ എവിടെയാണെന്ന് അറിയില്ല. 2001 മേയ് മാസം 5-ാം തീയതി ഒലവക്കോട് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ ഇറക്കിയ എ1.4122/01 ഉത്തരവ് യു.ഡി. എഫ്. സർക്കാരിന്റേതല്ല. തെരഞ്ഞെടുപ്പ് ബഹളത്തിനിടയിൽ എന്റെ പ്രിയപ്പെട്ട പ്രതിപക്ഷ സുഹൃത്തുക്കൾ അതറിഞ്ഞില്ല. ശ്രീ. നായനാർ ഉൽസവം നടത്തിക്കൊടുത്ത ഭൂമി ഈ ഉത്തരവിലൂടെ സർക്കാർ തന്നെ തിരിച്ചെടുത്തു. ചാത്തന്നൂർ കെ.എസ്. ആർ.ടി.സി.-യോട് ചേർന്നുള്ള വഞ്ചി ക്ളേ മൈൻസിനു വ്യവസായ സംരംഭകർ എന്ന നിലയിൽ ഭൂമി പതിച്ചുകൊടുക്കാൻ 2000-ൽ നടത്തിയ ശ്രമവും പൂച്ച

LIBRARY ARCHIVES Kerala Legislative Assembly

കണ്ണടച്ച് പാല് കുടിക്കുന്നതുപോലെയായിരുന്നു. സർവ്വേ വകുപ്പിൽ 5 കോടി രൂപയുടെ കമ്പ്യൂട്ടറുകളാണ് കേടുപാടുകൾ വന്നു കിടക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് മാനേജ്മെന്റിന്റെ സ്തുത്യർഹമായ സേവനമുപയോഗിച്ച് അതൊക്കെ നന്നാക്കിയെടുക്കണം. അവ നന്നാക്കിയെടുത്ത് ആളുകൾക്ക് പരിശീലനം കൊടുക്കണം. പരിശീലനം കൊടുക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടിട്ട് കാര്യമില്ല. കമ്പ്യൂട്ടറുകൾ വാങ്ങാനാണ് താൽപ്പര്യം. അതുമാറ്റി വേണ്ടരീതിയിൽ സർവ്വേ നടത്തി ലാൻഡ് റിക്കാർഡ്സ് കമ്പ്യൂട്ടറൈസ് ചെയ്തുകൊണ്ടുപോകുകയാണ് ഇപ്പോഴത്തെ ഗവൺമെന്റ്. 900 നിയമങ്ങൾ പരിശോധിച്ചാൽ 697 നിയമങ്ങൾ കാലഹരണപ്പെട്ടത് റദ്ദാക്കിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഞാൻ അതിൽ അഭിനന്ദിക്കുന്നു. പുതിയ 25 നിയമങ്ങൾക്ക് രൂപകൽപ്പന കൊടുക്കുകയും 21 നിയമങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്ത് നിയമവിപ്ലവത്തിനാണ് ഇവിടെ നാന്ദി കുറിച്ചിട്ടുള്ളത്. ഹൗസിംഗ്ബോർഡിന്റെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ കെ.റ്റി.ഡി.സി.-യെ പോലെയൊക്കെയുള്ള സ്ഥാപനങ്ങളുമായി സംസാരിച്ച് ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള ഏർപ്പാടുകളും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് ചെയ്യുമെന്ന പ്രതീക്ഷയോടെ അനുവദിക്കപ്പെട്ട സമയപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് അതിന് അനുവദിച്ചവർക്ക് നന്ദി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പ്രസംഗത്തിൽ ഞാൻ ശ്രദ്ധിച്ചത് കഴിഞ്ഞ രണ്ടു വർഷത്തെ ഭരണ നേട്ടങ്ങളെന്തെങ്കിലും പറയുമെന്നാണ്. ആരോമൽച്ചേകവർ പണ്ട് അങ്കംവെട്ടിയ കഥകൾ മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. 1991 മുതൽ 1996 വരെയുള്ള ഭരണത്തിൽ നടന്നിട്ടുള്ള കാര്യങ്ങൾ മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ രണ്ടുവർഷക്കാലം എന്തു മാറ്റമുണ്ടായി ? ശ്രീ. മാമ്മൻ മത്തായി യു.ഡി.എഫ്.നു വേണ്ടിയാണ് പ്രസംഗിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. റവന്യൂ കാർഡ് നടപ്പാക്കണമെന്നു പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് റവന്യൂ കാർഡ് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ കാളിംഗ് അറ്റൻഷൻ കൊണ്ടുവന്ന് റവന്യൂ കാർഡ് നടപ്പാക്കാൻ പാടില്ലെന്നു പറഞ്ഞ ഒരു മന്ത്രി അപ്പുറത്തുണ്ട്. ഭരണം മാറിയപ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് ? ഇവിടെ ഈ വകുപ്പിനെ സംബന്ധിച്ച് പ്രസംഗിക്കുമ്പോൾ എല്ലാം പരാജയങ്ങളുടെ കഥയാണ്. കേന്ദ്രത്തിൽ പദ്ധതി യഥാസമയം സമർപ്പിക്കാത്തതുകൊണ്ട് നമുക്ക് പണം കിട്ടിയില്ല. ഇവിടെ ശ്രീ.തമ്പാനൂർ രവി കഴിഞ്ഞ സെഷനിൽ കൊടുത്തിട്ടുള്ള ഒരു ചോദ്യത്തിനു മറുപടിയായി ശ്രീ. ചതുരാനന്ദമിശ്ര കേന്ദ്ര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 27 കോടിരൂപ അധികമായി കേരളത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കേന്ദ്രം കൊടുത്ത കഥയുണ്ട്. ഇല്ലെന്നുപറഞ്ഞ് നമുക്ക് പോകേണ്ട കാര്യമില്ല, ഇവിടെ അങ്ങനെ കഥയുണ്ട്. പക്ഷേ, കേന്ദ്ര ഗവൺമെന്റ് സ്റ്റേറ്റുകൾക്ക് 10,000 കോടി രൂപ വാരിവിതറി. അതിൽ 5 നയാപൈസ നമുക്ക് വാങ്ങിയെടുക്കാൻ കഴിഞ്ഞോ ? എം.പി.മാർ കൂട്ടായി പോകണമെന്നല്ലേ പറഞ്ഞത്, എം.പി.മാർ പാർലമെന്റിൽ ചോദിച്ചപ്പോൾ ഒരു പദ്ധതിയും കേരളം സമർപ്പിച്ചിട്ടില്ലെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളോട് ഇത്തരത്തിലുള്ള സമീപനമാണോ സ്വീകരിക്കേണ്ടത് ? മൈത്രി ഭവനം സംബന്ധിച്ച് കഴിഞ്ഞ 2 വർഷങ്ങളായി ഞങ്ങൾ കേൾക്കുന്നത് ഹഡ്ക്കോ കഥകളാണ്. 2001-2002-ൽ ഒറ്റവർഷക്കാലം 25 കോടിരൂപയാണ് വീടുപണിയാൻവേണ്ടി ഇവിടെ ചെലവിട്ടത്. അതിന്റെ തൊട്ടുമുമ്പിലത്തെ വർഷം 1999-2000-ൽ 350 കോടിരൂപ; 2000-2001-ൽ 296 കോടി രൂപ. മുൻമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ കഴിഞ്ഞ ദിവസം വളരെ വികാരാധീനനായി കൊല്ലം ജില്ലയിൽ വീടുകൾ ചോർന്നൊലിക്കുകയാണ് എന്ന് പറയുന്നതുകേട്ടു. കൊല്ലം ജില്ലയിൽ മാത്രമല്ല, ഇവിടെ പെരുമഴയത്ത് വീടുപൊളിച്ചിട്ടിരിക്കുന്ന ആയിരക്കണക്കിന് ആളുകളുടെ വീടുകൾ ചോർന്നൊലിച്ച് കിടക്കുകയാണ്. ഇനിയെങ്കിലും ഈ ഹഡ്കോ കഥ ഒന്ന് നിർത്തിക്കൂടേ? 5 ലക്ഷം വീടുകൊടുത്ത ഗവൺമെന്റാണ് കഴിഞ്ഞ ഗവൺമെന്റ്. അങ്ങനെയൊരു മൂടുപടമിട്ടുകൊണ്ട് ഇനി മുന്നോട്ടുപോകാൻ കഴിയുമോ? എവിടെയാണ് ഇന്നത്തെ ജില്ലാ ഭരണകൂടം വിജയിച്ചിട്ടുള്ളത് ? മാറാട് ജില്ലാ ഭരണകൂടം ഏറ്റവും സമ്പൂർണ്ണമായി പരാജയപ്പെട്ട അനുഭവമാണ്. മാറാട് എന്നു പറയുന്ന ഒറ്റ സംഭവം മാത്രം എടുത്താൽ മതി. അവിടെ തനിക്ക് 24 മണിക്കൂർ സമയം തന്നാൽ ഞാൻ മുഴുവൻ ആളുകളേയും പുനരധിവസിപ്പിക്കാം എന്ന് കളക്ടർ പറയുന്നു, അങ്ങോട്ട് തിരിഞ്ഞു നോക്കണ്ടായെന്ന് മുഖ്യമന്ത്രി പറയുന്നു. ജില്ലാ ഭരണകൂടത്തെയാണ് നമ്മുടെ പനി തുടങ്ങിയ പകർച്ച വ്യാധികളുടെ നിയന്ത്രണം ഏല്പിച്ചിരിക്കുന്നത്. കേരളത്തിൽ ഇത്ര സമ്പൂർണ്ണമായി പരാജയപ്പെട്ട ഒരനുഭവം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ ? പത്രത്തിലെ കണക്കനുസരിച്ച് ഇരുന്നൂറോളം ആളുകൾ പകർച്ചപ്പനി കാരണം മരണമടഞ്ഞു. ഇവിടെ ഒരു മാസക്കാലം കഴിഞ്ഞ് 50 ആളുകൾ മരിച്ചശേഷമാണ് ജില്ലാ ഭരണകൂടം മെഡിക്കൽ ക്യാമ്പുപോലും നടത്താനുള്ള ഒരു ചെറിയ ശ്രമം ആരംഭിച്ചത്. ഇതൊരു കൊച്ചു കേരളമാണ്. 300 ആളുകൾ സാർസ് രോഗംമൂലം ചൈനയിൽ മരിച്ചപ്പോൾ ചൈനീസ് ഗവൺമെന്റ് ഇടപെട്ടു. അതുപോലെ 13 ആളുകൾ സിങ്കപ്പൂരിൽ സാർസ് രോഗംമൂലം മരിച്ചപ്പോൾ ആ രാജ്യം മുഴുവൻ അതിനെ പ്രതിരോധിക്കാൻ എഴുന്നേറ്റു. ഇവിടെ ഒരു മന്ത്രി പറഞ്ഞത് 50 ആളുകളല്ലേ മരിച്ചുള്ളൂ എന്നാണ്. ഇപ്പോൾ 200 മരണം നടന്നു കഴിഞ്ഞിരിക്കുന്നു. .ഇത് എവിടെപോയി നിൽക്കും ? ജില്ലാ ഭരണകൂടത്തിന്റെ ജോലിയെന്താണ് ? ആ ജില്ലാ ഭരണകൂടത്തിന് പണം കൊടുക്കാൻ കഴിയുന്നുണ്ടോ ? എന്റെ താലൂക്കിൽ 10 ആളുകൾ മരിച്ച സ്ഥലത്തുവന്ന് ജില്ലാ ഭരണകൂടം പറഞ്ഞത് നിങ്ങൾ പഞ്ചായത്ത് പണം ചെലവഴിക്കണമെന്നാണ്. അവിടെ 50% പഞ്ചായത്തുകൾക്ക് മൈനസ് ഫണ്ടാണ്. എങ്ങനെയാണ് ഇതുവരെയുള്ള ഇത്തരം പ്രശ്നങ്ങളെ നോക്കിക്കാണുന്നത് ? നമ്മുടെ പ്രളയക്കെടുതികളടക്കം കൈകാര്യം ചെയ്യേണ്ട ആളുകൾ തഹസീൽദാർമാരാണ്. ജില്ലാ കളക്ടർമാരുടെ കീഴിൽ തഹസീൽദാർമാരുടെ ജോലിയെന്താണ് ? ഇവിടെഎഴുതിക്കൊടുത്ത ആരോപണമാണിത്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

സീസറിന്റെ ഭാര്യ സംശയത്തിനതീതയാണെന്നു പറഞ്ഞു. എന്തു മനോഹരമായ വാക്കുകളാണ് അദ്ദേഹം ഉപയോഗിച്ചത്. ചേർത്തല തഹസീൽദാർ ശ്രീ. ജോസ് കെ. മാണിയുടെ വികസനയാത്രയ്ക്ക് പണം പിരിച്ചു എന്നു പറയുന്ന ആക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രേഖാമൂലം കിട്ടിയപ്പോൾ, അതിനെപ്പറ്റി അന്വേഷണം നടത്താൻ ഉത്തരവിട്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ ഇത്തരത്തിൽ ഒരു പ്രസംഗം നടത്തിയിരിക്കുന്നത്. എന്തൊരു കാലഘട്ടമാണിത് ?

ശ്രീ. സാജു പോൾ : സർ, ഈ വികസന സന്ദേശ യാത്രയെ സംബന്ധിച്ച് കുടുംബ വികസന സന്ദേശ യാത്ര എന്നപേരിൽ ചെമ്മനംചാക്കോ എഴുതിയ

പാതയോരങ്ങളിൽ പോലീസുകാർ നവ-
ജാഥയ്ക്കു സംരക്ഷണം നൽകുവാനെത്തണം
എത്തിയാൽ ഓരോരോ പോലീസുകാരനും
കൃത്യമായ് നൂറിന്റെ നൂറു നോട്ടെങ്കിലും
കോട്ടംവരാതെ വികസന ജാഥയ്ക്കു
മോഷ്ടാക്കളിൽ നിന്നും സംഭരിച്ചേകണം
നാളതിൽ കരമ്പിരിക്കുന്നോരങ്ങത്തമാർ

നോട്ടിൻ മാലയണിയിച്ചു നീങ്ങണം. എന്ന കവിത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. രാജു എബ്രഹാം : സർ, അത് കേരളത്തിൽ ബഹുവിശേഷമാണ്. നമ്മുടെ വനം കയ്യേറ്റം സംബന്ധിച്ച് വി.എസ്.എസ്.സി. നടത്തിയിട്ടുള്ള ഒരു സാറ്റലൈറ്റ് സർവ്വേ റിപ്പോർട്ട് ഇവിടെ വന്നു. എന്താണ് അതിൽ പറഞ്ഞിരിക്കുന്നത് ? 50% വനങ്ങൾ ഇടുക്കി ജില്ലയിലെ മതികെട്ടാനിൽ കയ്യേറി അന്വേഷണത്തിനുവേണ്ടി റവന്യൂ സെക്രട്ടറി ചെന്നപ്പോൾ റവന്യൂ സെക്രട്ടറിയുടെ മുമ്പാകെ, അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ മുമ്പാകെ അവിടെ ആദിവാസികൾ നൃത്തം നടത്തി. കുറച്ചുകഴിഞ്ഞ് അന്വേഷണ കമ്മിഷൻ നോക്കിയപ്പോൾ ആദിവാസികളുടെ ശരീരത്തിലുണ്ടായിരുന്ന ചായം താഴോട്ട് ഒഴുകാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ആ കറുത്ത ആദിവാസികൾ വെളുത്ത മനുഷ്യരായി മാറി. കേരളത്തിലെ ഒരു താലൂക്കിൽ നിന്നും മതികെട്ടാനിലെത്തിയ ആളുകളാണവർ. ശരീരത്തിൽ മുഴുവൻ ചായംതേച്ച ആദിവാസികൾ എന്നുള്ള രൂപത്തിൽ ഇടുക്കി ജില്ലയാകെ കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. നേരത്തേയുള്ള എല്ലാ പ്രസംഗത്തിലും പട്ടയം എന്നുള്ള വാക്കിന്റെ എല്ലാ പൊലിമയും പറയുമായിരുന്നു. ഇന്നു മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കണമെന്ന് പറയുന്നത് ആകെ ഒരു എം.എൽ.എ. മാത്രമാണ്. പട്ടയത്തിന് ഇന്ന് മാർക്കറ്റില്ല. ഇന്ന് ആരു പ്രസംഗിച്ചാലും കേൾക്കുന്നത് ജിമ്മാണ്. ജിമ്മിനു മാത്രമേ മാർക്കറ്റുള്ളൂ. എന്റെ നിയോജക മണ്ഡലമടക്കം കേരളത്തിൽ 4000-ത്തിൽപ്പരം ഏക്കറിൽ മാത്രമാണ് ജോയിന്റ് വെരിഫിക്കേഷൻ നടത്താനുള്ളത്. അവശേഷിക്കുന്ന സ്ഥലങ്ങളിൽ സമയബന്ധിതമായി പട്ടയം കൊടുക്കാനുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ഒരു കാര്യം കൂടി അഭ്യർത്ഥിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചപ്പോൾ ആദിവാസികളാക്കി മാറ്റുന്നതിനുവേണ്ടി പല ആളുകളുടെയും ശരീരത്തിൽ കളർ വാരിത്തേച്ചു എന്നു പറഞ്ഞു. അത് അത്തരം ആളുകളെ അപമാനിക്കുകയല്ലേ ചെയ്യുന്നത് ? ശ്രീമതി രാധാരാഘവൻ ഇവിടെയുണ്ട്, അവർ കറുത്ത ശരീരമായി ഇവിടെ വന്നിരിക്കണമെന്നാണോ അങ്ങയുടെ അഭിപ്രായം ?

ശ്രീ. രാജു എബ്രഹാം : സർ, നമ്മുടെ അന്വേഷണ കമ്മിഷൻ അവിടെ ചെന്നപ്പോൾ കണ്ടകാര്യം, പത്രത്തിൽ വന്ന കാര്യം ഞാനിവിടെ രേഖപ്പെടുത്തി എന്നേയുള്ളൂ. അല്ലാതെ നിറമല്ല, എല്ലാ നിറങ്ങളിലുമുള്ള ആളുകളുണ്ട്. അവിടെ കണ്ട കാഴ്ചമാത്രമാണ് ഞാൻ സൂചിപ്പിച്ചത്. ഇവിടെ 25 പുതിയ നിയമങ്ങളിൽ ലാൻഡ് റിഫോംസ് ബിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണ്. ഈ ബില്ലിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? കേരളത്തിലെ ഏതു പാടശേഖരങ്ങളും നികത്താമെന്നുള്ള പുറപ്പാടാണ്. 2050 ആകുമ്പോൾ കേരളത്തിൽ ഒരുതുള്ളി കുടിവെള്ളം കിട്ടാനില്ലാതാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആധികാരികമായി ഈ രേഖകളെ അടിസ്ഥാനമാക്കിക്കൊണ്ട് ഈ നിയമസഭയിൽ സൂചിപ്പിച്ചിരുന്നതാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ എവിടെ മഴ പെയ്താലും 12 മണിക്കൂറിനുള്ളിൽ അറബിക്കടലിൽ ചെന്നെത്തിച്ചേരുന്ന കേരളത്തിൽ അവശേഷിക്കുന്ന പാടശേഖരങ്ങൾ കൂടി നികത്തിയാൽ ഈ കേരളത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻവേണ്ടി എന്തു നടപടി ഈ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയും ? അത്തരത്തിലുള്ള കിരാതമായിട്ടുള്ള ബില്ലുകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പുതിയ ബില്ലുകൾ. അതോടൊപ്പംതന്നെ വാനില കൃഷിയുടെയും കശുമാവ് കൃഷിയുടെയുമൊക്കെ പേരിൽ മിച്ചഭൂമികളെ തോട്ട വിളകളാക്കി മാറ്റാൻവേണ്ടിയുള്ള നിയമനിർമ്മാണം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ സൂചിപ്പിച്ചിരിക്കുകയാണ്. ഇവിടെ ആരാണ് ഭരിക്കുന്നത്? ഇവിടെ ഭരിക്കുന്നത് മണൽ മാഫിയകളാണ്. വില്ലേജ് ആഫീസർമാരെ കയ്യുംകാലും കൂട്ടിക്കെട്ടി മണൽ മാഫിയകൾ വിലസുകയാണ്. തഹസീൽദാർമാരെ മരത്തിൽ പിടിച്ചുകെട്ടി മണൽ മാഫിയകൾ മണൽ വാരിക്കൊണ്ടുപോവുകയാണ്. ഇതാണ് കേരളം. പോലീസ് സംരക്ഷണം ഞങ്ങൾ ചോദിച്ചപ്പോൾ പോലീസ് സംരക്ഷണം നൽകിയിട്ടില്ലെന്നു മറുപടി പറയുന്ന തഹസീൽദാർമാർ ഇന്ന് കേരളത്തിലുണ്ട്. ഈ മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് എന്തു നടപടി സ്വീകരിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എനിക്ക് അങ്ങയുടെ മുമ്പിൽ വയ്ക്കാനുള്ള അഭ്യർത്ഥന നമ്മുടെ നിരവധി വില്ലേജുകൾ, എന്റെ നിയോജകമണ്ഡലത്തിൽ ചിറ്റാർ-സീതത്തോട് എന്ന വില്ലേജിന് 80 കിലോമീറ്റർ നീളമുണ്ട്. അത്തരം വില്ലേജുകൾ പുനഃസംഘടിപ്പിക്കാനുള്ള സമീപനം സ്വീകരിക്കണം. അതുപോലെതന്നെ കാലവർഷക്കെടുതിമൂലം വീടു നഷ്ടപ്പെട്ടാൽ 15,000 രൂപ മാത്രമാണ് വീടു നിർമ്മിക്കാൻ വേണ്ടി കൊടുക്കുന്നത്. അത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. വാഴയ്ക്കും റബ്ബറിനുമടക്കം ഇന്ന് 50 രൂപയും 100 രൂപയും കൊടുക്കുന്ന സ്ഥാനത്ത് ആ നഷ്ടപരിഹാരം കൂട്ടണം. കാലോചിതമായി അതുമാറണം. നിങ്ങൾ എം.ജി.പി.യുടെ ആളുകളാണ്, അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ച് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തു നിന്നും വന്നിട്ടുള്ള വിലപ്പെട്ട നിർദ്ദേശങ്ങൾ തീർച്ചയായും ഗവൺമെന്റ് ഉൾക്കൊള്ളുകയും അതിൽ സ്വീകരിക്കാവുന്ന കാര്യങ്ങൾ സ്വീകരിക്കുകയും അതു പ്രാവർത്തികമാക്കുകയും ചെയ്യും എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നു പരിഷ്കരണത്തിന്റെ കാലഘട്ടമാണ്. എന്റെ അഭിപ്രായത്തിൽ നവീകരണം ആവശ്യമായി വരേണ്ടത് സർക്കാർ ഓഫീസുകളിൽ നിന്നാണ്. ഭരണതലം നവീകരിക്കേണ്ടതാണ് ഏറ്റവും വലിയ ആവശ്യം. ഭരണതലത്തെ സംബന്ധിച്ചിടത്തോളം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസങ്ങളൊക്കെ മാറ്റി ഭരണ കാര്യക്ഷമത വരുത്തണമെന്നുണ്ടെങ്കിൽ മോഡണൈസേഷൻ ആവശ്യമാണ്. ഇ- ഗവേണൻസ് നടപ്പിലാക്കണം. അതിനുള്ള നടപടികൾ വളരെ എളിയ തോതിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നു ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത്യന്താധുനികമായ സാങ്കേതിക വിദ്യ ഭരണതലങ്ങളിൽ ഉപയോഗിച്ചെങ്കിൽ മാത്രമേ നമുക്ക് കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയൂ. ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ shift.com പദ്ധതിയുടെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസുകളിൽ നിന്നും ഇരുപത്-ഇരുപത്തിനാല് സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടറിലൂടെ ദിവസവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇപ്പോൾ അതു വളരെ ഭംഗിയായി 64 താലൂക്കുകളിലും നടക്കുകയാണ്. ഈ വർഷം കേരളത്തിലെ മുഴുവൻ ഭൂരേഖകളും കമ്പ്യൂട്ടറൈസ് ചെയ്യുവാൻ തീരുമാനം എടുത്തുകൊണ്ട് ഞങ്ങൾ മുന്നോട്ടു നീങ്ങുകയാണ്. വില്ലേജാഫീസുകൾ കൂടി കമ്പ്യൂട്ടറൈസ് ചെയ്തെങ്കിൽ മാത്രമേ നമുക്ക് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ പറ്റുകയുള്ളൂ. അതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടത്തുന്നു. ഒരു വർഷത്തിനകം അതു പൂർത്തിയാക്കാൻ കഴിയും എന്നാണ് എന്റെ വിശ്വാസം. കേരളത്തെ സംബന്ധിച്ചിടത്തോളം കർണ്ണാടകാമോഡലിൽ ഭൂരേഖകൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുവാൻ കഴിയും അതു ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന ഒരു കാര്യമാണ്. ഇ-ഗവേണൻസ് മാത്രം പോര, ഗുഡ് ഗവേണൻസിനാണ് ഈ ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. എന്താണ് ഗുഡ് ഗവേണൻസ്? ഇടതുപക്ഷ ഗവൺമെന്റിലായാലും യു. ഡി. എഫ്. ഗവൺമെന്റിലായാലും സർക്കാർ ഓഫീസുകളിലായാലും വന്നു പോകുന്ന ഒരു വ്യക്തി അയാളുടെ മനസ്സിൽ ഉണ്ടാകുന്ന ആ വികാരങ്ങൾ കൊണ്ട്, മാനസിക സംതൃപ്തിയിൽ അയാൾക്കു പോകുവാൻ കഴിയുമോ? ഹൃദയഭാരത്തോടുകൂടിയാണ് അയാൾ പോകുന്നത്. ഗുഡ് ഗവേണൻസ് എന്നു പറയുന്നത് ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ഉപകാരപ്രദങ്ങളായ രീതിയിൽ സാമൂഹ്യ വീക്ഷണത്തോടുകൂടി ജനങ്ങളെ സഹകരിപ്പിക്കുവാൻ നമ്മുടെ ഉദ്യോഗസ്ഥന്മാർ മുന്നോട്ടുവരണം എന്നതാണ്. എനിക്കു തോന്നുന്നത് ഉദ്യോഗസ്ഥന്മാരുടെ ഇപ്പോഴുള്ള മാനസികാവസ്ഥ തന്നെ മാറണം എന്നാണ്. അവർക്ക് സാമൂഹ്യ വീക്ഷണം കൊടുക്കേണ്ടിയിരിക്കുന്നു. അവർക്ക് ജനങ്ങളെക്കുറിച്ച് കൂടുതൽ അവബോധം നൽകേണ്ടിയിരിക്കുന്നു. അതുപോലെ മാറ്റങ്ങൾ ഉൾക്കൊള്ളാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള അവബോധം നൽകണം. റവന്യൂ ഡിപ്പാർട്ടുമെന്റിൽ പല ജില്ലകളിലും ട്രെയിനിംഗ് നടന്നു വരികയാണ്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ട്രെയിനിംഗ് നടന്ന പല ജില്ലകളിലും പോകുകയുണ്ടായി, ഞാൻ ഉദ്യോഗസ്ഥന്മാരെ അഭിനന്ദിക്കുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ തന്നെ മുന്നോട്ടു വന്നു, അവർ തന്നെ പണം പിരിച്ച് ട്രെയിനിംഗ് നടത്തിയ ഉദാഹരണങ്ങൾ വരെയുണ്ട്. ട്രെയിനിംഗ് ക്യാമ്പു കഴിഞ്ഞ് അവർ തന്നെ അവരുടെ ഇമ്പ്രഷൻ പറയാറുണ്ട്. ഉദ്യോഗസ്ഥന്മാർക്ക് ഈ ട്രെയിനിംഗ് ക്യാമ്പുകൊണ്ട് വളരെയേറെ മാറ്റങ്ങൾ ഉണ്ടായി. പലതും കണ്ടു പഠിക്കാൻ കഴിഞ്ഞു. അവരുടെ വീക്ഷണത്തിൽ തന്നെ മാറ്റം വന്നു തുടങ്ങി. എന്റെ അഭിപ്രായത്തിൽ നമുക്ക് സമഗ്രമായി ട്രെയിനിംഗ് നടത്തേണ്ടിയിരിക്കുന്നു. ഈ വർഷം സെക്രട്ടേറിയറ്റു മുതൽ വില്ലേജ്തലം വരെയുള്ള മുഴുവൻ റവന്യൂ ജീവനക്കാർക്കും ട്രെയിനിംഗ് കൊടുത്തുകൊണ്ട് ഗുഡ് ഗവേണൻസിനു വേണ്ടിയുള്ള ഒരു സ്റ്റാർട്ടിംഗ് നടത്തുവാൻ ആഗ്രഹിക്കുകയാണ്. അതാണ് റവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതൊരു ഡെവലപ്മെന്റു ഡിപ്പാർട്ടുമെന്റല്ല, റവന്യൂ ഡിപ്പാർട്ടുമെന്റാണ്. അതു എല്ലാവർക്കും അറിയാം. ഇതൊരു അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റാണ്. ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ആയിരുന്നുവെങ്കിൽ പല കാര്യങ്ങൾ പറയുവാൻ കഴിയുമായിരുന്നു. എങ്കിൽപോലും ഈ ഡിപ്പാർട്ടുമെന്റിനകത്തു പല കാര്യങ്ങളും ചെയ്യുവാൻ കഴിഞ്ഞു. അതു ഞാൻ ചെറുതായി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. നിയമവകുപ്പിൽ ഒരു വെബ് സൈറ്റ് സ്ഥാപിച്ചത് വഴി ഏത് നിയമങ്ങളും മുഴുവൻ ചട്ടങ്ങളും എല്ലാം വെബ് സൈറ്റിൽക്കൂടി കിട്ടുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞിരിക്കുന്നു. അതു വലിയൊരു സഹായമായിരിക്കും. ലാന്റ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടു സമർപ്പിച്ചു. വളരെ നല്ല റിപ്പോർട്ടാണ്. അതിനെപ്പറ്റി വിമർശനങ്ങൾ വന്നു, റെസ്പോൺസുകൾ വന്നു. റെസ്പോൺസ് വന്നതിൽ ഏറിയ ഭാഗവും അതിനെ അനുകൂലിച്ചു കൊണ്ടായിരുന്നു. ലാന്റ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ പ്രകീർത്തിക്കുകയാണ് എല്ലാവരും ചെയ്തിട്ടുള്ളത്. യു.ഡി.എഫ്-ന്റെ അംഗീകാരം വേണം. യു.ഡി.എഫ്. കമ്മിറ്റിയിൽ വച്ചു ഞങ്ങൾ ചർച്ച ചെയ്തു, 25-നെപ്പറ്റി ചർച്ച ചെയ്തില്ല. 21 നിയമനിർമ്മാണങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇനി ക്യാബിനറ്റ് അതു അംഗീകരിക്കാൻ പോകുകയാണ്. ക്യാബിനറ്റിന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ, കഴിയുമെങ്കിൽ ഈ സമ്മേളനത്തിൽ അല്ലെങ്കിൽ അടുത്ത സമ്മേളനത്തിൽ വികസന സൗഹൃദമായ, നിക്ഷേപസൗഹൃദമായ നിലയിൽ മാറ്റങ്ങളുടെ കാലഘട്ടത്തിൽ നമ്മുടെ നിയമനിർമ്മാണങ്ങൾ മാറ്റുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുവെങ്കിൽ അതു വലിയ കാര്യമല്ലേ ? എന്തുകൊണ്ട് പ്രതിപക്ഷത്തിനു ഇതു കാണാൻ സാധിക്കുന്നില്ല, അംഗീകരിക്കുവാൻ സാധിക്കുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന വിപ്ലവകരമായ കാര്യങ്ങൾ കണ്ടില്ല എന്നു നടിക്കുന്നതു ശരിയല്ല. കടാശ്വാസ നിയമം കൊണ്ടുവന്നതു 29-12-2001-ലാണ്. രണ്ടു മാസത്തിനുള്ളിൽ ചട്ടങ്ങൾ കൊണ്ടു വന്നു. 180 കോടി രൂപയുടെ ബാധ്യത ഈ ഗവൺമെന്റ് ഏറ്റെടുത്തു. അതു കൃഷിക്കാർക്ക് എത്രയോ പ്രയോജനകരമായിരുന്നു. കടാശ്വാസ നിയമം ഈ ഗവൺമെന്റ് നടപ്പാക്കി എന്നുള്ളതു വലിയൊരു കാര്യമാണ്. സാന്റ് മൈനിംഗിനെ സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

സാന്റ് മൈനിംഗ് വളരെ വിഷമകരമായ ഒരു മേഖലയാണ്. വലിയ മാഫിയകൾ അതിൽ പ്രവർത്തിക്കുന്നു. അതിനെ തടയാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് ചെയ്യുന്നത്. ഇതുപല ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെടുന്നതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റുമായി മാത്രം ബന്ധപ്പെടുന്നതല്ല. റവന്യൂവും പോലീസും മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റും, പഞ്ചായത്തും അങ്ങനെ സർവ്വവിധ ഡിപ്പാർട്ടുമെന്റുകളിലുമായി ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളുമായി കെട്ടു പിണഞ്ഞുകിടക്കുന്ന ഒരു മേഖല, അതിൽ നടക്കുന്നതെല്ലാം ഒറ്റ ദിവസം കൊണ്ട് നമുക്ക് ശരിയാക്കാൻ കഴിയില്ല. ഒരു കാര്യം ഞാൻ പറയട്ടെ, മൈനിംഗ് ആന്റ് ജിയോളജി നിയമം പാസ്സായത് 29-12-2001-ലാണ്. ഈ കടാശ്വാസ നിയമവും പാസ്സായത് അന്നു തന്നെയാണ്. അതിന്റെ ഫലമായി ഇപ്പോൾ കടവു കമ്മിറ്റികൾ മുഴുവൻ രൂപീകൃതമായി. ഒരു കൊല്ലം കൊണ്ട് 1904 വാഹനങ്ങളാണ് ഞങ്ങൾ കണ്ടുകെട്ടിയത്. അതൊരു ചെറിയ കാര്യമല്ല. 15,102 മെട്രിക് ടൺ ഇല്ലിസിറ്റു സാന്റ് പിടിച്ചെടുത്തു. മൂന്നു കോടി അറുപത്തിയേഴു ലക്ഷം രൂപ ഫൈൻ അടിച്ചു. റവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ നോക്കി നിൽക്കുകയല്ല. ഇത്രമാത്രം പരിമിതികൾക്ക് അകത്തു നിന്നുകൊണ്ട് ഈ മേഖലയിലെ അഴിമതികൾ ഇല്ലാതാക്കുന്നതിനു ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. അനധികൃതമായ കടവുകൾ അടച്ചു പൂട്ടാൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞു. അതുപോലെ തന്നെ ഒരു ജില്ലയ്ക്ക്, പോലീസ്, റവന്യൂ, പഞ്ചായത്ത് എല്ലാം കൂടി 39 സ്കാഡുകൾ രൂപീകരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് ഒരു കാര്യം കൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ ഈ നിയമത്തിന്റെ റൂൾ മാറ്റാൻ പോകുകയാണ്. ഞങ്ങൾ ചർച്ച ചെയ്യും. റവന്യൂ ഡിപ്പാർട്ടുമെന്റ് ഇതിൽ നിന്നും വിടുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് ഇതിൽ പ്രവർത്തിക്കേണ്ട കാര്യമില്ല. ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി, ഓരോ ലോറിക്കും പാസ് കൊടുത്തു കൊടുത്തു ഓരോ ലോറിയും ഇഷ്ടം പോലെ കേരളത്തിലെ മുഴുവൻ പുഴകളിൽ നിന്നും രാവിലെ മുതൽ വൈകുന്നേരം വരെ പതിനായിരക്കണക്കിന് ലോറികളിൽ മണൽ വാരിക്കൊണ്ടു പോകുകയാണ്. അതു നോക്കാനും കണ്ടു പിടിക്കാനും പ്രയാസമാണ്. ആ സിസ്റ്റം മാറ്റാൻ പോകുകയാണ്. അതു പഞ്ചായത്തുകളെ ഏല്പിക്കുന്നു. പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ആറ്റിൽ നിന്നും മണൽ വാരി കരയ്ക്കു കൊണ്ടുവന്നിടും. ഒന്നു രണ്ടു ആഴ്ച കൂടുമ്പോൾ മണൽ ലേലം ചെയ്തു കൊടുക്കും. ലേലം ചെയ്യുന്ന മണൽ മാത്രം വാഹനങ്ങളിൽ കൊണ്ടുപോകും. 99 ശതമാനം അഴിമതിയും ഈ രംഗത്ത് തടയുവാൻ ഈ നിയമം കൊണ്ടു കഴിയും എന്നു ഞാൻ ആശിക്കുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റും അവയ്ക്ക് പരിഹാരമുണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുമെന്നുള്ളതു തീർച്ചയാണ് അങ്ങനെ ശ്രമിക്കുമെന്നു മാത്രമേ എനിക്കു അതിനെപ്പറ്റി പറയുവാൻ കഴിയുകയുള്ളൂ. ആ രംഗത്തു സാന്റ് ആഡിറ്റിംഗ് നടക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റിൽ സാന്റ് ആഡിറ്റിംഗിൽ വേണ്ടത്ര ക്രമീകരണങ്ങൾ നടക്കുന്നുണ്ട്. അതുപോലെ ഇവിടെ താലൂക്ക് വില്ലേജുകളെപ്പറ്റി പല ചർച്ചകളും നടക്കുന്നുണ്ട്. ബാബുപോൾ കമ്മീഷൻ റിപ്പോർട്ട്, അതു കഴിഞ്ഞ് എം.ജി.കെ. മൂർത്തി കമ്മീഷൻ റിപ്പോർട്ടുകൾ ഇവ വന്നു. ആ റിപ്പോർട്ടുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രം പറയുകയാണെങ്കിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അഞ്ചു വർഷക്കാലം എം.ജി.കെ. റിപ്പോർട്ട് പൂഴ്ത്തിവച്ചതിനുശേഷം പോകാൻ നേരത്ത്, തെരഞ്ഞെടുപ്പിന്റെ സമയത്ത് 21 താലൂക്കുകൾ പ്രഖ്യാപിച്ചിട്ടു പോയി. അതിനു വാലും തലയുമില്ല. കാലം മാറി, നമുക്ക് ഒരു കാര്യം ചെയ്യാനുള്ളത് എന്താണെന്നു വച്ചാൽ, ഒരുപാടു താലൂക്കുകളും വില്ലേജുകളും ഒന്നും കൊടുക്കുന്നില്ല. തെറ്റിദ്ധാരണ വേണ്ട. പക്ഷേ, ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വിസ്തൃതമായ താലൂക്കുകളോ വില്ലേജുകളോ ഉണ്ടെങ്കിൽ അതു പുനഃസംഘടിപ്പിക്കണം എന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചു പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ മറ്റൊരു കമ്മീഷനെ ഗവൺമെന്റ് ഉടനടി നിയമിക്കുന്നതാണ്. ആ കമ്മീഷന്റെ റിപ്പോർട്ടു കിട്ടിയാൽ ഉടനെ ഗവൺമെന്റ് അതിൻമേൽ നടപടി സ്വീകരിക്കുമെന്നു ഞാൻ ഉറപ്പു നൽകുകയാണ്.

ഹൗസിംഗ് ബോർഡിന്റെ കാര്യത്തെക്കുറിച്ച് പറയുമ്പോൾ, ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കട്ടെ, നിങ്ങൾ എന്നെ അഭിനന്ദിക്കണം. നിങ്ങൾ തകർത്ത ഹൗസിംഗ് ബോർഡിനെ ഈ ഗവൺമെന്റ് പുനർജ്ജീവിപ്പിച്ചു. അങ്ങനെ പുനർജ്ജീവിപ്പിച്ച ഓരോ സെന്റൻസും ഞാൻ പറയാം. ഞങ്ങൾ പുനർജ്ജീവിപ്പിച്ച കഥകേട്ട് ഞങ്ങൾ ചെയ്ത ഹിമാലയൻ ഹെർക്കുലിയൻ ടാസ്ക് നിങ്ങൾക്ക് ബോദ്ധ്യപ്പെടും. ഇന്ന് ഹൗസിംഗ്ബോർഡ് റിവൈവ് ചെയ്തുകഴിഞ്ഞിരിക്കുന്നു. ഹഡ്കോയുമായി 2002-സെപ്റ്റംബർ മാസം 14-ാം തീയതി ഞങ്ങൾ ഒരു എം.ഒ.യു. സൈൻ ചെയ്തു. 1,062 കോടി രൂപയുടെ വായ്പാ ബാദ്ധ്യത 10 വർഷത്തേയ്ക്ക് റി-ഷെഡ്യൂൾ ചെയ്തു വാങ്ങിച്ചു. 1,062 കോടി രൂപയുടെ വായ്പയായിരുന്നു കേരളം എടുത്തത്. അതുടനെ കൊടുക്കാൻ പറ്റുകയില്ല, അതുകൊണ്ട് റീ-ഷെഡ്യൂൾ ചെയ്ത് 10 വർഷത്തേയ്ക്ക് ഞങ്ങൾ വാങ്ങിച്ചു. അത് വലിയ കാര്യമല്ലേ? Default resolution package ഒപ്പിട്ടതിന്റെ ഫലമായി 188 കോടി രൂപയുടെ ലാഭം കേരള ഹൗസിംഗ് ബോർഡിന് സമ്മാദിച്ചുകൊടുത്തുകൊണ്ടാണ് എം.ഒ.യു. സൈൻ ചെയ്തതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2002 സെപ്റ്റംബർ 14-വരെ 224 കോടി രൂപ ബോർഡ് ഹഡ്കോയ്ക്ക് തിരിച്ചടച്ചു. നിങ്ങളെപ്പോലെ വാങ്ങിച്ചിട്ട് കൊടുക്കാതിരിക്കുകയല്ല. ഇതൊക്കെ കേട്ടാൽ നിങ്ങൾ അമ്പരക്കും. 224 കോടി രൂപ ഹഡ്കോയ്ക്ക് തിരിച്ചടച്ചതിനുശേഷമാണ് ഈ ഡിമാന്റ് ചർച്ചയിൽ നിങ്ങളെ ഞങ്ങൾ അഭിമുഖീകരിക്കുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വീട് പൊളിച്ചിട്ട ആളുകൾക്ക് ഇപ്പോഴും പൈസ കൊടുക്കാത്തതെന്താണ് ?

ശ്രീ. കെ.എം. മാണി : സർ, അത് പൊളിപ്പിച്ചത് നിങ്ങളാണ്.ഞാൻ അതിലേയ്ക്ക് വരാം. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 56,687 പേരുടെ വീട് പൊളിഞ്ഞു കിടന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിങ്ങൾ പൊളിപ്പിച്ച വീടുകൾക്ക് നിങ്ങൾ അവർക്ക് തവണ കൊടുത്തില്ല.നിങ്ങൾ വായ്പ കൊടുക്കാമെന്നു പറഞ്ഞ് അവരുടെ വീടുകൾ മുഴുവൻ പൊളിപ്പിച്ചിട്ട് അവർക്ക് ഒരു പൈസപോലും കൊടുക്കാതെ പാവങ്ങളെ കണ്ണീർക്കയത്തിലാക്കി. ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ 56,687 പേർക്ക്·രണ്ടും മൂന്നും ഗഡുക്കൾ കൊടുക്കാനുണ്ടായിരുന്നു. 4081 പേർക്ക് ഒന്നും രണ്ടും മൂന്നും ഗഡുക്കൾ കൊടുക്കാനുണ്ടായിരുന്നു. അങ്ങനെ 60,768 പേരെയാണ് നിങ്ങൾ വാസ്തവത്തിൽ കഷ്ടത്തിലാക്കിയത്. നമ്മൾ അധികാരത്തിൽ വന്നതിനുശേഷം 31,435 ആളുകൾക്ക് ഒന്നും രണ്ടും മൂന്നും ഗഡുക്കൾ നൽകി. ബാക്കി 29,333 പേർക്ക് ഗഡുക്കൾ കൊടുക്കാനുണ്ടായിരുന്നു, അവർക്ക് ആ ഗഡുക്കൾ കൊടുക്കാൻ വേണ്ടി സംസ്ഥാന തലത്തിൽ തിരുവല്ലയിൽ യോഗംവച്ചു ഉത്ഘാടനംചെയ്ത് കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുന്നു. ആറുമാസത്തിനകം, ഈ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുന്ന ആ ദിവസം എത്ര ചാരിതാർത്ഥ്യജനകമായിരിക്കുമെന്നുള്ളതാണ് വസ്തുത. അപ്പോൾ ഞങ്ങൾ അത്രയും ചെയ്തു. പലിശ നിരക്കിൽ ഇളവുവരുത്തിയത് നിങ്ങൾ അറിഞ്ഞില്ലല്ലേ. ഇവിടെ ഓരോരുത്തരും എന്തൊക്കെ പ്രസംഗങ്ങളാണ് നടത്തിയത്. ഏതുകാലത്തായാലും ഈ ഗവൺമെന്റ് പെർഫോർമൻസ് നടത്തിക്കൊണ്ടാണ് മുന്നോട്ടു പോകുന്നത്. നിങ്ങൾ മനസ്സിലാക്കണം. പലിശയിളവ് കേരളത്തിന് കൊടുക്കാൻ വേണ്ടി സാധിച്ചു. ഹഡ്കോയിൽ നിന്നും പതിനൊന്നര ശതമാനം മുതൽ ഇരുപത് ശതമാനം വരെ പലിശയ്ക്കാണ് വായ്പയെടുത്തുകൊണ്ടിരുന്നതെങ്കിൽ പലിശ നിരക്കിൽ വായ്പയെടുത്ത 410 കോടി രൂപ, ഉയർന്ന പലിശയ്ക്ക് വായ്പയെടുത്തിരുന്നത് ഹഡ്കോ നിവാസിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് പണമെടുത്ത് തിരിച്ചടച്ചു. ഇതുവഴി 82 കോടി രൂപയുടെ ലാഭമുണ്ടായി എന്നുമാത്രമല്ല നമ്മുടെ ആളുകൾക്ക് ഒന്നര ശതമാനം മുതൽ നാലര ശതമാനംവരെ പലിശയിളവുണ്ടാക്കിക്കൊടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതു നേട്ടമല്ലേ? ഞാൻ പ്രസംഗിക്കുന്ന ഓരോ സെന്റൻസും നേട്ടങ്ങളുടെ കഥയാണ്. ഇതിന്റെ ഫലമായി മുപ്പതിനായിരത്തോളം ഉപഭോക്താക്കൾക്ക് ഇതു നൽകി. ഒന്നര ശതമാനം മുതൽ നാലര ശതമാനംവരെ അവർക്ക് പലിശയിളവ് കിട്ടി. റിക്കവറിയുടെ കാര്യം, ഞങ്ങൾ 190 കോടി രൂപ റിക്കവറി നടത്തി. വെറുതെയല്ല 91 ശതമാനം റിക്കവറി വർദ്ധനവാണ്. നിങ്ങളുടെ കാലത്തേക്കാൾ 91 ശതമാനം വർദ്ധനവാണ് റിക്കവറിക്ക് ഹൗസിംഗ് ബോർഡിൽ നാം കൈവരുത്തിയിരിക്കുന്നത്. വിലയാധാരങ്ങൾ നൽകുന്ന കാര്യത്തിൽ, 2003 നവംബർ 30-ന് നൽകും, ഇതിനോടകം 436 പേർക്ക് വിലയാധാരങ്ങൾ നൽകി. റവന്യൂ ടവറുകളുടെ കാര്യം, റവന്യൂ ടവറുകളുടെ നിർമ്മാണം നിന്നുപോയിരുന്നു. ഈ വർഷം ആറ്റിങ്ങൽ, തൊടുപുഴ, ഹോസ്ദുർഗ്, മാനന്തവാടി, കാഞ്ഞിരപ്പള്ളി, റാന്നി എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവറുകൾ നടപ്പിലാക്കും. കൊട്ടാരക്കരയും കൂടി ഉൾപ്പെടുത്തുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, റവന്യൂ ടവറുകൾ എല്ലാപേർക്കും കൊടുക്കുമെന്ന് അങ്ങ് പറഞ്ഞല്ലോ, തലശ്ശേരിയിൽ ഇല്ല.

ശ്രീ. കെ. എം. മാണി : സർ, ഏതായാലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ മാനദണ്ഡം തെറ്റിച്ച് പറയുകയില്ലെന്ന വിശ്വാസത്തിൽ തലശ്ശേരി ഉടനെ പരിശോധിക്കാം. ഞാൻ ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുകയാണ്. ദുർബല വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങാൻ നിവൃത്തിയില്ല, സ്ഥലമില്ലാത്തതിനാൽ വീടുവയ്ക്കാൻ വായ്പ കിട്ടുന്നില്ല എന്നതുകൊണ്ട് ഒരു പുതിയ പദ്ധതി കൊണ്ടുവരാൻ പോകുകയാണ്. നഗരങ്ങളിൽ 50,000 രൂപയും പഞ്ചായത്തുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

40,000 രൂപയും, സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനുവേണ്ടി ഒരു സ്കീം കൊണ്ടുവരികയാണ്. അതിൽ 9,000 രൂപ ഗവൺമെന്റ് സബ്സിഡി ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ 9,000 രൂപ സബ്സിഡി കൊടുത്തുകൊണ്ട് ഒരു ഭവന നിർമ്മാണ പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിക്കുന്നു. അത് ഈ വർഷത്തിൽ തന്നെ നടപ്പിലാക്കാൻ കഴിയും. എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. പദ്ധതികൾ വീണ്ടും ആരംഭിക്കാൻ പോകുകയാണ്. ഡൽഹിയിലെ ഹാബിറ്റാറ്റ് സെന്ററിന്റെ മാതൃകയിൽ തിരുവനന്തപുരത്ത് കവടിയാറിൽ ഒരു ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണം ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ ഉടനെ ആരംഭിക്കാൻ പോകുകയാണ്. ഇതിനായി മൂന്നര ഏക്കർ സ്ഥലം ഭവനനിർമ്മാണ ബോർഡിന് സർക്കാർ നൽകിക്കഴിഞ്ഞു. പ്രോജക്ട് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. ഹഡ്കോയുമായി ജോയിന്റ് വെഞ്ചർ എഗ്രിമെന്റിലേയ്ക്ക് കടക്കുകയാണ്. അധികം താമസിയാതെത്തന്നെ 30 കോടി രൂപയുടെ ചെലവിൽ ഹാബിറ്റാറ്റ് സെന്റർ വരുന്നതാണ്. അതുപോലെ വിറ്റഴിക്കൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം ഒരു പ്രഖ്യാപനം, വിറ്റഴിയാത്ത വീടുകൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വേണം. ബോർഡ് കേരളത്തിലുടനീളം നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിൽ വിറ്റഴിയാതെ കിടക്കുന്ന ഫ്ളാറ്റുകൾ വിലകുറച്ചു നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതനുസരിച്ച് ഇപ്പോഴുള്ള വിലയിൽ 30 ശതമാനം മുതൽ 40 ശതമാനംവരെ ഇളവനുവദിക്കാൻ സർക്കാർ തീരുമാനമെടുത്ത കാര്യം ഈ സഭയെ അറിയിക്കുകയാണ്. അലോട്ടുമെന്റുകൾ ജൂലൈ 15-ന് ആരംഭിക്കും. ഈ പദ്ധതിയനുസരിച്ച് 221 പ്ലോട്ടുകളും, 644 വീടുകളും 375 ഫ്ളാറ്റുകളും അലോട്ട് ചെയ്യും 30 ശതമാനം മുതൽ 40 ശതമാനംവരെ വിലകുറച്ചുകൊടുക്കാൻ ക്യാബിനറ്റ് ഡിസിഷനെടുത്തു കഴിഞ്ഞു. ഇതുടനെ നടപ്പാക്കാൻ പോകുകയാണ്. ഭവനനിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുള്ളവർക്ക് default interest പീനൽ ഇന്ററസ്റ്റിലൂടെ കൂടുതൽ ബാദ്ധ്യതയുണ്ടാകുന്നതിനാൽ തിരിച്ചടവ് ദുഷ്ക്കരമായിരിക്കുകയാണ്. ഇതുമൂലം സാധാരണയാളുകൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുപരിഹരിക്കാൻ one time settlement Scheme കൊണ്ടുവരുമ്പോൾ അത് പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം പീനൽ ഇന്ററസ്റ്റ് ഒഴിവാക്കിക്കൊടുക്കും. കുറച്ചുകൂടി സൗകര്യമുള്ളവരാണെങ്കിൽ ഭാഗികമായി ഒഴിവാക്കിക്കൊടുക്കും. അങ്ങനെ വായ്പയെടുക്കുന്ന ആളുകളുടെ ബുദ്ധിമുട്ടു പരിഹരിക്കുന്നതിനുവേണ്ടി നിരവധി സംവിധാനങ്ങൾ ഹൗസിംഗ് ബോർഡ് നടപ്പിലാക്കുകയാണ്. ഭവന നിർമ്മാണ ബോർഡിന്റെ കാര്യത്തെപ്പറ്റി പറയുമ്പോൾ 2001-ലെ സെൻസസ്സ് അനുസരിച്ച് 93 ലക്ഷം വീടുകളാണ് കേരളത്തിലുള്ളത്. 2004 മാർച്ചോടെ 5.13 ലക്ഷം വീടുകളുടെ കുറവാണ് സംസ്ഥാനത്തിനുണ്ടാകുകയെന്ന് കണക്കാക്കപ്പെടുന്നു. ഒരു വർഷത്തിൽ നിർമ്മിക്കുന്ന 5.13 ലക്ഷം വീടുകൾ കൂടാതെ ജീർണ്ണാവസ്ഥയിലുള്ള 5.33 ലക്ഷം വീടുകൾ പുനരുദ്ധരിക്കേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യത്തിനു വേണ്ടി ഹൗസിംഗ് ബോർഡ് വളരെ തീവ്രയത്ന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ഭവന നിർമ്മാണ രംഗത്ത് അടുത്ത മൂന്നുവർഷത്തിനുള്ളിൽ 400 കോടി രൂപയുടെ വിവിധ പദ്ധതികൾ ഇതിനകം ആസൂത്രണം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. അത് രണ്ട് വർഷത്തിനുള്ളിൽ നടപ്പിലാക്കുന്നതാണ്. ഫ്ളഡ്ഡിന് നിങ്ങൾക്ക് എന്താണ് കിട്ടിയതെന്ന് ബഹുമാനപ്പെട്ട രാജു എബ്രഹാം ചോദിച്ചു. നമ്മൾ മൂന്ന് മെമ്മോറാണ്ടം കൊടുത്തു, 582 കോടി രൂപ, 1,057 കോടി രൂപ drought, 145 കോടി രൂപ. അവരുടെ പുതിയ നോംസ് അനുസരിച്ച് ഇതൊന്നും അനുവദിക്കാൻ കഴിയുകയില്ല. ഇപ്പോൾ ഫ്ളഡ്ഡിനുവേണ്ടി 555 കോടി രൂപയുടേയും 145 കോടി രൂപയുടേയും രണ്ട് മെമ്മോറാണ്ടം കൊടുത്തു. ക്യാപ്പിറ്റൽ വർക്സ് ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടിയൊക്കെ കൊടുത്തു. അതൊന്നും അവർ അനുവദിച്ചുതന്നുവെന്ന് വരില്ല. draught-ന് 1,022 കോടി രൂപ, വെള്ളം കുറഞ്ഞതുകൊണ്ട് ഇലക്ട്രിസിറ്റി ലോസ് 910 കോടി രൂപ. അത് അവരുടെ നോംസ് അനുസരിച്ച് വരികയില്ല. പിന്നെ അവിടെച്ചെന്ന് നമ്മൾ വാദിക്കും. ധനകാര്യ കമ്മിഷന്റെ നോംസിൽ വരണം. കേന്ദ്ര ഗവൺമെന്റ് ഇത് ചെയ്യണം. ആർഗ്യു ചെയ്യാൻ നമുക്ക് അറിയാമല്ലോ. പക്ഷേ, അവർ സമ്മതിച്ചിട്ടില്ല. ഇതൊക്കെ സംസ്ഥാന ഗവൺമെന്റിന്റെ ചുമലിൽ കെട്ടിവയ്ക്കേണ്ട കാര്യമില്ല. നമ്മുടെ പേരിൽ ഇത് വരവ് വയ്ക്കേണ്ട കാര്യമില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കൊടുത്ത മെമ്മോറാണ്ടങ്ങൾക്ക് ഒരു കുറവും ഉണ്ടായിട്ടില്ല. ഞാൻ മൂന്നു നാലു തവണ പോയി മന്ത്രിമാരെ കണ്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടു. ശ്രീ. ബാബു ദിവാകരൻ, ശ്രീ. കെ. ശങ്കരനാരായണൻ എന്നിവർ അടങ്ങുന്ന ക്യാബിനറ്റ് സബ് കമ്മിറ്റിയിൽ ഞങ്ങൾ ഡിസ്ക്കസ് ചെയ്തു. നിങ്ങൾ ഉൾപ്പെടെ പാർലമെന്റിലെ എല്ലാ കക്ഷിയിൽപ്പെട്ട എം.പി.മാരും ഡെലിഗേഷൻ ആയിട്ട് പ്രധാനമന്ത്രിയെ പോയി കണ്ടു. കൃഷി വകുപ്പുമന്ത്രിയെ കണ്ടു. മറ്റ് മന്ത്രിമാരേയും കണ്ടു. എന്നിട്ടും അവർ കണ്ണ് തുറക്കാത്ത ദൈവങ്ങളെപ്പോലെ ഇരുന്നാൽ നമ്മൾ എന്തു ചെയ്യും? അതുകൊണ്ട് അങ്ങനെ നമ്മളെ കുറ്റപ്പെടുത്തുകയൊന്നും വേണ്ട. പക്ഷേ, മനോഹരമായ നിങ്ങളുടെ കാലഘട്ടത്തിൽ 27 കോടി രൂപ കിട്ടിയെന്ന് വീമ്പടിക്കുന്ന രാജു എബ്രഹാമിനോട് ഒരു കാര്യം, ശ്രീ. ഇ.കെ. നായനാരുടെ പ്രോമിസ് ആന്റ് പെർഫോർമൻസ് എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്, Government has taken maximum effort to seek support from the Central Government etc,. എന്നു പറഞ്ഞിട്ട് 13 കോടി രൂപ ഞങ്ങൾക്ക് കിട്ടുകയുണ്ടായി. ഇത് ഏറ്റവും വലിയ നേട്ടമാണ് എന്ന് ആ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. അഞ്ചു വർഷക്കാലം 13 കോടി രൂപ പിച്ചക്കാശ് വാങ്ങിയതിനുശേഷം ഇങ്ങോട്ടു തിരിഞ്ഞുനിന്ന് നിങ്ങൾക്കൊന്നും വാങ്ങാൻ കഴിഞ്ഞില്ലായെന്നു പറഞ്ഞാൽ എനിക്ക് അതിനെ സംബന്ധിച്ച് ഒന്നും പറയാനില്ല. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ജയരാജൻ സ്ഥലം മാറ്റത്തെക്കുറിച്ച് പറഞ്ഞു. സ്ഥലം മാറ്റത്തിന്റെ നോംസ് തെറ്റിക്കുന്നു! സ്ഥലം മാറ്റത്തിനുപിന്നിൽ അഴിമതി! എന്തോ കോക്കസ്! എന്റെ സ്നേഹിതാ, ഓർഗനൈസേഷൻകാർ എഴുതിത്തരുന്നതുവച്ചുകൊണ്ട് ഒന്നും പറയരുത്. ഇവിടെ ഭരിച്ചുകൊണ്ടിരുന്നത് സംഘടനാ നേതാക്കൻമാരായിരുന്നു. റവന്യൂ ബോർഡിലെ കമ്മീഷണറുടെ അപ്പൂറത്ത് കസേരയിട്ടുകൊണ്ട് അവർ പറയുന്നതുപോലെ ട്രാൻസ്ഫർ നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നുവെങ്കിൽ ഞാൻ റവന്യൂ വകുപ്പുമന്ത്രി ആയതിനുശേഷം ആ കസേര അവിടന്ന് മാറ്റി. അവർ ഫെരാവോ ചെയ്യിപ്പിച്ച് ഓർഡറുകൾ തിരുത്തുമായിരുന്നു. അതുകൊണ്ട് റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റിൽ സ്ഥലം മാറ്റത്തിന്റെ പേരിൽ അഴിമതിയെന്ന് ഓർഗനൈസേഷൻകാരും പത്രത്തിൽ കൊടുക്കുകയാണ്. ഇതൊന്നുംകൊണ്ട് പേടിപ്പിക്കണ്ട. ചിലപ്പോൾ ട്രാൻസ്ഫർ കൊടുക്കേണ്ടിവരും. എന്റെ ഡിപ്പാർട്ടുമെന്റിൽ ഞങ്ങൾ ജനറൽ ട്രാൻസ്ഫർ നടത്തിയിട്ടില്ല. ജനറൽ ട്രാൻസ്ഫറേ നടത്തിയിട്ടില്ല. പ്രൊമോഷൻ വരുമ്പോൾ കോൺസിക്വന്റ് ആയിട്ടുള്ള ട്രാൻസ്ഫറുകൾ മാത്രമാണ് നടത്തുന്നത്. അതുകൂടാതെ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ ചെയ്തിട്ടുണ്ട്. ചിലപ്പോൾ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ മന്ത്രിമാർക്ക് പറയേണ്ടിവരും. ചിലപ്പോൾ ഉദ്യോഗസ്ഥൻമാർക്ക് പറയേണ്ടിവരും. ഞാൻ ബഹുമാനപ്പെട്ട കോടിയേരിയോട് ഒരു കാര്യം പറയട്ടെ, കുറ്റമായിട്ട് പറയുകയല്ല. ബഹുമാനപ്പെട്ട കോടിയേരി ചെയ്തത് ഒരു നല്ല കാര്യമാണ്. 2.6.2003-ൽ അദ്ദേഹം എനിക്ക് ഒരു എഴുത്ത് നൽകി. എഴുത്ത് വായിച്ചു കേട്ടാൽ വലിയ സങ്കടം തോന്നും. എന്റെ അമ്മ ഈയടുത്ത കാലത്താണ് നിര്യാതയായത്. വിദ്യാർത്ഥികളായ രണ്ടു കുട്ടികളുടെ കാര്യം നോക്കുന്നതിന് രോഗിയായ ഞാൻ മാത്രമേയുള്ളൂ. കോടിയേരിയുടെ ലറ്റർപാഡിൽ അവർക്ക് ഒരു സ്ഥലംമാറ്റം കൊടുക്കണമെന്നു പറഞ്ഞു. ഞാൻ അതിന്റെ സൈഡിൽ D.C. Idukki may consider on compassionate ground. ഞാൻ ചെയ്തത് തെറ്റാണോ? എന്റെ ആഫീസിൽ എന്ത് ചെയ്തു? അഴിമതി ആണോ? ബഹുമാനപ്പെട്ട ടി.കെ. ബാലൻ എന്റെ വലിയ സുഹൃത്താണ്. അദ്ദേഹം ഇടുക്കിയിലെ ഒരു റവന്യൂ ഇൻസ്പെക്ടറുടെ ട്രാൻസ്ഫറിന്റെ കാര്യം പറഞ്ഞു. റവന്യൂ ഇൻസ്പെക്ടറുടെ ഭാര്യ ബസ് അപകടത്തിൽ മരിച്ചു. അയാൾക്ക് കണ്ണൂരിലേയ്ക്ക് ഒരു ട്രാൻസ്ഫർ വേണം. ഞാൻ ഹൃദയാലുവാണ്. കമ്പാഷണേറ്റ് ഗ്രൗണ്ടിൽ കൊടുക്കാൻ ഞാൻ അതിൽ ഓർഡർ ഇട്ടു. നിങ്ങൾക്ക് മാത്രമല്ലല്ലോ കമ്പാഷൻ. കമ്പാഷണേറ്റായിട്ടുള്ള പല കാര്യങ്ങളും വരും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ട്രാൻസ്ഫർ ഇതുവരെ കിട്ടിയിട്ടില്ല.

<u>ശ്രീ. കെ. എം. മാണി</u> : സർ, എന്റെ ഓഫീസിൽനിന്ന് ഓർഡർ ഇട്ടിട്ടുണ്ട്. കമ്പാഷണേറ്റായിട്ടുള്ള ട്രാൻസ്ഫറും നോംസിനകത്ത് വരുന്നതാണ്. അങ്ങനെയുള്ള ഗ്രൗണ്ടിലെങ്ങാനും ഉദ്യോഗസ്ഥൻമാർ മൂന്നോ നാലോ കേസ് ചെയ്താൽ, എന്റെ ഓഫീസിൽനിന്ന് എന്തെങ്കിലും ഒരു കടലാസോ എൻഡോഴ്സ്മെന്റോ കൊടുത്താൽ ട്രാൻസ്ഫർ! നോംസിന് വിപരീതമായി അഴിമതി! ഇതൊക്കെ ഇവിടെ പറഞ്ഞ് ഉമ്മാക്കി കാണിച്ചിട്ട് വല്ല കാര്യവുമുണ്ടോ? പ്രത്യേകിച്ച് ഞാൻ എത്രകാലം കൊണ്ട് മന്ത്രിയായിരിക്കുന്ന ആളാണ്. അതുകൊണ്ട് അതൊന്നും കാണിക്കേണ്ട കാര്യമില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു ജോസ് കെ. മാണി ഇല്ലായിരുന്നുവെങ്കിൽ ഈ നിയമസഭയുടെ ചർച്ച എത്ര ശുഷ്കമാകുമായിരുന്നു. അയ്യോ ! ജോസ് കെ. മാണിയുടെ ഒരു യാത്ര! ഈ രാജ്യത്ത് ഏരിയാ സമ്മേളനം, താലൂക്ക് സമ്മേളനം, ജില്ലാ സമ്മേളനം, സംസ്ഥാന സമ്മേളനം, ഓ! കേരളത്തെ ചെങ്കടലാക്കി മാറ്റുന്ന ധൂർത്ത് മുഴുവൻ കാണിച്ച ഇടതുപക്ഷമാണ് ഒരു പാവപ്പെട്ട ജോസ് കെ. മാണി കാസർഗോഡ് നിന്ന് ഇങ്ങോട്ട് ഒരു യാത്ര നടത്തിയപ്പോൾ ഫണ്ട്! ഫണ്ട്! ഫണ്ട്! ഞങ്ങൾക്ക് ആരുടേയും ഒന്നും വേണ്ട. ഒരു കാര്യം വളരെ ആത്മാർത്ഥമായി പറയാം. ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പണം പിരിപ്പിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പാർട്ടിയുടെ നയമല്ല, ഗവൺമെന്റിന്റെ നയമല്ല. ഞങ്ങൾ അങ്ങനെ ചെയ്തിട്ടില്ല. അടിസ്ഥാനരഹിതമായി വാർത്തകൾ വരും. ഞങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ ആവശ്യമില്ല. ഞങ്ങളുടെ പാർട്ടി പ്രവർത്തകർക്ക് ചെറുകിട കർഷകരുടെ വീട്ടിൽ കയറി കൂപ്പണുകൾ വിറ്റ് ഇത് നടത്താൻ അറിയാം. ഞാൻതന്നെ എത്രയോ യാത്രകൾ നടത്തിയിരിക്കുന്നു. ഇത്ര ദാരിദ്ര്യമായിപ്പോയല്ലോ കാര്യങ്ങൾക്ക് ? ഒരു ജോസ് കെ. മാണിയെ പിടിക്കേണ്ട ഗതികേട് നിങ്ങൾക്ക് ഉണ്ടായല്ലോ എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ : ഇന്നത്തെ ചർച്ചയിൽ ജോസ് കെ. മാണി നിറഞ്ഞു നിന്നതിൽ you are very happy ?

ശ്രീ. കെ. എം. മാണി : I am very happy. നിങ്ങൾ ജോസ് കെ. മാണിക്ക് ഇതിൽക്കൂടുതൽ പ്രശസ്തിയുണ്ടാക്കിക്കൊടുക്കാനില്ല. റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഒഴിവു നികത്താത്തതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അബ്ദുറബ്ബ് സൂചിപ്പിക്കുകയുണ്ടായി. എന്റെ ഡിപ്പാർട്ടുമെന്റ് വളരെയധികം വിഷമിക്കുകയാണ്. 29 ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. തഹസിൽദാർമാരുടെ 37 ഒഴിവുകൾ ഉണ്ട്. എന്റെ കുഴപ്പമല്ല. ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിൽ ഡി.പി.സി. കൂടിയില്ല. ലോവറും ഹയറും ഡി.പി.സി. കൂടി ലിസ്റ്റ് തരണം. 30-ാം തീയതിക്കകം തരുമെന്നാണ് മനസ്സിലാക്കുന്നത്. ഉടനെ നികത്താം. എന്റെ ഡിപ്പാർട്ടുമെന്റിൽ എത്ര കഷ്ടമാണ്? Lower Division Clerk-664 post vacant, Lower Division Typist-43 vacant, Last Grade-166 vacant, Villagemen-404 vacant, Driver-16 vacant. ആകെ 1293 ഒഴിവുകൾ. ഇത് നമ്മുടെ കുഴപ്പമാണോ ? അല്ല. പി.എസ്.സി.യിൽനിന്ന് ലിസ്റ്റ് കിട്ടിയിട്ടില്ല. പി.എസ്.സി.യിൽ റിക്രൂട്ട്മെന്റ് വരട്ടെ. ഈ സ്റ്റാഫുകളൊന്നുമില്ലാതെ നമ്മൾ ഇത്രയൊക്കെ ചെയ്യുമ്പോൾ നിങ്ങൾ ഒന്ന് മനസ്സിലാക്കണ്ടേ? ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, നിങ്ങൾ ഏതെങ്കിലും ഒരാൾക്ക് ജോലി കൊടുത്തോയെന്ന് ചോദിക്കുകയുണ്ടായി. പോസ്റ്റ് അബോളിഷ് ചെയ്യുക മാത്രമല്ല ചെയ്തത്, ഞാൻ സർവ്വേ ഡിപ്പാർട്ടുമെന്റിൽ ആയിരത്തിൽപ്പരം ആളുകൾക്ക് നിയമനം കൊടുക്കുകയുമുണ്ടായി. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ പറ്റുമോ ? ബഹുമാനപ്പെട്ട ജോണി നെല്ലൂർ റവന്യൂ കാർഡിനെ സംബന്ധിച്ച് പറഞ്ഞു. ശ്രീ. രാജു എബ്രഹാമും അതു സംബന്ധിച്ച് പറഞ്ഞു. സി.പി.ഐ.ക്ക് റവന്യൂ കാർഡ് എന്നു കേട്ടാൽ രക്തം തിളയ്ക്കും. ഞാൻ റവന്യൂ മന്ത്രി ആയിരിക്കുമ്പോഴാണ് റവന്യൂ കാർഡ് സ്കീം കൊണ്ടുവന്നത്. അതുകഴിഞ്ഞ് ഗവൺമെന്റ് മാറി. നിങ്ങൾ വന്നു. ബഹുമാനപ്പെട്ട കെ. ഇ. ഇസ്മയിലിനോട് എനിക്ക് സ്നേഹവും ആദരവുമുണ്ട്. അദ്ദേഹം ഒരു നിയമം കൊണ്ടുവന്ന് പാസ്സാക്കി. പക്ഷേ, ഒരു അബദ്ധം കാണിച്ചു. നിങ്ങൾ പരവൂരിൽവച്ച് വലിയൊരു സമ്മേളനം നടത്തി ഉത്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട ഇ.കെ. നായനാർ പോയി റവന്യൂ കാർഡ് വിതരണം ചെയ്തു. സംഗതി നടപ്പിൽ വന്നില്ല. നടപ്പിൽ വരാത്ത നിയമത്തിനാണ് നിങ്ങൾ പരവൂരിലെ യോഗത്തിൽവച്ച് കാർഡ് ഇഷ്യൂ ചെയ്തത്. എന്താണ് നടപ്പിൽ വരാത്തത് ? ഈ ആക്ടിനകത്ത് 1-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് ഉണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത്, നിയമം ഗസറ്റിൽ നോട്ടിഫൈ ചെയ്താൽ മാത്രം പോരാ, നിയമം എന്ന് നിലവിൽ വരുമെന്ന് സെപ്പറേറ്റായിട്ട് നോട്ടിഫൈ ചെയ്യുന്ന ദിവസമേ നിലവിൽ വരൂ. ആ നോട്ടിഫിക്കേഷൻ ഇറക്കാതെ റവന്യൂ കാർഡ് നിയമത്തെ കൊല ചെയ്ത സി.പി.ഐ. ആണ് ഇപ്പോൾ റവന്യൂ കാർഡിനെക്കുറിച്ച് പറയുന്നത്. ഞാൻ സത്യസന്ധമായി പറയാം. അന്ന് റവന്യൂ കാർഡ് വിഭാവനം ചെയ്ത കാലത്തല്ല ഇന്ന് നമ്മൾ നിൽക്കുന്നത്. ഒരു കാര്യം ഞാൻ പറയാം. വില്ലേജ് ആഫീസ് വരെയുള്ള ലാൻഡ് റിക്കോർഡ്സ് മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യാൻ പോകുന്നുവെന്ന് ഗവൺമെന്റ് പറയുന്നു. ആ സാഹചര്യത്തിൽ നമുക്ക് മോഡിഫൈഡ് ഫോമിൽ റവന്യൂ കാർഡ് നടപ്പിലാക്കാം. മുഴുവൻ റിക്കാർഡും കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞാൽ പിന്നീട് ഹിരിയോഡിക്കലായിട്ട് റിവ്യൂ ചെയ്യാൻ ബുദ്ധിമുട്ടില്ല. റവന്യൂ കാർഡ് സ്കീം ഉപേക്ഷിച്ചിട്ടില്ല. മോഡിഫൈഡ് ഫോമിൽ റവന്യൂ കാർഡ് സ്കീം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് നിങ്ങളെ എല്ലാപേരേയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തഹസീൽദാർമാർ അനധികൃതമായി പണം കൈവശം വച്ചു എന്നത് ശരിയാണ്. ധനകാര്യ വകുപ്പു നൽകിയ റിപ്പോർട്ടിൻ പ്രകാരം സംസ്ഥാനത്തെ വിവിധ താലൂക്ക് ഓഫീസുകളിൽ 1,35,00,000 രൂപ തഹസീൽദാർമാർ അനധികൃതമായി കൈവശം സൂക്ഷിച്ചിരുന്നു. അതിൽ കോഴഞ്ചേരി, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിലുള്ള തഹസീൽദാർമാരെ സസ്പെന്റ് ചെയ്തു. ഇനി 19 പേരുടെ പേരിൽ ശിക്ഷണ നടപടി വരികയാണ്. അത് ടെക്നിക്കൽ ആണ്. പക്ഷേ, അവർ അത് അങ്ങനെ കൈവശം വയ്ക്കാൻ പാടില്ലായിരുന്നു. വാഗമണ്ണിനെപ്പറ്റി ശ്രീ. പി.സി. ജോർജ് ഇവിടെ പറഞ്ഞു. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ 77 ഹെക്ടർ സ്ഥലമുണ്ട്. ഒരു കുര്യന്റെ കൈയ്യിലുണ്ടായിരുന്ന ഏഴ് ഏക്കർ ഭൂമി, 19 പേരുടെ കയ്യിൽ വേറെ കുറേ ഭൂമി ഉണ്ടായിരുന്നു. അത് റവന്യൂ ഡിപ്പാർട്ടുമെന്റ് ഒഴിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത ഒഴിപ്പിക്കൽ നടപടി 15-7-1999-ൽ ഇടതുപക്ഷ ഗവൺമെന്റ് സ്റ്റേ ചെയ്തു. എന്നിട്ട് ഈ യു.ഡി.എഫ്. ഗവൺമെന്റ് തിരിച്ചു വന്നതിനുശേഷം 3.8.2002-ൽ ആ സ്റ്റേ വെക്കേറ്റ് ചെയ്തു. ഈ കഴിഞ്ഞ ആഗസ്റ്റ് 7, 8, 9, 10 തീയതികളിൽ അവിടെയുള്ള ഭൂരിപക്ഷം ആളുകളേയും ഒഴിപ്പിച്ചു. അതിൽ കുര്യൻ എന്നു പറയുന്ന ആൾ കോടതിയിൽ നിന്നും അതിന് സ്റ്റേ വാങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഉണ്ടായിരുന്ന സ്റ്റേ യു.ഡി.എഫ്. ഗവൺമെന്റ് വെക്കേറ്റ് ചെയ്തു. പ്രതിപക്ഷത്തിലെ ശ്രീ. വി.എസ് അച്ചുതാനന്ദൻ മുതൽ ശ്രീ. പി. സി ജോർജ് വരെ ചോദിക്കുന്നത് ടാറ്റ എന്തു ചെയ്തു എന്നാണ്. എന്തു ചെയ്തു എന്ന് ചോദിച്ചതിന് പറയാം. അതിന്റെ ഹിസ്റ്ററി മുഴുവൻ പറയാൻ സമയമില്ലാത്തതു കൊണ്ട് ഞാൻ ഒരു കാര്യം മാത്രം പറയാം. ടാറ്റായ്ക്ക് കുറേ ഭൂമി നിയമത്തിന്റെ അടിസ്ഥാനത്തിൽ വിട്ടു കൊടുത്തു. പ്ലാന്റേഷൻ നിയമത്തിൽ ആക്സിലറിയായിട്ടും കുറേ ഭൂമി നിയമത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്തു. അങ്ങനെ വിട്ടു കൊടുത്ത ഭൂമി അവർ മറ്റുള്ളവർക്ക് വിൽക്കാൻ തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കാൻ തുടങ്ങിയപ്പോൾ കളക്ടർ അത് സ്റ്റോപ്പ് ചെയ്തു. ടാറ്റായ്ക്ക് അങ്ങനെ കൊടുക്കാൻ പാടില്ല എന്ന് റവന്യൂ ഡിപ്പാർട്ടുമെന്റാണ് പറഞ്ഞത്. ഉടനെ ടാറ്റാ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി പറഞ്ഞു alienation തടയാൻ വ്യവസ്ഥയില്ല എന്ന്. അപ്പോൾ കേരളാ ഗവൺമെന്റ് ഒരു പുതിയ ബില്ലിന് രൂപം കൊടുത്തിരിക്കുകയാണ്. Alienate ചെയ്യുന്നത് തടയാൻ നിയമം ഇല്ല എന്നാണ് ഹൈക്കോടതി പറഞ്ഞത്. Alienate .ചെയ്യുന്നത്. തടയാനും നിയമവിരുദ്ധമായി എടുത്തിട്ടുണ്ടെങ്കിൽ അവരുടെ ഭൂമി തിരിച്ചെടുക്കാനും അധികാരപ്പെടുത്തുന്ന ഒരു നിയമം, ഈ ബില്ലിന് രൂപം കൊടുത്തുകൊണ്ട് ഞങ്ങൾ കേന്ദ്ര ഗവൺമെൻറിന്റെ concurrence-നുവേണ്ടി വിട്ടിരിക്കുകയാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇങ്ങോട്ട് ഒരു കാറി ചോദിച്ചിരിക്കുകയാണ്. ടാറ്റാ ടീയുടെ കയ്യിൽ വിട്ടുകൊടുത്ത ഭൂമിയുടെ കുറേ ഭാഗം വനഭൂമിയാണെന്ന് വനം വകുപ്പ് കോടതിയെ അറിയിച്ചിട്ടുണ്ടെന്നാണ് ഗവൺമെൻറ് ഓഫ് ഇൻഡ്യ പറയുന്നത്. ആ ഭൂമിയാണോ ഐഡൻറിക്കൽ ഭൂമിയാണോ ഇത് എന്നുള്ളതിന് മറുപടി കൊടുക്കണമെന്ന് ഇപ്പോൾ പറഞ്ഞിരിക്കുകയാണ്. അതിന് മറുപടി ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്നുണ്ട്. അതുകൊണ്ട് വളരെ ദീർഘവീക്ഷണത്തോടുകൂടി ടാറ്റായെ പോലും നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള നിയമനിർമ്മാണവുമായി നിൽക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിനെ കല്ലെറിയരുത്. റവന്യൂ ഡിപ്പാർട്ടുമെന്റ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമായ നടപടികൾ റവന്യൂ ഡിപ്പാർട്ടുമെന്റ് എടുക്കുന്നുണ്ട്. ഇത് തീർച്ചയായിട്ടും നമുക്ക് എല്ലാവർക്കുംകൂടി ഒരുമിച്ചിരുന്ന് പാസ്സാക്കാവുന്നതാണ്. എനിക്ക് തോന്നുന്നത്, Unanimous ആയിട്ട് പാസ്സാക്കാവുന്ന കാര്യമാണെന്നാണ്. അതിനകത്ത് എതിർപ്പിന്റെയൊന്നും ആവശ്യമില്ല. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഈ ഡിമാൻറിനെ ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് പ്രതിപക്ഷത്തുനിന്നും വന്നിരിക്കുന്ന വിലപ്പെട്ട നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിച്ച് സ്വീകരിക്കാവുന്നവ സ്വീകരിക്കുന്നതാണ് എന്ന് ഉറപ്പു നൽകിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI

ഭൂനികുതി

മി. സ്പീക്കർ : സർവ്വശ്രീ. കെ. പി. മോഹനൻ, കെ.പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, കെ. രാധാകൃഷ്ണൻ, കോടിയേരി ബാലകൃഷ്ണൻ, രാജു എബ്രഹാം, എ.കെ. ബാലൻ, വി.കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, കെ.കെ. ജയചന്ദ്രൻ, പി. ജയരാജൻ, എം.വി. ജയരാജൻ, വി. കെ. സി. മമ്മത്കോയ, മത്തായി ചാക്കോ, കോവൂർ കുഞ്ഞുമോൻ, വി. സി കബീർ, ഡോ.എ. നീലലോഹിതദാസൻ നാടാർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly